അധികാരം ജനങ്ങളിലേയ്ക്ക്



9-ാം പദ്ധതി ജനകീയ പദ്ധതി

പെരിങ്ങര ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ - '96

27-5

പെരിങ്ങര ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസന രേഖ - '96

**അധികാരം ജനങ്ങളിലേയ്ക്ക്**

൯-ാം പദ്ധതി ജനകീയ പദ്ധതി



“സ്വാതന്ത്ര്യം തീർച്ചയായും സമൂഹത്തിന്റെ അടിത്തട്ടിൽ നിന്നാണ് ഉരുത്തിരിയേണ്ടത്. അങ്ങനെ വരുമ്പോൾ ഓരോ ഗ്രാമവും പൂർണ്ണ അധികാരങ്ങളുള്ള ഒരു റിപ്പബ്ലിക്ക് അഥവാ ഒരു പഞ്ചായത്ത് ആയിരിക്കും. ഓരോ പഞ്ചായത്തും സ്വയം പര്യാപ്തമാകേണ്ടതും സ്വന്തം കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി ആർജ്ജിക്കേണ്ടതുമാണ്. ലോകം മുഴുവൻ എതിർത്താലും അതിനെ പ്രതിരോധിക്കാൻ പഞ്ചായത്തുകൾക്ക് അവകാശമുണ്ടായിരിക്കും”.

ഗാന്ധിജി



**മിനിമോൾ ജോസ്**
പ്രസിഡൻറ്



**സി. രവീന്ദ്രനാഥ്**
വൈസ് പ്രസിഡൻറ്



**എം. വി. ശാന്തമ്മ**
സെക്രട്ടറി



**സാം ഈപ്പൻ**
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ



**വറുഗീസ് എം. ഫിലിപ്പോസ്**



**ജോസഫ് ജോൺ**



**സുമാ മോഹൻ**



**സരസമ്മ മാധവൻ**



**എലിസബത്ത് മാമ്മൻ**



**മറിയാമ്മ റജി**



**ലീലാമ്മ മാത്യു**

# പഴയ സാരഥികൾ



പി.എൻ. നമ്പൂതിരി



വി.പി.പി. നമ്പൂതിരി



സി.എസ്. ജോൺ



കെ.കെ. കുഞ്ഞുകൃഷ്ണൻ



അഡ്വ. മാമ്മൻ മത്തായി എം.എൽ.എ.


പെരിങ്ങര
പത്തനംതിട്ട

## ഉള്ളടക്കം


1. ആമുഖം
2. കൃഷിയും ജലസേചനവും
3. മൃഗ സംരക്ഷണവും
   ക്ഷീരവികസനവും
   മത്സ്യ ബന്ധനവും
4. വിദ്യാഭ്യാസം
5. കുടിവെള്ളവും പൊതുജനാരോഗ്യവും
6. വ്യവസായം
7. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
8. പാർപ്പിടവും സാമൂഹ്യക്ഷേമവും
9. സംസ്കാരം
10. വനിതാ ക്ഷേമം
11. സഹകരണം
12. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം
13. വിഭവ സമാഹരണം

# ആമുഖം



സ്വതന്ത്ര്യാനന്തരം 1950 ൽ പ്ലാനിംഗ് കമ്മീഷന്റെ രൂപീകരണത്തോടെ ഭാരതത്തിൽ ആസൂത്രണ പ്രക്രിയയ്ക്ക് നാന്ദി കുറിയ്ക്കപ്പെട്ടുവെങ്കിലും ജനപങ്കാളിത്തത്തിന്റെ അഭാവവും അടിസ്ഥാന വർഗ്ഗത്തോടുള്ള അലംഭാവവും മൂലം നമ്മോടൊപ്പം സ്വതന്ത്രമായ മറ്റു പല കൊളോണിയൽ രാഷ്ട്രങ്ങളും കൈവരിച്ച ശീഘ്രഗതിയിലുള്ള പുരോഗതി നമ്മുടെ രാജ്യത്തുണ്ടായില്ല. അധികാരത്തിന്റെ അമിത കേന്ദ്രീകരണവും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും അഴിമതിയും ധൂർത്തും വികസനത്തിലേയ്ക്കുള്ള ഭാരത്തിന്റെ കുതിച്ചു ചാട്ടത്തിന് വിലങ്ങുതടികളായി മാറി.

ബ്രിട്ടീഷ് സാമ്രാജ്യത്വം അടിച്ചേൽപ്പിച്ച ചിതലരിച്ചതും കാലഹരണപ്പെട്ടതുമായ ഭരണയന്ത്രവും ബ്യൂറോക്രസിയുടെ സന്തതിയായ ചുവപ്പുനാടയും കൂടി മുരടിപ്പിച്ച വികസന പദ്ധതികൾക്ക് പുതുജീവൻ നൽകുക എന്ന ലക്ഷ്യത്തോടെയാണ് 73, 74 ഭരണഘടനാ ഭേദഗതികളിലൂടെ ഗാന്ധിയൻ പ്രത്യയശാസ്ത്രത്തിന്റെ നെടും തൂണായ പഞ്ചായത്തീ രാജിലേയ്ക്ക് മടങ്ങിപ്പോകാൻ നാം തയ്യാറായത്. നാളിതുവരെ ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങളിൽ മാത്രം ഒതുങ്ങിക്കിടന്നിരുന്ന പഞ്ചായത്തീ രാജ് സംവിധാനം 73, 74 ഭരണ ഘടനാ ഭേദഗതിയിലൂടെ അനുപേക്ഷണീയമായ ജനാധിപത്യ ബാധ്യതയായി മാറ്റപ്പെട്ടു. സ്വയം പര്യാപ്തതയിലും സ്വാശ്രയത്വത്തിലും അധിഷ്ഠിതമായ ഗ്രാമസ്വരാജ് എന്ന ഗാന്ധിജിയുടെ സ്വപ്നമാണ് ഈ ഭരണ ഘടനാ ഭേദഗതിയിലൂടെ യാഥാർത്ഥ്യമാകുന്നത്. ഇതപര്യന്തം നാം സ്വീകരിച്ചുപോന്ന ആസൂത്രണ തന്ത്രം ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നു എന്ന് ഗാന്ധിജി വിശേഷിപ്പിച്ച ലക്ഷക്കണക്കായ ഇന്ത്യൻ ഗ്രാമങ്ങളുടെ സ്വയം പര്യാപ്തതയ്ക്കോ ദരിദ്ര ജനവിഭാഗങ്ങളുടെ പുരോഗതിക്കോ ഉതകിയില്ല.

ഈ പശ്ചാത്തലത്തിലാണ് കേരള സർക്കാർ ആവിഷ്കരിച്ച വികേന്ദ്രീകൃത ജനകീയാസൂത്രണ പരിപാടിയുടെയും ''ഒമ്പതാം പദ്ധതി ജനകീയ പദ്ധതി'' എന്ന മുദ്രാവാക്യത്തിൻെറയും പ്രസക്തി യേറുന്നത്. ഓരോ പ്രദേശത്തിൻെറയും വികനസ സാധ്യതകൾ ജനങ്ങളുടെ പ്രാദേശിക ആവശ്യങ്ങൾ, വിഭവ ലഭ്യത എന്നിവയടിസ്ഥാനമാക്കിയുള്ള യുക്തിബോധത്തോടുകൂടിയ വികസന തന്ത്രമാണ് ജനകീയാസൂത്രണ പദ്ധതി ലക്ഷ്യമിടുന്നത്.

തൃണ മൂലതലത്തിലേയ്ക്കുള്ള അധികാര വികേന്ദ്രീകരണത്തിൻെറയും തജ്ജന്യമായ ജനപങ്കാളിത്തത്തോടെയുള്ള പുത്തൻ വികസനശൈലിയുടെയും അനിവാര്യമായ മുന്നൊരുക്കമാണ് ജനകീയാസൂത്രണത്തിലൂടെ സാധിതപ്രാപ്തമാകുന്നത്. പഞ്ചായത്തീരാജ് സംവിധാനം പൂർണ്ണമായും പ്രാവർത്തിക മാക്കുന്നതോടെ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിലെ ജനങ്ങളുടെ ജനാധിപത്യ ജീവിതക്രമംതന്നെ ഗതിമാറ്റത്തിനുവിധേയമാകുന്നു. നിലവിലുള്ള പാർലമെൻറ് നിയമ സഭാ സമാജികൾക്കു പുറമെ അടിസ്ഥാന തലത്തിൽ നിന്നും 30 ലക്ഷത്തിലേറെ പുതിയ ജനപ്രതിനിധികൾ അധികാര വിനിമയ പ്രക്രിയയിൽ പങ്കാളികളാകുന്നു. അധികാര കേന്ദ്രങ്ങളുടെ പിന്നാമ്പുറങ്ങളിൽ നിർത്തപ്പെട്ടിരുന്ന സ്ത്രീകൾക്ക് 30% വും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ജനസംഖ്യാനുപാതികവുമായ പ്രാതിനിധ്യവും ലഭിച്ചതുവഴി ജനാധിപത്യക്രമത്തിൽ ഗുണപരമായ പല പരിണാമങ്ങളും സംഭവിക്കുന്നു. ഭാരതത്തിൽ നിലവിലിരിക്കുന്ന പ്രാതിനിധ്യ ജനാധിപത്യ ശൈലി, ഭാഗഭാക്കിത്വ ജനാധിപത്യ ശൈലിയായി പരിണമിക്കുന്നു. ഈ പരിണാമത്തിൽ മർമ്മപ്രധാനമായ പങ്കുവഹിക്കുന്നവരാണ് പഞ്ചായത്തീരാജ് സംവിധാനത്തിലേയ്ക്ക് തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾ. പ്രശസ്ത സാമൂഹ്യ പ്രവർത്തകനായ സൊണാൽ ശ്രീവാസ്തവയുടെ വാക്കുകളിൽ പറഞ്ഞാൽ ഈ ജനപ്രതിനിധികളുടെ ഏറ്റവും വലിയ ശക്തി ഗ്രാമീണ ജനതയുടെ ഹൃദയത്തുടിപ്പുകൾ അവർക്ക് ഉൾക്കൊള്ളാൻ കഴിയുന്നു വെന്നുള്ളതാണ്. വൻ നഗരങ്ങളിലെ അംബരചുംബികളായ ദന്തഗോപുരങ്ങളിൽ പരിലസിക്കുന്ന ഭരണാധികാരികൾക്ക് അടിസ്ഥാനവർഗ്ഗത്തിൻെറ സംവേദനങ്ങളെ ഉൾക്കൊള്ളാനോ അവരുടെ ആശയാഭിലാഷങ്ങളെ സഫലീകരിക്കാനോ കഴിയുന്നില്ല. ജന പങ്കാളിത്തോടെയുള്ള ആസൂത്രണ വികസന പ്രക്രിയ മാത്രമാണ് ഇതിനൊരു പ്രതിവിധി.

പെരിങ്ങര ഗ്രാമ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് ആവേശകരമായ പിന്തുണയാണ് എല്ലാ ഭാഗത്തുനിന്നും ലഭിച്ചുവരുന്നത്. ആ സൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി വിളിച്ചുചേർക്കപ്പെട്ട വിശേഷാൽ ഗ്രാമസഭകൾ അഭൂതപൂർവ്വമായ ജനകീയ കൂട്ടായ്മയുടെ വേദികളായി മാറി. ഒക്ടോബർ 13 മുതൽ 19 വരെ വിവിധ വാർഡുകളിൽ നടന്ന ഗ്രാമസഭകളിൽ 12 വിഷയങ്ങളിലായി 2500 ഓളം പേർ ചർച്ചകളിൽ പങ്കുകൊണ്ടു. ഗ്രാമസഭകളിൽ പൊന്തിവന്ന വിലപ്പെട്ട അറിവുകളും അനുഭവങ്ങളും പ്രശ്നപരിഹാരനിർദ്ദേശങ്ങളും ക്രോഡീകരിച്ച് അതോടൊപ്പം വിവിധ മേഖലകളിൽ നിന്ന് ശേഖരിച്ച ദ്വിതീയ വിവരങ്ങളും വിഭവ ഭൂപടത്തിൽ നിന്നും സ്വാംശീകരിച്ച വസ്തുതകളും ഉൾപ്പെടുത്തിയ വികസന റിപ്പോർട്ടാണിത്. പുരോഗമനാശയങ്ങളുടെ എക്കാലത്തെയും ഈറ്റില്ലമായ കേരളത്തിൽ നടപ്പാക്കുന്ന ജനകീയാസൂത്രണ പദ്ധതി വർത്തമാനകാലവികസന പ്രതിസന്ധിക്ക് പരിഹാരമാകുമെന്ന പ്രതീക്ഷയോടെ ഈ റിപ്പോർട്ട് നിങ്ങളുടെ സമക്ഷം സമർപ്പിക്കുന്നു.

## പെരിങ്ങര പഞ്ചായത്ത്: പൊതുവിവരങ്ങൾ

1. പഞ്ചായത്തിൻെറ പേര്: പെരിങ്ങര

2. ഉൾപ്പെടുന്ന വില്ലേജുകൾ: പെരിങ്ങര, കാവുംഭാഗം

3. ബ്ലോക്ക് പഞ്ചായത്തിൻെറ പേര്:പുളിക്കീഴ്

4. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ: പുളിക്കീഴ്, നെടുമ്പ്രം

5. താലൂക്ക്: തിരുവല്ല

6. ജില്ല: പത്തനംതിട്ട

7. അസംബ്ലി മണ്ഡലം: തിരുവല്ല

8. പാർലമെൻറ് മണ്ഡലം: മാവേലിക്കര

9. അതിരുകൾ:

   കിഴക്ക്: തിരുവല്ല മുൻസിപ്പാലിറ്റി

   പടിഞ്ഞാറ്: മുട്ടാർ വില്ലേജ്

   തെക്ക്: നെടുമ്പ്രം വില്ലേജ്

   വടക്ക്: പായിപ്പാട് പഞ്ചായത്ത്

10. വിസ്തീർണ്ണം: 16.5 ച:കി.മീ.

11. വാർഡുകളുടെ എണ്ണം: 10

12. പ്രസിഡൻറ്: **മിനിമോൾ ജോസ്**

13. വൈസ് പ്രസിഡൻറ്: **സി. രവീന്ദ്ര നാഥ്**

14. സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ: **സാം ഈപ്പൻ**

## സ്ഥിതിവിവരക്കണക്ക്

1. ജനസംഖ്യ: 23138

2. പുരുഷൻ: 11519

3. സ്ത്രീ: 11619

4. പട്ടികജാതി: 2167

5. പട്ടികവർഗ്ഗം: 5

6. സാക്ഷരത: 96 %

## ഭരണപരമായ ചരിത്രം

1945-50 കാലഘട്ടങ്ങളിൽ സാമൂഹ്യ സംഘടനകളോ സാംസ്കാരിക സംഘങ്ങളോ പെരിങ്ങരയിൽ പ്രവർത്തിച്ചിരുന്നില്ല എന്നാണ് പഴമക്കാരിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. അന്ന് നാട്ടുകാരായ ചിലർ സമുദായത്തിൻെറ പേരിൽ ചില സമുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത് ഒരു പൊതു സ്വഭാവമില്ലാത്തതും ഏകാധിപത്യപരവുമായിരുന്നു. അക്കാലത്ത് ശ്രീ. പി.എൻ. നമ്പൂതിരി, രാമൻകുട്ടി വൈദ്യർ, രാഘവൻ പിള്ള, റവ. സഖറിയ, തുടങ്ങിയ സാമൂഹ്യ സ്നേഹികളായ പ്രഗത്ഭമതികളുടെ നേതൃത്വത്തിൽ വില്ലേജ്യൂണിയൻ രൂപീകരിക്കുന്നതിനുള്ള ആശയം ഉടലെടുത്തു. പെരിങ്ങര, കാരയ്ക്കൽ, നെടുമ്പ്രം, കാവുംഭാഗം, നടുവിലേമുറി, കുഴിവേലിപ്പുറം എന്നീ റവന്യൂ വിഭാഗങ്ങളെ സംയോജിപ്പിച്ചുകൊണ്ട് 1948 ൽ വില്ലേജ് യൂണിയൻ നിലവിൽ വന്നു. വില്ലേജ് യൂണിയനുകളുടെ അക്കാലത്തെ ആകെ സർക്കാർ വിഹിത വരുമാനം പുരയിട നികുതിയുടെ പത്തു ശതമാനം നിരക്കിൽ വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിച്ചിരുന്ന തുകയാണ്. പൊതുജനങ്ങളും അധികാരികളും വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിച്ചിരുന്ന ഒരു കാലഘട്ടമാ

യിരുന്നു അത്. പൊതുമരാമത്ത്, ആരോഗ്യം, റവന്യൂ, വിദ്യുത്ച്ഛക്തി എന്നീ വകുപ്പുകളുടെ സേവനം അന്ന് ലഭ്യമായിരുന്നു. പ്രധാനമായും രണ്ട് റോഡുകൾ ആണ് അന്ന് പെരിങ്ങരയിൽ ഉണ്ടായിരുന്നത്. കാഞ്ഞിരത്തുപടി- ചാത്തങ്കേരി റോഡും മൂവിടത്തുപടി-മേപ്രാൽ റോഡും. അക്കാലത്ത് റോഡുകളുടെയും പുഴകളുടെയും സമീപപ്രദേശത്തെ കാടുകൾ വെട്ടിത്തെളിച്ചും വഴിവിളക്കുകൾ സ്ഥാപിച്ചും വികസന പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചു. ഈ പ്രവർത്തനങ്ങളുടെ മുൻനിരയിൽ നിന്നിരുന്നത് ശ്രീ. പി.എൻ. നമ്പൂതിരി അവർകൾ ആയിരുന്നു.

1953-ൽ ജനസംഖ്യ, ആദായം, ഭൂവിസ്തൃതി എന്നിവ മാനദണ്ഡമാക്കി പെരിങ്ങര പഞ്ചായത്ത് രൂപീകരിച്ചു. വളരെയേറെ വിവാദങ്ങളെയും പ്രതികൂല സാഹചര്യങ്ങളെയും അതിജീവിച്ച് ശ്രീ. പി.എൻ. നമ്പൂതിരി ദാനമായി നൽകിയ പത്ത് സെൻറ് സ്ഥലത്ത് പെരിങ്ങര പഞ്ചായത്ത് ഓഫീസ് രൂപം കൊണ്ടു. താൽക്കാലിക കെട്ടിടത്തിൽ അന്നു മുതൽ നാളിതുവരെ സമഗ്രമായ രീതിയിൽ ഭരണം നടന്നു വരുന്നു. സർവ്വ ശ്രീ. പി.എൻ. നമ്പൂതിരി, തോമസ് ജോസഫ്, പി.ജി. പുരുഷോത്തമപ്പണിക്കർ, കെ. ആർ. രാമൻ നായർ, എം.പി. രാഘവൻ നായർ, ഐപ്പ് പുന്നൂസ്, തോമസ് കോശി, ശങ്കരൻ കങ്കാളി, കോശി മാത്യു എന്നിവരായിരുന്നു ആദ്യത്തെ പഞ്ചായത്തു കമ്മിറ്റി അംഗങ്ങൾ.

തുരവല്ല താലൂക്കിൽ പെരിങ്ങര കാവുംഭാഗം വില്ലേജ് ഭാഗങ്ങൾ സംയോജിപ്പിച്ച് ഇന്നത്തെ പെരിങ്ങര ഗ്രാമ പഞ്ചായത്ത് പത്ത് വാർഡുകളിലായി തിരിച്ചിരിക്കുന്നു തിരുവല്ല ടൗണിൽ നിന്ന് ഏകദേശം അഞ്ചുകിലോമീറ്റർ പടിഞ്ഞാറു മാറിയാണ് ഈ പ്രദേശം സ്ഥിതിചെയ്യുന്നത്. ഈ പഞ്ചായത്തിൻെറ കിഴക്കുഭാഗം തിരുവല്ല മുനിസിപ്പൽ അതിർത്തിയും പടിഞ്ഞാറ് മുട്ടാർ വില്ലേജും തെക്ക് നെടുമ്പ്രം വില്ലേജും വടക്ക് പായിപ്പാട് പഞ്ചായത്തും ആകുന്നു.

ഈ പഞ്ചായത്തിൽ വികസനപ്രവർത്തനങ്ങളിൽ വമ്പിച്ച മുന്നേറ്റം ഉണ്ടായിരിക്കുന്നു. ഗതാഗത സൗകര്യം മുൻകാലങ്ങളെ അപേക്ഷിച്ച് കാര്യമായി പുരോഗമിച്ചു. രണ്ടോ മൂന്നോ റോഡുകൾ മാത്രമായിരുന്നു ആദ്യ കാലഘട്ടങ്ങളിൽ ഇവിടെയുണ്ടായിരുന്നത്. കടത്തുവള്ളങ്ങളെ ആശ്രയിച്ചായിരുന്നു ഭൂരിഭാഗം പ്രദേശങ്ങളിലും ഗതാഗതം നടന്നു വന്നത്. എന്നാൽ ഇന്ന് വാർഡ് ഒന്നിന് 23 മുതൽ 26 വരെ വഴികളും ഉപവഴികളും ഉണ്ടായിരിക്കുന്നു. തെരുവുവിളക്കുകളുടെയും കുടിവെള്ളത്തിൻെറയും പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസം, വ്യവസായം എന്നീ മേഖലകളിലും കാര്യമായ പുരോഗതിയുണ്ടായിട്ടുണ്ട്. എന്നാൽ കാർഷികരംഗത്ത് ഉൽപ്പാദനം വർദ്ധിച്ചിട്ടില്ല. നെൽകൃഷി ഒരു 'പൂ' കൃഷിയിൽ മാത്രമായി ഒതുങ്ങിനിൽക്കുന്നു. കൂടുതൽ വികസന സൗകര്യങ്ങൾ പുതിയ പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഇക്കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽക്കൂടി പുതിയ കമ്മറ്റി രൂപീകരിക്കപ്പെട്ടു. ശ്രീമതി. മിനിമോൾ ജോസ് പ്രസിഡൻറും ശ്രീ. രവീന്ദ്രനാഥ് വൈസ് പ്രസിഡൻറും ശ്രീ. സാം ഈപ്പൻ സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാനും ശ്രീമതി ലീലാമ്മ മാത്യു, ശ്രീമതി മറിയാമ്മ റജി, സുമ മോഹൻ, സരസമ്മ മാധവൻ, എലിസബത്ത് മാമൻ, ശ്രീ. വർഗീസ് ഫിലിപ്പോസ്, ശ്രീ. ജോസഫ് ജോൺ എന്നിവർ മെമ്പർമാരുമായ കമ്മറ്റിയാണ് ഭരണം നടത്തുന്നത്. കഴിഞ്ഞ ഒരു വർഷക്കാലത്തെ ഭരണ കാലത്ത്, പുതിയ

പഞ്ചായത്തീരാജ് സംവിധാനങ്ങളുടെ വെളിച്ചത്തിൽ വികസന പ്രവർത്തനങ്ങളെ മുന്നിൽക്കണ്ടുകൊണ്ട് ആസൂത്രണ പദ്ധതികൾ ജനകീയ സഹകരണത്തോടെ തയ്യാറാക്കിക്കഴിഞ്ഞു. സമഗ്രവും സ്ഥായിയുമായ വികസനം കാഴ്ചവയ്ക്കാൻ കഴിയും എന്ന പ്രത്യാശ പുതിയ കമ്മിറ്റിക്കുണ്ട്. അതിനുള്ള ഉദ്യമങ്ങളുമായി സധൈര്യം മുന്നോട്ടുപോകുന്നു.

## ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് ഈ പഞ്ചായത്തിനെ മൂന്നായി തരംതിരിക്കാം. പഞ്ചായത്തിൻെറ കിഴക്കൻ ഭാഗങ്ങൾ ഭാഗങ്ങൾ മിക്കവാറും ഉയർന്ന സമതലമാണ്. ചെമ്മണ്ണും മണലും ചേർന്ന ഫലഭൂയിഷ്ഠമായ മണ്ണാണ് ഇവിടെയുള്ളത്. നീർവാർച്ചയുള്ള ഈ മണ്ണ് തെങ്ങ്, വാഴ, റബ്ബർ, എന്നീ വിളകൾക്ക് ഉത്തമമാണ്.

വടക്കും പടിഞ്ഞാറും ഭാഗങ്ങളിൽ വളക്കൂറുള്ള എക്കൽ മണ്ണാണ്. സമുദ്ര നിരപ്പിൽ നിന്നും താഴ്ന്ന വയൽപാടങ്ങളാണ് തെക്കൻ മേഖലയിൽ ഭൂരിഭാഗവും. ഈ ഭാഗങ്ങളിൽ കൂടുതലും തുണ്ടുഭൂമിയും താഴ്ന്ന നെൽവയലുകളും ഇടകലർന്ന ഭൂപ്രദേശം ആണ്. ഉയർന്ന ഭൂപ്രദേശങ്ങളിൽ മണലും എക്കലും ചേർന്ന മൺതരമാണ്. പൊതുവെ വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണ് എങ്കിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. കിണറുകളിൽ നിന്നുള്ള വെള്ളം വർഷകാലത്തും വേനൽക്കാലത്തും ഉപയോഗയോഗ്യമല്ല. വേനൽക്കാലത്ത് കിണറുകളിലെ വെള്ളം മാലിന്യങ്ങൾ അടിഞ്ഞുകൂടി ഉപയോഗശൂന്യമായിത്തീരുന്നു.



# കൃഷിയും ജലസേചനവും




പെരിങ്ങര പഞ്ചായത്തിൻെറ കാർഷിക ചരിത്രത്തെപ്പറ്റി ചിന്തിക്കുമ്പോൾ ഈ നൂറ്റാണ്ടിൻെറ ആരംഭദശയിലെ കാർഷിക സ്ഥിതിയെപ്പറ്റി ചില കാര്യങ്ങൾ പരാമർശിക്കുന്നത് ഉചിതമായിരിക്കും. 1920 മുതൽ 1947 വരെ ഇന്ത്യൻ ദേശീയതയുടെ സുവർണ്ണയുഗമായിരുന്നു. ഗാന്ധിജിയുടെ ആഹ്വാനം ഉൾക്കൊണ്ട് വ്യക്തികളും സംഘടനകളും പല വിധത്തിലുള്ള ഗ്രാമീണ കാർഷിക പുനരുദ്ധാരണ പദ്ധതികളും ഏറ്റെടുത്ത് നടത്തിയിരുന്നു. ഈ കാലഘട്ടത്തിലും ജൻമി-കുടിയാൻ സമ്പ്രദായവും പാട്ടവ്യവസ്ഥയും ദുർബ്ബലമായ രീതിയിലാണെങ്കിൽപ്പോലും നിലനിന്നിരുന്നു.

ഭൂപ്രകൃതിയും കാലാവസ്ഥയിലും ഒട്ടേറെ പ്രത്യേകതകളും വൈരുദ്ധ്യങ്ങളും ഈ പ്രദേശത്ത് ദൃശ്യമാണ്. സമുദ്രനിരപ്പിൽ നിന്ന് താഴെ വെള്ളക്കെട്ടുകൾ നിറഞ്ഞ കുട്ടനാട്ടിൽ ഉൾപ്പെട്ട നമ്മുടെ പഞ്ചായത്ത് 1956 വരെ തിരുവിതാംകൂറിൻെറ ഭാഗമായിരുന്നു. വെള്ളപ്പൊക്കക്കെടുതികൾ അതിരൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശമാണിത്. ആദ്യകാലഘട്ടങ്ങളിലെ പ്രധാന കൃഷികൾ നെല്ല്, പഞ്ഞിപ്പുല്ല്, എള്ള്, മരച്ചീനി, വാഴ, കരിമ്പ്, മധുരക്കിഴങ്ങ് തുടങ്ങിയവയായിരുന്നു. എങ്കിലും നെൽകൃഷിക്കായിരുന്നു പ്രമുഖസ്ഥാനം. ജൈവവളത്തെ മാത്രം ആശ്രയിച്ചായിരുന്നു കൃഷി നടത്തിയിരുന്നത്. ആ കാലഘട്ടങ്ങളിൽ ഉൽപ്പാദനക്ഷമത കൂടിയ കൃഷിഇനങ്ങളും രാസവളവും പ്രചാരത്തിലില്ലായിരുന്നു.

കേരള സംസ്ഥാന രൂപീകരണത്തെത്തുടർന്ന് ഭൂപരിഷ്കരണം നടപ്പാക്കാൻ തുടങ്ങിയശേഷമാണ് കാർഷിക മേഖലയിൽ പ്രകടമായ ദിശമാറ്റം കണ്ടുതുടങ്ങിയത്. വികസനബ്ലോക്കുകളുടെ ആവിർഭാവം കാർഷിക മേഖലയിൽ ഗണ്യമായ മാറ്റങ്ങൾക്ക് ഉത്തേജനം നൽകി. കൃഷിവകുപ്പ് പ്രത്യേകം രൂപീക

രിക്കപ്പെടുകയും തീവ്രനെൽകൃഷി വികസനത്തിനായി ഐ.പി.ഡി. യൂണിറ്റുകൾ പ്രാദേശികാടിസ്ഥാനത്തിൽ തീവ്രനെൽകൃഷിവികസനം ലക്ഷ്യമാക്കി ആരംഭിക്കുകയും ചെയ്തതോടുകൂടി പുതിയ പല നെൽവിത്തിനങ്ങളും കണ്ടുപിടിക്കപ്പെടുകയും ഉൽപ്പാദനക്ഷമതയിൽ കാര്യമായ പുരോഗതി ഉണ്ടാവുകയും ചെയ്തു. അതോടൊപ്പം കാർഷിക വിളകളിലും ചില മാറ്റങ്ങൾ ദൃശ്യമായിത്തുടങ്ങി. അതുവരെയുണ്ടായിരുന്ന പഞ്ഞിപ്പുല്ല്, കരിമ്പ്, കൂവ, ചാമ, മധുരക്കിഴങ്ങ് തുടങ്ങിയ വിളകൾ ക്രമേണ അപ്രത്യക്ഷമാവുകയും ഉൽപ്പാദനക്ഷമത കൂടിയതും കൂടുതൽ ആദായം നൽകുന്നതുമായ വിളകൾ ആവിർഭവിക്കുകയും ചെയ്തു.

ഭൂരിഭാഗം കർഷകരും ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമി കൈവശമുള്ള ചെറുകിട കർഷകരാണ്. കാലാവസ്ഥയെ ആശ്രയിച്ചുള്ള കൃഷിരീതിയാണ് മുൻകാലങ്ങളിലും ഇപ്പോഴും തുടർന്നു പോരുന്നത്. ചക്രം ചവിട്ടി വെള്ളം കയറ്റിയും തേക്കുട്ട ഉപയോഗിച്ച് വെള്ളം വറ്റിച്ചുമാണ് നെൽ കൃഷി നടത്തിയിരുന്നത്. ആകെ ഭൂമിയുടെ 60 % വും നെൽ വയലുകളാണ്. പല സവിശേതകളോടും കൂടിയ വിത്തിനങ്ങളാണ് കീടബാധയെയും കാലാവസ്ഥയുടെ പ്രതികൂല സാഹചര്യങ്ങളെയും അതിജീവിക്കാൻ ഉപയോഗിച്ചിരുന്നത്. ചമ്പാവ്, ചെറുമണിയൻ, വയലിൽതൂവ,കുളപ്പാല, ചെറനെല്ല്, ചന്ദനക്കുറുക, വൈക്കത്താരൻ, കൊച്ചുവിത്ത്, അതിക്കിര, കൂടാതെ ഔഷധ ഗുണപ്രധാനമായ ഞവര തുടങ്ങിയവയാണ് എടുത്തുപറയത്തക്ക വിത്തിനങ്ങൾ. കാർഷിക വൃത്തിയിൽ മർമ്മപ്രധാനമായ ഒരു സ്ഥാനമാണ് വള്ളത്തിനുള്ളത്. പാടശേഖരങ്ങളുടെ വരമ്പുകൾ നിർമ്മിക്കുന്നതിനും നിലം ഫലഭൂയിഷ്ഠമാക്കുന്നതിന് എക്കൽ ഇറക്കുന്നതിനും, വിത്തും വളവും ഉൽപ്പന്നങ്ങളും കൊണ്ടുപോകുന്നതിനും ഭൂരിപക്ഷം കർഷകരും വള്ളങ്ങളാണ് ഉപയോഗിച്ചിരുന്നത്.

ഉൽപ്പാദനച്ചെലവ് വർദ്ധന, രാസവളത്തിന്റെയും കീടനാശിനിയുടെയും അമിത വിലവർദ്ധന, ജൈവവളങ്ങൾ പാടശേഖരങ്ങളിലെത്തിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ, തൊഴിലാളികളുടെ അഭാവം തുടങ്ങിയ കാരണങ്ങളാൽ നെൽകൃഷി ലാഭകരമല്ലാതായതിനാൽ പാടശേഖരങ്ങൾ നികത്തി മറ്റ് ആദായ കരമായ കാർഷിക വിളകളിലേയ്ക്ക് കർഷകർ മാറ്റിത്തുടങ്ങിയിരിക്കുന്നു. നെൽകൃഷിയോടൊപ്പം മറ്റു പ്രധാനകൃഷിയായിരുന്ന തെങ്ങുകൃഷിയും വേരുചീയൽ തുടങ്ങിയ രോഗങ്ങൾ മൂലം ഉൽപ്പാദനക്ഷമത കുറഞ്ഞ് പ്രതിസന്ധിയെ നേരിട്ടു കൊണ്ടിരിക്കുന്നു. വിദഗ്ദ്ധരായ കർഷകത്തൊഴിലാളികളുടെ അഭാവം, തൊഴിലാളികളുടെ വർദ്ധിച്ച കൂലിനിരക്ക്, മണ്ണിന്റെ ഫലഭൂയിഷ്ഠിക്കുറവ് തുടങ്ങിയ കാരണങ്ങളാൽ കർഷകരിലധികവും ജൈവവൈവിധ്യം നിലനിർത്തുന്ന പരമ്പരാഗത കൃഷി സമ്പ്രദായം ഉപേക്ഷിച്ചമട്ടാണ്.

**പഞ്ചായത്തിലെ ഭൂമി സംബന്ധിമായ നിലവിലുള്ള സ്ഥിതിവിവരം** (അവലംബം: കൃഷി ഭവൻ രേഖകൾ)

| ക്രമ നമ്പർ | ഇനം വിസ്തൃതി | (ഹെക്ടർ) |
|---|---|---|
| 1 | കൃഷിയോഗ്യമായ പുരയിടം | 901 |
| 2 | നിലം | 1250 |
| 3 | കൃഷിയോഗ്യമായ തരിശ് | 153 |
| 4 | കൃഷി യോഗ്യമല്ലാത്ത തരിശ് | 1.5 |

## ഇന്നത്തെ വിളച്ചേരുവകൾ

| നമ്പർ | വിളവ് | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|---|
| 1 | നെല്ല് | 1157.5 |
| 2 | പയർ, എള്ള് | 2 |
| 3 | പച്ചക്കറി | 18 |
| 4 | തെങ്ങ | 430 |
| 5 | വാഴ | 100 |
| 6 | മരച്ചീനി | 35 |
| 7 | കുരുമുളക് | 22 |
| 8 | പ്ലാവ്-മാവ് | 2 |
| 9 | കമുക് | 3 |
| 10 | കിഴങ്ങു വിളകൾ | 9 |
| (അവലംബം: കൃഷിഭവൻ രേഖകൾ) | | |



ഈ പഞ്ചായത്തിൽ 4.8 കി.മി. ഓളം നീളത്തിൽ വലിയ തോടുകളും 9 കി.മീ. ഓളം ഇടത്തരം തോടുകളും ഉണ്ട്. മറ്റ് ചെറിയ തോടുകൾ അധികവും പാടശേഖരങ്ങളിലൂടെയാണ്. ഇവ പലഭാഗത്തും സംരക്ഷിക്കപ്പെടാത്തതുകാരണം വീതി കുറഞ്ഞ് ജലത്തിൻെറ സമ്മർദ്ദം മൂലം വരമ്പിടിഞ്ഞ് നെൽകൃഷിക്ക് നാശം സംഭവിക്കുന്നു. അനേകം കുളങ്ങൾ ഉണ്ടെങ്കിലും പമ്പ്സെറ്റ് സ്ഥാപിക്കാത്തതുകൊണ്ട് ഇവയൊന്നും തന്നെ വേനൽക്കാലത്ത് ജലസേചനത്തിന് ഉപയുക്തമാക്കാൻ കഴിയുന്നില്ല.

## ഉൽപ്പന്നങ്ങളും വിപണനവും

വിളവെടുപ്പുകാലത്ത് ചെറുകിട കച്ചവടക്കാരും അരിമില്ലുകാരും പാടശേഖരങ്ങളിൽ നിന്ന് നെല്ല് സംഭരിച്ച് മില്ലുകളിൽ സംസ്കരിച്ച് തിരുവല്ല, ചങ്ങനാശേരി തുടങ്ങിയ മാർക്കറ്റുകളിൽ വിറ്റഴിക്കുകയും ചെയ്യുന്നു. നാളീകേരം മുതലായ കാർഷികോൽപ്പന്നങ്ങൾ ഈ പഞ്ചായത്തിലെതന്നെ ചെറുകിട കച്ചവടക്കാർ കൃഷിക്കാരിൽ നിന്ന് സംഭരിച്ച്, സംസ്കരിച്ച് ആലപ്പുഴ, കോട്ടയം, ചങ്ങനാശേരി, കൊച്ചി തുടങ്ങിയ മാർക്കറ്റുകളിൽ വിറ്റഴിക്കുന്നു.

### കൂലി-സേവന വ്യവസ്ഥകൾ

നെൽകൃഷി-കൂലിനിരക്ക്

| | | രൂപ |
|---|---|---|
| ഉഴവ് | മരക്കലപ്പ (2ചാൽ) | 240 |
| ഉഴവ് | ബോസ് കലപ്പ (1 ഏക്കർ) | 275 |
| ട്രാക്ടർ | 1 മണിക്കൂർ | 200 |
| ടില്ലർ | 1 മണിക്കൂർ | 150 |
| നിരപ്പാക്കൽ | 1 ഏക്കർ | 100 |
| വരമ്പു പണി | 1 ഏക്കർ | 320 |

### കൃഷിയുമായി ബന്ധപ്പെട്ട മറ്റ് ജോലികൾ

| | | |
|---|---|---|
| പുരുഷൻ/സ്ത്രീ | 1 ഏക്കർ | 2000 രൂ. |
| വളം/കീടനാശിനി/കളനാശിനി | | 1 ഏക്കർ-2800 രൂ. |

## വളം/കീടനാശിനി ഉപയോഗം

ഈ പഞ്ചായത്തിൽ സഹകരണ മേഖലയിൽ രണ്ടും സ്വകാര്യ മേഖലയിൽ ഒമ്പതും കേന്ദ്രങ്ങളിലൂടെയും കൃഷി ഭവനിലൂടെയും വളവും സസ്യസംരക്ഷണവസ്തുക്കളും വിതരണം ചെയ്യുന്നു. മുൻവർഷങ്ങളെ അപേക്ഷിച്ച് രാസവളത്തിൻെറ ഉപയോഗം അല്പം കുറഞ്ഞതായി കാണുന്നു. എന്നാൽ കീടനാശിനി ഉപയോഗം വർഷം തോറും ക്രമമായി വർദ്ധിക്കുന്നതായാണ് കണ്ടുവരുന്നത്. ജൈവ വളങ്ങളുടെ ലഭ്യതക്കുറവും, കൃഷിസ്ഥലങ്ങളിലെത്തിക്കുന്നതിനുള്ള ബുദ്ധിമുട്ടും കാർഷിക വൃത്തിയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

## വായ്പാ സൗകര്യങ്ങൾ

ചാത്തങ്കരിയിൽ പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണ സംഘം, എസ്.ബി.റ്റി. യുടെ ഇടിഞ്ഞില്ലം, മേപ്രാൽ, കാരയ്ക്കൽ ശാഖകൾ, യൂക്കോ ബാങ്ക്- തിരുവല്ല, ഫെഡറൽ ബാങ്ക്-നെടുമ്പ്രം എന്നീ ബാങ്കുകളുടെ സേവനം ഈ പഞ്ചായത്തിൽ ലഭ്യമാണ്. ഈ ബാങ്കുകൾ കാർഷിക വിളകൾകൾക്ക് ഹ്രസ്വകാല വായ്പകൾ നൽകുന്നു. നെൽകൃഷി, ചെറുകിട ജലസേചന പദ്ധതികൾ, കന്നുകാലി സംരക്ഷണ പദ്ധതികൾ, ബയോഗ്യാസ് പദ്ധതി എന്നിവയ്ക്കാണ് മുഖ്യമായും വായ്പകൾ നൽകുന്നത്. എന്നാൽ 'നബാർഡ്' പോലുള്ള കേന്ദ്ര ഏജൻസികൾ അവരുടെ വിഹിതം യഥാസമയം നൽകാത്തതുകാരണം ഈ ബാങ്കുകൾ പദ്ധതിവായ്പകൾ കൊടുക്കാൻ വിമുഖത കാട്ടുന്നു.

## നടപ്പു പദ്ധതികളുടെ അവലോകനം

കൃഷി ഭവനിലൂടെ സമീപകാലത്ത് പൂർത്തീകരിച്ചതും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ

## 1. കാർഷിക വിള വികസനം

### 1. ഗ്രൂപ്പ് ഫാമിംഗ്:-

ഈ പഞ്ചായത്തിൽ 90-91 വർഷത്തിൽ 24 പാടശേഖര സമിതികൾ രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ പദ്ധതിയിൻ കീഴിൽ 1157.75 ഹെക്ടർ പാടശേഖരവും 1676 കർഷകരും ഉണ്ട്. കർഷകരുടെ കൂട്ടായ്മയിലൂടെ നടപ്പാക്കേണ്ട ഈ പദ്ധതിയുടെ നടത്തിപ്പിൽ കർഷകരുടെ സമ്പൂർണ്ണ സഹകരണം ലഭ്യമാക്കാൻ കഴിയാത്തതിനാൽ ഇത് വേണ്ടത്ര വിജയിച്ചിട്ടില്ല.

### 2.സസ്യസംരക്ഷണ വസ്തുക്കളുടെ വിതരണം

നെൽകൃഷിക്ക് കീടരോഗങ്ങൾക്കെതിരെ പ്രയോഗിക്കുന്നതിനായി സൗജന്യ നിരക്കിൽ സസ്യസംരക്ഷണ മരുന്നുകൾ വിതരണം ചെയ്തിരുന്നു. ഇത് കർഷകർക്ക് വളരെ പ്രയോജന പ്രദമായിരുന്നുവെങ്കിലും ഈ പദ്ധതി കുറെക്കാലമായി നാമമാത്രമാണ്.

### 3. നെൽകൃഷിക്കുള്ള രാസവള സബ്സിഡി

ഹെക്ടറിന് 100 രൂപ ക്രമത്തിൽ രാസവളസബ്സിഡി പദ്ധതി നടപ്പാക്കിയിരുന്നു. ഇപ്പോൾ ഈ പദ്ധതിയിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഓരോ വിള സീസണിലും ഹെക്ടറിന് 250 രൂപ പ്രകാരം ഉൽപ്പാദന ബോണസ് നൽകുകയാണ് ഇപ്പോൾ ചെയ്യുന്നത്.

### 4. വിത്തുൽപ്പാദന പദ്ധതി

കർഷകർക്ക് യഥാസമയം ഗുണമേൻമയുള്ള വിത്ത് ലഭിക്കുന്നതിനായി കർഷകരെ വിത്തുൽപ്പാ

ദകരായി രജിസ്റ്റർ ചെയ്യുന്ന പദ്ധതി നിലവിലുണ്ട്. എന്നാൽ ഈ പദ്ധതി വിജയപ്രദമായി നടപ്പാക്കുന്നില്ല.

### 5. കാർഷിക യന്ത്ര വൽക്കരണം

ഗ്രൂപ്പ് ഫാമിംഗ് സമിതികൾക്ക് ട്രാക്ടർ, ടില്ലർ, മെതിയന്ത്രങ്ങൾ, പതിര് നിക്കുന്നതിനുള്ള യന്ത്രം, പവർ സ്പ്രെയർ, റോക്കർ സ്പ്രയർ തുടങ്ങിയവ 50 % സബ്സിഡിയിൽ വിതരണം ചെയ്യുന്ന പദ്ധതി നിലവിലുണ്ട്.

### 6. സമഗ്ര കേര വികസന പദ്ധതി

ഈ പദ്ധതി പ്രകാരം വിവിധ കേരവികസന പരിപാടികൾ നടപ്പാക്കി വരുന്നു. തെങ്ങുകൾക്ക് ജലസേചനം നടത്തുന്നതിനായി കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും സഹായം ലഭിക്കുന്നു. തെങ്ങുകൾക്ക് രാസവളപ്രയോഗം നടത്തുന്നതിന് രാസവളക്കിറ്റുകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നു. റോക്കർ സ്പ്രെയർ, തെങ്ങുകയറ്റ യന്ത്രം എന്നിവ സൗജന്യ നിരക്കിൽ നല്കി വരുന്നു

### 7. കിഴങ്ങു വർഗ്ഗ വികസനം

കിഴങ്ങു വർഗ്ഗ വികസനത്തിനായി വിത്ത് കിറ്റുകൾ നാമമാത്രമായ വില ഈടാക്കി വിതരണം ചെയ്യുന്നു. പ്രയോജനപ്പെടുത്താൻ കഴിയുന്ന ഈ പദ്ധതി യഥാസമയം വിത്ത് ലഭിക്കാത്തതിനാൽ പരാജയപ്പെടുകയാണ്.

### 8. കുരുമുളക്

വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ സൗജന്യമായും സൗജന്യനിരക്കിലും വിതരണം ചെയ്യുന്നു. ഏകദാനവിളയായി കുരുമുളക് കൃഷി ചെയ്യാൻ കർഷകർ തയാറല്ല. ആയതിനാൽ ഈ പദ്ധതി കാര്യക്ഷമമല്ല.

### 9.പയറുവർഗ്ഗം

കർഷകർക്ക് പയർവിത്തുകൾ സൗജന്യനിരക്കിൽ ലഭ്യമാക്കുന്നുണ്ട്. എന്നാൽ ഒരു വർഷം ലഭിക്കുന്ന വിത്തിൽ നിന്നും അടുത്ത വിളയ്ക്കുവേണ്ടി വിത്തുണ്ടാക്കി സൂക്ഷിച്ചു വയ്ക്കാനുള്ള സൗകര്യങ്ങൾ കർഷകരിൽ അപര്യാപ്തമാണ്.

### 10. പച്ചക്കറി

സ്കൂൾകുട്ടികൾക്ക് അവരുടെ വീടുകളിൽ കൃഷി ചെയ്യുന്നതിനായി പച്ചക്കറിവിത്തിന്റെ കിറ്റുകൾ സൗജന്യമായും മറ്റ് കർഷകർക്ക് സൗജന്യ നിരക്കിലും കൃഷിഭവനുകളിലൂടെ വിതരണം ചെയ്യുന്നു.

## 2. മറ്റ് കാർഷിക വികസന പദ്ധതികൾ

### 1. നടീൽ വസ്തുക്കളുടെ വിതരണം

തെങ്ങിൻ തൈകളും കുരുമുളകുവള്ളികളും ഓരോ വർഷവും വിതരണം ചെയ്യുന്നു.ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം ഒട്ടുമാവ്, പ്ലാവ്, സപ്പോട്ട, ഗ്രാമ്പു, ജാതി തുടങ്ങിയവയുടെ തൈകളും വിതരണം ചെയ്യുന്നു. ഇതിൽ തെങ്ങിൻതൈകളുടെ വിതരണം അടുത്തിടെയായി സ്തംഭിച്ചിരിക്കയാണ്.

### 2. സസ്യ സംരക്ഷണം

രാസകീടനാശിനികൾ കുറഞ്ഞ നിരക്കിൽ വിതരണം നടത്തുന്നു.കീടനാശിനികൾ തളിക്കുന്നതിന് സ്പ്രെയർ ലഭ്യമാക്കാൻ കഴിയുന്നവർക്കു മാത്രമേ ഈ സൗജന്യം പ്രയോജനപ്പെടുത്താൻ കഴിയുന്നുള്ളൂ.

3. ജൈവവളം

ജൈവവള വികസന പദ്ധതി പ്രകാരം കമ്പോസ്റ്റ് നിർമ്മാണം, പച്ചിലവളച്ചെടിയുടെ വിത്തുവിതരണം തുടങ്ങിയ പരിപാടികളാണ് നടന്നു വരുന്നത്.

4. പൊതുജന സമ്പർക്ക പരിപാടി:-

കർഷക പരിശീലന പരിപാടികൾ, വിവധ കാർഷിക വിളകൾക്കുള്ള മത്സരങ്ങൾ എന്നിവയാണ് ഈ പദ്ധതിയിൻ കീഴിൽ നടപ്പാക്കി വരുന്നത്. ഇവ രണ്ടും ഡിപ്പാർട്ട്മെൻറിൻെറ അവസരോചിതമായ ക്രമീകരണക്കുറവു മൂലം നടപ്പാവുന്നില്ല,

5. പ്രത്യേക ഘടക പദ്ധതി

ഈ പദ്ധതി പ്രകാരം പട്ടികജാതി കോളനികളിൽ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. 4 -ാം വാർഡിലെ തണങ്ങാട് കോളനിയിൽ സ്പ്രെയർ, വിത്തു സംഭരണി എന്നിവ വിതരണം നടത്തി. 10 -ാം വാർഡിലെ കഴുപ്പിൽ ഐ.എച്ച്.ഡി.പി. കോളനിയിൽ വിത്ത്സംഭരണി സ്പ്രെയർ പച്ചക്കറിവിത്ത് ആടുമാടുകൾ എന്നിവ വിതരണം ചെയ്തു. 8, 9 വാർഡുകളിലെ ചാലക്കുഴി ഐ.എച്ച്.ഡി.പി. കോളനിയിൽ സ്പ്രെയർ, വിത്തു സംഭരണി, കാർഷിക പണിയായുധങ്ങൾ, ആടുമാടുകൾ തുടങ്ങിയവ വിതരണം നടത്തിയിട്ടുണ്ട്. പൊതുവെ പട്ടികജാതി കോളനികളിൽ നടപ്പാക്കുന്ന പദ്ധതികൾ ഉദ്ദേശിച്ച ഫലം നൽകുന്നില്ല വേണ്ടത്ര ബോധവൽക്കരണം നടത്താതെ സാമ്പത്തികാനുകൂല്യം മാത്രം നൽകുന്നതാണ് ഇതിന് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

6. മണ്ണുപരിശോധന

കാർഷിക വൃത്തിയോട് പൊതുവെ താല്പര്യം കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ കർഷകർക്ക് മണ്ണുപരിശോധനയിൽ വലിയ താല്പര്യമില്ല. നിർബന്ധിച്ച് ചെയ്യിക്കുന്ന ഒരു പ്രവർത്തിയായി ഇത് മാറുന്നു.

7. ബയോഗ്യാസ് വികസനം

ഇന്ധനച്ചെലവ് കൂടുകയും ഇന്ധനക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്ന ഇക്കാലത്ത് ഈ പദ്ധതി കർഷകർ സർവ്വാത്മനാ സ്വീകരിക്കേണ്ടതാണ്. എന്നാൽ കന്നുകാലികളെ വളർത്താനുള്ള ബുദ്ധിമുട്ടുകൾ മൂലം ഈ പദ്ധതിയോട് ഒരു വിഭാഗം കർഷകർ വിമുഖത കാട്ടുന്നു.

8. വിള ഇൻഷ്വറൻസ്

പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും കാര്യക്ഷമമായി നടക്കുന്നില്ല. ഏജൻറുമാർക്ക് കുറെക്കൂടി ആകർഷകമായ പ്രതിഫലം നൽകിയാലേ ഈ പദ്ധതി ഉദ്ദേശിച്ച ഫലം നൽകൂ.

9. പ്രകൃതി ക്ഷോഭ ദുരിതാശ്വാസം

ഒരേ സമയം വിള ഇൻഷ്വറൻസ് പദ്ധതിയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയും നടപ്പിലാക്കുന്നതിനാൽ രണ്ടും ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നില്ല.

10. ഒരു ലക്ഷം യുവാക്കൾക്ക് കാർഷിക മേഖലയിൽ സ്വയം തൊഴിൽ പദ്ധതി

പഞ്ചായത്തിൽ 142 പേരെ ഈ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്. യുവാക്കളുടെ കൃഷിയോടുള്ള താല്പര്യക്കുറവ് മാറ്റുന്നതിന് ആവശ്യമായ സർക്കാർ തല പദ്ധതിയോ, സഹായ സഹകരണങ്ങളോ

## കർഷക സംരംഭങ്ങൾ
## നെൽകൃഷി-ഗ്രൂപ്പ് ഫാമിംഗ് സമിതികൾ
**(അവലംബം: കൃഷി ഭവൻ രേഖകൾ)**

| നമ്പർ | സമിതിയുടെ പേര് | വാർഡ് | വിസ്തൃതി (ഹെക്ടർ) | കർഷകരുടെ എണ്ണം |
|---|---|---|---|---|
| 1 | കോടങ്കേരി | 4 | 100.05 | 166 |
| 2 | വേങ്ങൽ | 8 | 85.90 | 150 |
| 3 | പാണാകരി | 6, 7 | 108.33 | 164 |
| 4 | പുതുക്കാട്-കൈപ്പുഴാക്കാ | 6 | 71.69 | 86 |
| 5 | വടവടി | 6 | 55.44 | 68 |
| 6 | പടവിനകം ബി. | 6 | 45.03 | 64 |
| 7. | ചാത്തങ്കരി | 5 | 114.35 | 146 |
| 8. | മനയകരി | 5 | 19.78 | 29 |
| 9 | വളവനാരി | 5 | 27.34 | 46 |
| 10 | വരാപ്പാടം | 1 | 9.94 | 22 |
| 11 | ആമ്പത്താര് | 2 | 13.19 | 35 |
| 12 | കൂരച്ചാൽ,മാണിക്യത്തടി | 3 | 41.39 | 65 |
| 13 | പടവിനകം എ | 4 | 40.28 | 66 |
| 14 | പെരുന്തുരുത്തി തെക്ക് | 5 | 63.57 | 90 |
| 15 | വേങ്ങൽ ഇരുകര | 8,9 | 71.96 | 106 |
| 16 | കൈപ്പാല കിഴക്ക് | 9 | 17.40 | 25 |
| 17 | കൈപ്പാല പടിഞ്ഞാറ് | 9 | 19.88 | 30 |
| 18 | പാരൂർകണ്ണാട് | 9 | 47.1 | 67 |
| 19 | പൊരിയനടി | 10 | 25.4 | 28 |
| 20 | പെരുന്തുരുത്തി കിഴക്ക് | 10 | 23.51 | 45 |
| 21 | വരമ്പിനകം,കടുവാക്കിരി | 10 | 25.32 | 30 |
| 22 | ഉള്ളുന്തി, കരിന്താഴ | 10 | 12 | 18 |
| 23 | മൂന്നാംവേലിതാമരങ്കരി | 9 | 26.18 | 30 |
| 24 | അഞ്ചടിവേളൂർമുണ്ടകം | 9 | 92 | 100 |

നടപ്പാക്കാത്തതിനാൽ ഈ പരിപാടിയുടെ പുരോഗമനം വഴിമുട്ടിനിഴ്ക്കുന്നു.

## കേരവികസന സമിതി

പഞ്ചായത്ത് തലത്തിൽ95ൽ ഒരു കേരവികസനസമിതി രൂപികപിച്ച് രജിസ്റ്ററർചെയ്തിട്ടുണ്ട്. ഇപ്പാൾ അഡ്ഹോക്ക് കമ്മറ്റിയാണ് ഭരണം നടത്തുന്നത്. സർക്കാരിൻെറ ഔദ്യോഗിക നിർദ്ദേശം ലഭിക്കാത്തതുകൊണ്ടാണ് സ്ഥിരം കമ്മിറ്റിയെ നിൽദ്ദേശിക്കാൻ കഴിയാത്തത്. സമിതി തനതായ ഒരു പരിപാടിയും കേരവികസനത്തിനായി ആവിഷ്കരിച്ചിട്ടില്ല. കൃഷി ഭവനിലൂടെ നടപ്പാക്കുന്ന പദ്ധതികളുടെ പ്രയോജനം മാത്രമേ ഇപ്പോൾ കേരകർഷകർക്ക് ലഭിക്കുന്നുള്ളൂ. സമിതിയിൽ 1013 കേരകർഷകരാണ് അംഗങ്ങളായിട്ടുള്ളത്.

## പ്രശ്നങ്ങൾ

**മണ്ണ്:—**

1. പൊതുവേ വളക്കൂറുള്ള മണ്ണാണ് ഈ പഞ്ചായത്തിൽ കാണപ്പെടുന്നുത്. എന്നാൽ ജൈവവളത്തിൻെറ അഭാവം മൂലം മണ്ണിൻെറ ഫലഭൂയിഷ്ഠി കുറഞ്ഞു വരുന്നു.

2. ജലനിർഗ്ഗമന സൗകര്യം ഇല്ലാത്തതിനാൽ വെള്ളം കെട്ടിക്കിടന്ന് അശുദ്ധമാകുന്നു. ഇത് പല ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നു.

3. പാടശേഖരം നകത്തി കെട്ടിടം വയ്ക്കുകയും മറ്റ് വിളകൾ കൃഷി ചെയ്യുകയും ചെയ്യുന്നു

4. പാടശേഖരങ്ങളുടെ സമീപത്തുകൂടി പോകുന്ന വഴികൾ കല്ല്കെട്ടി സംരക്ഷിക്കാത്തതിനാൽ തിട്ട ഇടിഞ്ഞ് വീണ് നെൽകൃഷി നശിക്കുന്നു.

5. സ്ഥിരമായി കൃഷിചെയ്യാറുണ്ടായിരുന്ന പാടങ്ങൾ തരിശിടുന്നു.

6. പഞ്ചായത്തിൻെറ ജലാതിർത്തിയിലുടനീളം വൻതോതിൽ കട്ടകുത്തും മണൽ വാരലും നടക്കുന്നതുമൂലം പാടത്തിൻെറ പുറംബണ്ടുകൾ ഇടിയുന്നു.

**ജലം**

വേനൽക്കാലങ്ങളിൽ ഭൂരിപക്ഷം പ്രദേശങ്ങളിലും ജല ദൗർലഭ്യം അനുഭവപ്പെടുന്നു. ജല ദൗർലഭ്യം നെൽകൃഷിയെ പ്രതികൂലമയി ബാധിക്കുന്നുണ്ട്. അതുപോലെ തന്നെ വർഷകാലങ്ങളിലെ നീർക്കെട്ട് വിളനാശത്തിനു കാരണമാകുന്നു. സമയബന്ധിതമായി കൃഷിയിറക്കാൻ കഴിയുന്നില്ല. വേനൽക്കാലത്ത് ജലസേചനത്തിനാവശ്യമായ പദ്ധതികളൊന്നും തന്നെയില്ല. വർഷകാലത്ത് നദിയിലും തോടുകളിലും ജല നിർഗ്ഗമന സൗകര്യമില്ലാത്തതിനാൽ വെള്ളപ്പൊക്കം മൂലം കൃഷി നശിക്കുന്നു.

**വിളകളും വിളക്രമവും**

നെൽ കൃഷിയുടെ വിസ്തൃതി കുറഞ്ഞു വരുന്നു. തെങ്ങിൻെറ രോഗം കൂടുതൽ വ്യാപിക്കുന്നു. വിളവ് കുറയുന്നു. പയർ വർഗ്ഗ കൃഷിയും കിഴങ്ങു വർഗ്ഗ കൃഷിയും ഇല്ലാതാകുന്നു. സമ്മിശ്ര കൃഷി കുറയുന്നു. പൊതുവെ കാർഷിക വൃത്തിയോട് താല്പര്യം കുറയുന്നു.

**വിത്ത്, വളം, കീടനാശിനി**

പ്രാദേശികാനുയോജ്യതയും ഗുണമേൻമയുമുള്ള വിളകൾ, നടീൽ വസ്തുക്കൾ എന്നിവ ആവശ്യമുള്ള സമയത്ത് കിട്ടാനില്ലാത്തതു മൂലം കർഷകർ വളരെയേറെ ബുദ്ധിമുട്ടുന്നു. സമയം തെറ്റിലഭി

ക്കുന്ന വിത്തും വളവും ഉപയോഗിക്കാൻ കഴിയാതെ നശിക്കുന്നു. രാസവളം, കീടനാശിനി എന്നിവയ്ക്ക് അമിതമായ വിലയും ജൈവവള ദൗർലഭ്യവും അനുഭവപ്പെടുന്നു.

### രോഗ-കീടബാധ

നെല്ല് , തെങ്ങ്, പച്ചക്കറി, വാഴ എന്നീ വിളകൾക്ക് രോഗങ്ങളുടെയും, കീടങ്ങളുടെയും ആക്രമണം കൂടുതലായി കാണുന്നു. ഉൽപ്പാദനത്തെയും കൃഷിയോടുള്ള കർഷകരുടെ ആഭിമുഖ്യത്തെയും ഇത് പ്രതികൂലമായി ബാധിക്കുന്നു.

### കൃഷിപ്പണിയും- തൊഴിലാളി ലഭ്യതയും

സ്വന്തമായി കൃഷിപ്പണിയിലേർപ്പെടുന്ന കർഷകരുടെ എണ്ണം കുറയുന്നു. കർഷകത്തൊഴിലാളികളെ വേണ്ടത്രകിട്ടാറില്ല. ഉൽപ്പാദനവുമായി ബന്ധപ്പെട്ടുത്തുമ്പോൾ കർഷകത്തൊഴിലാളികളുടെ കൂലി വളരെകൂടുതലാണ്. ഇക്കാലത്ത് ഉഴവു മാടുകളെ ക്കൊണ്ടുള്ള ഉഴവ് സാമ്പത്തിക ബാധ്യത വളരെ ക്കൂടുതലാക്കുന്നു. കൃഷിപ്പണിക്കുള്ള യന്ത്രോപകരണങ്ങൾ ആവശ്യത്തിന് ലഭ്യമല്ല. ജലസേചന-നിർഗ്ഗമനത്തിനാവശ്യമായ പമ്പുകൾ ആവശ്യാനുസരണം സ്ഥാപിക്കാൻ കർഷകർ സാമ്പത്തികമായി ബുദ്ധിമുട്ടുന്നു. എല്ലാ പാടശേഖരങ്ങളിലും ആവശ്യമായ ബണ്ടുകളും എഞ്ചിൻ തറകളും ഇല്ല.

### വിപണനം

ഹ്രസ്വകാല വായ്പകളിലൂടെ കൃഷിയിറക്കുന്നതിനാവശ്യമായ ലോൺ എടുക്കുന്ന കർഷകർക്ക് കൃഷിയെടുക്കുന്ന സമയത്ത് വായ്പയുടെ സമയപരിധി കഴിയുന്നതുമൂലവും മറ്റ് സാമ്പത്തിക ബാധ്യതകൾ കൊണ്ടും ഉൽപ്പന്നത്തിന് വിലയിടിവ് ഉണ്ടാകുന്നതു മൂലവും കാർഷികോൽപ്പന്നങ്ങൾ വളരെ വില കുറച്ച് വിൽക്കേണ്ടി വരുന്നു. ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയും അമിതമായ ചുമട്ടു കൂലിയും നിമിത്തം ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കർഷകർ ബുദ്ധിമുട്ടുന്നു.

### മറ്റുള്ളവ

കുട്ടനാട് കാർഷിക മേഖലയിൽ ഐ.ആർ.സി. കൂടുവാനും കൃഷിയിറക്കുന്നതിനു മുമ്പുതന്നെ ഐ.ആർ.സി. യുടെ കൂലിനിലവാരം പ്രഖ്യാപിക്കുവാനും ആവശ്യമായ സംവിധാനമുണ്ടാകണം. ഗുണനിലവാരം കുറഞ്ഞ വളവും കീടനാശിനികളും പരസ്യപ്രളയം സൃഷ്ടിച്ച് വിപണനം നടത്തുന്നതുകൊണ്ട് കർഷകർ ചതിക്കെണിയിൽ പ്പെടുന്നു. കൂടാതെ കൃഷിഭവനിലൂടെ കർഷകർക്ക് ലഭിക്കുന്ന സൗകര്യങ്ങൾ അപര്യാപ്തമാണ്.

## *സാധ്യതകൾ*

1. ജൈവ വളത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക

2. കമ്പോസ്റ്റുകൾ നിർമ്മിച്ച് ജൈവവളം ഉൽപ്പാദിപ്പിക്കുക.

3. തെങ്ങിൻ തോപ്പുകളിൽ പച്ചിലവളച്ചെടി വിത്തുകൾ വിതയ്ക്കുക

## *മണ്ണ് സംരക്ഷണ പദ്ധതികൾ*

1. ഭൂപ്രകൃതിക്കനുയോജ്യമായ മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പാക്കുക.

2. കരിങ്കൽഭിത്തി കെട്ടാത്ത മുഴുവൻ പാടശേഖരങ്ങളുടെയും പുറംബണ്ടുകൾ കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുകയും മേൽപ്പടി ബണ്ടുകൾ

വീതി കൂട്ടി ഗതാഗതയോഗ്യമാക്കുകയും ചെയ്യുക.

3. ബണ്ടുകളിൽ തെങ്ങ്, വാഴ, പച്ചക്കറികൾ, പുൽവർഗ്ഗങ്ങൾ എന്നിവകൃഷി ചെയ്യുക.

4. നെൽപ്പാടങ്ങൾ നികത്തുക, മണ്ണെടുക്കുക, അശാസ്ത്രീയമായി മണൽ വാരുക തുടങ്ങിയ പ്രവർത്തനങ്ങൾ നിയമം മൂലം തടയുക.

### ജലം

1. നിലവിലുള്ള തോടുകൾ, ആറുകൾ ഇവയുടെ ആഴവും വീതിയും വർദ്ധിപ്പിക്കുക.

2. വേനൽക്കാലങ്ങളിൽ പാടശേഖരങ്ങളിൽ വെള്ളമെത്തിക്കാൻ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുക.

3. എല്ലാ പാടശേഖരങ്ങളിലും സ്ഥിരമായ എഞ്ചിൻതറയും പെട്ടിയും ഷെഡും മോട്ടോറും സ്ഥാപിക്കുക.

4. പാടശേഖരങ്ങവിലെ മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നതിന് സ്ഥിരമായി വൈദ്യുതി ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

5. എല്ലാ പാടശേഖരങ്ങളിലും ട്രാക്ടർ ഇറക്കുന്നതിനുള്ള റാമ്പുകൾ നിർമ്മിക്കുക.

6. പാടശേഖരങ്ങളുടെ പ്രധാന വാച്ചാലുകൾ സംരക്ഷിക്കുന്നതിനും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമാവശ്യമായ സൗകര്യം ഏർപ്പെടുത്തുക.

### വിളവും വിളക്രമവും

ഈ പഞ്ചായത്തിലെ അടിസ്ഥാന വരുമാന മാർഗ്ഗങ്ങളായ നെല്ല്, തെങ്ങ് എന്നിവ ഇന്ന് വമ്പിച്ച പ്രതി സന്ധി നേരിടുന്നതുമൂലം ജനങ്ങൾക്ക് ഈ കൃഷികളിൽ താല്പര്യം കുറയുന്നു. ഈ കൃഷികൾ ആദായകരമാക്കുന്നതിനുള്ള സാമ്പത്തിക സഹായവും ബോധവൽക്കരണവും നടപ്പാക്കി ഒരു സ്വാശ്രയഗ്രാമമായി ഈ പഞ്ചായത്തിനെ മാറ്റേണ്ടതാണ്. രോഗം ബാധിച്ചതും ആദായകരമല്ലാത്തതുമായ മുഴുവൻ തെങ്ങുകളും വെട്ടിമാറ്റുകയും ശേഷിക്കുന്ന തെങ്ങുകൾക്ക് കൃത്യമായും 2 പ്രാവശ്യം ബോർഡോ മിശ്രിതം തളിക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക. രോഗ പ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ വിതരണം ചെയ്യുകയും ജൈവവളം വ്യാപകമായി ഉപയോഗിക്കുകയും ചെയ്യുക. മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രം രാസവളപ്രയോഗം നടത്തുന്നത് മണ്ണിന്റെ ഫലഭൂയിഷ്ഠി നിലനിർത്തുന്നതിനും അമിതവളപ്രയോഗം മൂലമുള്ള ദോഷഫലങ്ങൾ ഒഴിവാക്കുന്നതിനും സഹായിക്കുന്നു. ജീവാണുവളം ഉപയോഗിക്കുന്നത് ഉൽപ്പാദന വർദ്ധനവിനും പരിസ്ഥിതി സംതുലനത്തിനും ആവശ്യമാണ്.

നാളികേര വികസന പദ്ധതി പ്രകാരം 20 സെൻറിൽ കൂടുതൽ കേരകൃഷി നടത്തുന്ന കർഷകർക്ക് സൗജന്യനിരക്കിൽ കിണറും അതോടൊപ്പം 85% സബ്സിഡിയിൽ പമ്പുസെറ്റുകളും അനുവദിക്കുക.

രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി പ്രായോഗികമായി നടപ്പാക്കുക.

ഈ പ്രദേശത്തിന്റെ ഭൂപ്രകൃതിയ്ക്കനുഗുണമായതും രോഗം ബാധിക്കാത്തതുമായ ഇന്നാട്ടിലെ തെങ്ങുകളിൽ നിന്നും വിത്തു തേങ്ങകൾ സംഭരിച്ച് തൈകൾ ഉൽപ്പാദിപ്പിക്കുക.

രാസവളങ്ങളും കീടനാശിനികളും വിലകുറച്ച് ലഭ്യമാക്കുക.

ജൈവ കീടനാശിനികൾ വ്യാപകമാക്കുക.

രോഗ-കീട ബാധ

1. പ്രതിരോധശേഷിയുള്ള വിത്തിനങ്ങൾ പ്രചരിപ്പിക്കുക.

2. നെൽകൃഷിയിൽ ഗ്രൂപ്പ്ഫാമിംഗ് സമ്പ്രദായം വ്യാപകമാക്കുക.

3. കാലാകാലങ്ങളിൽ സെമിനാറുകൾ സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തുക.

**കൃഷിപ്പണികളും തൊഴിലാളി ലഭ്യതയും**

1. കൃഷിയോട് വിമുഖത കാട്ടുന്ന യുവാക്കളെ ഈ രംഗത്തേയ്ക്കു കൊണ്ടുവരാൻ സഹായിക്കുന്ന ആകർഷകമായ പദ്ധതികൾ നടപ്പിലാക്കുകയും അതിനാവശ്യമായ ക്രമീകരണങ്ങൾ സർക്കാർ തലത്തിൽ ഏർപ്പെടുത്തുകയും ചെയ്യുക.

2. കർഷകത്തൊഴിലാളികളുടെ കൂലി ഉൽപ്പാദനവുമായി ബന്ധപ്പെടുത്തി പുനർ നിർണ്ണയം ചെയ്യുക.

3. വില സൂചികയുടെ അടിസ്ഥാനത്തിൽ സാധാരണ കർഷകർക്ക് തങ്ങളുടെ ജീവിത വൃത്തിയിൽ ഉറച്ചു നിൽക്കുന്നതിനുവേണ്ട സാഹചര്യം ഒരുക്കുവാൻ ഉൽപ്പന്നങ്ങൾക്ക് മതിയായ വില നിശ്ചയിക്കുകയും സാമ്പത്തിക സഹായം ലഭിക്കുന്നതിനാവശ്യമായ സമ്മർദ്ദം ഗവൺമെൻറിൽ ചെലുത്തുകയും ചെയ്യുക.

4. പഞ്ചായത്തിലെ മുഴുവൻ പാടശേഖരങ്ങൾക്കും കൃഷിപ്പണികൾക്കുപയുക്തമാകുമാറ് കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കുക.

## *വിപണനം*

ഉൽപ്പാദനച്ചെലവിനാനുപാതികമായി ഓരോ വിളക്കും തറവില നിശ്ചയിക്കുകയും അതിനനുസരിച്ച് സർവ്വീസ് സഹകരണ ബാങ്കുകളിലൂടെ സംഭരണവും വിതരണവും നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

## *മറ്റുള്ളവ*

1. വളം, കീടനാശിനി ഡിപ്പോകളിൽ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ മാത്രം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.

2. കൃഷി ഭവനിലെയും മറ്റ് ഓഫീസുകളിലെയും വിവരങ്ങൾ നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുക.

3. കാർഷികച്ചെലവ് കുറയ്ക്കുന്നതിനാവശ്യമായ വിധത്തിൽ ഗതാഗത സൗകര്യം മെച്ചപ്പെടുത്തുക.

4. എലി നശീകരണം ഏകോപിച്ച് സമയബന്ധിതമായി നടപ്പാക്കുക.

5. പഞ്ചായത്തിലെ മുഴുവൻ വീട്ടുവളപ്പുകളിലും പച്ചക്കറികൃഷി ചെയ്യുന്നതിനുള്ള പദ്ധതി പഞ്ചായത്ത്കമ്മിറ്റിയുടെനേതൃത്വത്തിൽ നടപ്പാക്കുക.

6. തെങ്ങിന് മരുന്നുതളിക്കുന്നതിന് കർഷകത്തൊഴിലാളികൾക്ക് പരിശീലനം നൽകി ''മരുന്നുതളി സ്ക്വാഡ്'' രൂപീകരിക്കുക.

7. കർഷകത്തൊഴിലാളികൾക്ക് സ്പ്രെയർ സൗജന്യമായി നൽകി, അവരെക്കൊണ്ട് നെൽകൃഷിക്ക് മരുന്ന് തളിപ്പിക്കുക.

8. വെള്ളപ്പൊക്കക്കെടുതി രൂക്ഷമായി അനുഭവപ്പെടുന്ന അപ്പർകുട്ടനാട് മേഖലയിൽ പ്രകൃതി ക്ഷോഭ ദുരിതാശ്വാസത്തിനായി സർക്കാരിന്റെ ഗ്രാൻേറാടെ പഞ്ചായത്തിൽ ഒരു സ്ഥിരം ഫണ്ട് രൂപീകരിക്കുക.

9. കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യം എല്ലാ കൃഷിക്കാർക്കും ബാധകമാക്കുക.

10. കാർഷിക യന്ത്രങ്ങൾ വ്യക്തികൾക്ക് സൗജന്യമായി നൽകുക.

11. പമ്പിംഗ് നേർമ്മ പൂർണ്ണമായും സർക്കാർ വഹിക്കുക.

12. നെൽ കൃഷിക്കാർക്കും കേരകർഷകർക്കും പെൻഷൻ നൽകുക.

13. വൈയ്ക്കോൽ ശരിയായ രീതിയിൽ സംഭരിച്ച് കന്നുകാലി വികസന പരിപാടികൾക്കുതകും വിധം ക്ഷീര കർഷകർക്ക് അനുബന്ധവരുമാന മാർഗ്ഗമാക്കാൻ കഴിയണം.

മേൽ നിർദ്ദേശങ്ങൾ നടപ്പാക്കിയാൽ കാർഷികോൽപ്പാദനം 90 % കണ്ട് വർദ്ധിപ്പിക്കാൻ കഴിയും.



# മൃഗസംരക്ഷണവും

# ക്ഷീര വികസനവും

# മത്സ്യ ബന്ധനവും

കൃഷികഴിഞ്ഞാൽ ഗ്രാമീണ ജീവിതത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്ന ഏറ്റവും പ്രധാനപ്പെട്ട മേഖലയാണ് മൃഗസംരക്ഷണവും മത്സ്യബന്ധനവും. പെരിങ്ങര ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മർമ്മ പ്രധാനമായ ഒരു സ്ഥാനമാണ് ഈ മേഖലയ്ക്കുള്ളതെങ്കിലും കർഷകർ ഒട്ടേറെ പ്രാരാബ്ധങ്ങളും വെല്ലുവിളികളും അനുഭവിച്ചു കൊണ്ടിരിക്കുന്നു. പശു, ആട് എന്നിവയാണ് പ്രധാനപ്പെട്ട വളർത്തുമൃഗങ്ങൾ. ഉഴവുകാളകൾ, എരുമ എന്നിവ നാമമാത്രമായി കാണപ്പെടുന്നു. കോഴി, താറാവ് എന്നിവയാണ് വരുമാനമാർഗ്ഗത്തിനായി വളർത്തപ്പെടുന്ന പ്രധാന പക്ഷികൾ. പഞ്ചായത്തൊട്ടാകെയുള്ള ചതുപ്പുനിലങ്ങളും വെള്ളക്കെട്ടുകളും താറാവ് കൃഷിയുടെ സാധ്യതകൾ വർദ്ധിപ്പിക്കുന്നു. കടലോരഗ്രാമങ്ങൾ ഇല്ല എങ്കിൽപ്പോലും മത്സ്യ ബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന ഒട്ടേറെ ഉൾനാടൻ മത്സ്യബന്ധന ത്തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. ഒന്നാം വാർഡിലൊഴികെ മിക്കവാറും എല്ലാ വാർഡുകളിലും ഉൾനാടൻ മത്സ്യകൃഷിക്ക് സാധ്യതകളുണ്ട്. കുളങ്ങളും വെള്ളക്കെട്ടുകളും പുഞ്ചപ്പാടങ്ങളും ധാരാളമായി കാണപ്പെടുന്ന ഈ പഞ്ചായത്തിൽ ശുദ്ധജല-ഓരുജല മത്സ്യകൃഷിക്ക് അനന്ത സാധ്യതകളാണുള്ളത്. കാരി, വരാൽ, വാള, കുറുവ, പരൽ, കല്ലടമുട്ടി, കരിമീൻ, ചേറുമീൻ, വാഹ, ചെമ്പല്ലി, കൊഞ്ച് എന്നിവയാണ് പ്രധാന ഉൾനാടൻ മത്സ്യ ഇനങ്ങൾ.



പഞ്ചായത്തിലെ മൃഗ.സംരക്ഷണ മേഖല വിപുലവും സജീവവുമായിരുന്നിട്ടുപോലും ഈ പഞ്ചായത്തതിർത്തിയിൽ ഊർജ്ജിതമായി പ്രവർത്തിക്കുന്ന ഒരു മൃഗാശുപത്രിയോ മൃഗഡോക്ടറോ ഇല്ല എന്നുള്ളത് ഈ രംഗത്തെ മുന്നോട്ടുള്ള പ്രയാണ

ത്തിന് മങ്ങലേല്പിക്കുന്നു. ക്ഷീരോൽപ്പാദന വിപണനമേഖലകളിലെ വികാസം തൊഴിലില്ലായ്മയ്ക്ക് വലിയൊരളവു വരെ പരിഹാരം ഉണ്ടാക്കുമെങ്കിലും കാലിത്തീറ്റയുടെ അമിതമായ വില വർദ്ധനവും വിപണന ശൃംഖലയുടെ അഭാവവും ഉൽപ്പാദനച്ചെലവിനാനുപാതികമായ വില ലഭിക്കാത്തതും ഈ രംഗത്തേയ്ക്ക് കടന്നു വരുന്ന പുത്തൻ തലമുറയെ നിരുത്സാഹപ്പെടുത്തുന്നു.

മലയാളത്തനിമയുടെ അവിഭാജ്യ ഘടകമായ കലപ്പയേന്തിയ കർഷകനും ഉഴവുമാടുകളും ഗതകാല ചരിത്രത്തിന്റെ ഭാഗമായി മാറുകയാണ്. ഉഴവുമാടുകൾക്കു പകരം ട്രാക്ടറുകളും ടില്ലറുകളും വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. ഗൃഹ സംരക്ഷണത്തിനായും ഫാഷൻ ഭ്രമത്തിന്റെ ഭാഗമായും പട്ടികൾ ധാരാളമായി വളർത്തപ്പെടുന്നുണ്ടെങ്കിലും നിരത്തുകളിലും പറമ്പുകളിലും അലഞ്ഞുതിരിഞ്ഞു നടക്കുന്നവ ജനജീവിതത്തിന് ഭീഷണിയാണ്. പേവിഷബാധയ്ക്കെതിരെ പട്ടികൾക്ക് മുൻകരുതൽ കുത്തിവയ്പ് നടത്താൻ പഞ്ചായത്തിൽ സൗകര്യമില്ല. എങ്കിൽപ്പോലും ഇക്കാര്യത്തിൽ വേണ്ടത്ര മുൻകരുതലുകൾ പഞ്ചായത്ത് കമ്മിറ്റി സ്വീകരിച്ചിട്ടുണ്ട്. വളർത്തുനായ്ക്കൾക്ക് ലൈൻസൻസ് എടുക്കുന്നതിനും അലഞ്ഞുതിരിയുന്ന പട്ടികളെ പിടികൂടി നശിപ്പിക്കുന്നതിനുള്ള നടപടികൾ ശക്തമാക്കിയിട്ടുണ്ട്.

കാലിത്തീറ്റയുടെ അഭൂത പൂർവ്വമായ വിലക്കയറ്റം ഈ രംഗത്തു പ്രവർത്തിക്കുന്ന കർഷകരുടെ നട്ടെല്ല് തകർത്തിട്ടുണ്ട്. പ്രതീക്ഷയ്ക്കു വകനൽകുന്ന ഏക മാർഗ്ഗം ശാസ്ത്രീയമായ തീറ്റപ്പുൽ കൃഷിയാണ്. സർക്കാർ ഭാഗത്തു നിന്ന് ഒട്ടേറെ കാര്യങ്ങൾ ഈ രംഗത്ത് ചെയ്യുവാനുണ്ട്.

കേരളത്തിന്റെ തന്നെ ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരമാർഗ്ഗമായി മാറ്റാൻ കഴിയുന്ന ഗോബർ ഗ്യാസ് പ്ലാൻറുകൾക്ക് ഈ പഞ്ചായത്തിൽ വമ്പിച്ച സാധ്യതകളുണ്ടെങ്കിലും വേണ്ടത്ര അവബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ കഴിയാത്തതു മൂലം ഈ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. ചുരുക്കം ചില വാർഡുകളിൽ നാമമാത്രമായി ഗോബർ ഗ്യാസ് പ്ലാൻറുകൾ ഉണ്ടെങ്കിലും ഭൂരിപക്ഷവും പ്രവർത്തന രഹിതമാണ്.

മത്സ്യ ബന്ധനവും മത്സ്യക്കച്ചവടവും നടത്തി ഉപജീവനം നടത്തുന്ന അൻപതിലധികം കുടുംബങ്ങൾ 4, 5, 6 വാർഡുകളിലുണ്ട്. ഒന്നാം വാർഡിലൊഴികെ മറ്റെല്ലാ വാർഡുകളിലും മത്സ്യബന്ധന തൊഴിലാളികളുണ്ട്. സാമ്പത്തിക സഹായം ലഭ്യമല്ലാത്തതും അശാസ്ത്രീയമായ മത്സ്യബന്ധന രീതികളും മത്സ്യരോഗങ്ങളും പരമ്പരാഗതശൈലിയിൽ മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികളെ നിത്യപട്ടിണിയിലാഴ്ത്തുന്നു. ദൂര സ്ഥലങ്ങളിൽ നിന്നും കടൽ മത്സ്യങ്ങൾ വാങ്ങി പഞ്ചായത്തതിർത്തിക്കുള്ളിൽ വില്പനനടത്തുന്നത് പൊതുവെ ലാഭകരമാണെങ്കിൽ പോലും സ്ഥിരമായ മത്സ്യ മാർക്കറ്റിന്റെ അഭാവം പൊതുജനങ്ങളെയും മത്സ്യത്തൊഴിലാളികളെയും ഒരു പോലെ ബുദ്ധിമുട്ടിലാക്കുന്നു.

ആധുനികവൽക്കരണവും സാങ്കേതിക വിദ്യയുടെ കുതിച്ചു കയറ്റവും മൃഗ സംരക്ഷണമേഖലയിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ചികിത്സ ലഭ്യമല്ലാതിരുന്ന കോഴി വസന്ത, കാലികളുടെ കുളമ്പു രോഗം തുടങ്ങിയവയ്ക്ക് ഇപ്പോൾ ഫലപ്രദമായ ചികിത്സാ വിധികൾ ഉണ്ടായിട്ടുണ്ട്. ജനിതക സാങ്കേതിക വിദ്യയും അത്യൽപ്പാദന ശേഷിയുള്ള വിവിധയിനം സങ്കര വർഗ്ഗങ്ങളുടെ രംഗപ്രവേശവും മൃഗ സംരക്ഷണ രംഗത്ത് വിപ്ലവകരമായ പുരോഗ

തിയുണ്ടാക്കിയിട്ടുണ്ട്. എന്നാൽ ഉൽപ്പാദനത്തിനാനുപാതികമായ ഗുണ പരമായ മാറ്റം വിതരണ വിപണന കംഗത്ത് പ്രകടമല്ല. മൂന്ന് ക്ഷീര സഹകരണ സംഘങ്ങൾ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനോ മിതമായ വിലയ്ക്ക് കാലിത്തീറ്റ നൽകുന്നതിനോ അവ പര്യാപ്തമല്ല. മത്സ്യ-മാംസവിഭവങ്ങളും പാലും പാലുൽപ്പന്നങ്ങളും കേടുകൂടാതെ സൂക്ഷിക്കുവാനുള്ള സൗകര്യം ഇപ്പോൾ പഞ്ചായത്തിൽ നിലവിലില്ല. ഒരു കോൾഡ് സ്റ്റോറേജ് ഉണ്ടാകേണ്ടത് ആവശ്യമാണ്.

## *ക്ഷീര വികസന വകുപ്പ് നടപ്പിലാക്കി വരുന്ന വിവിധ വികസന പദ്ധതികൾ*

### 1. മാതൃകാ കന്നുകാലിത്തൊഴുത്ത് നിർമ്മാണത്തിനുള്ള ധനസഹായം

ധവള വിപ്ലവത്തിന്റെ ഭാഗമായി നമ്മുടെ രാജ്യത്ത് പാലുല്പാദനം വളരെ വർദ്ധിച്ചിട്ടുണ്ടെങ്കിലും ക്ഷീര കർഷകർക്ക് ഈ രംഗത്ത് കന്നുകാലികൾക്കുണ്ടാകുന്ന പല രീതിയിലുള്ള രോഗങ്ങൾ നിമിത്തം വളരെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു. ശുചിത്വ മില്ലാത്ത തൊഴുത്ത് മൂലം സങ്കര വർഗ്ഗ പശുക്കൾക്ക് പലതരം രോഗങ്ങൾ പിടിപെടുന്നു. അതുമൂലം കർഷകന് ധന നഷ്ടവും ഉല്പാദന നഷ്ടവും ഉണ്ടാകുന്നു. ഇതിനൊരു പരിഹാരമായി ദീർഘകാലം നിലനിൽക്കുന്നതും ഉറപ്പുള്ളതുമായ തൊഴുത്തുകൾ ഉണ്ടാകേണ്ടത് അത്യാവശ്യം ആണ്. നിലവിലുള്ള പദ്ധതിപ്രകാരം- 1250 രൂപയാണ് തൊഴുത്തൊന്നിന് നൽകി വരുന്നത്- 4000/ രൂപയായിട്ടെങ്കിലും ഇത് വർദ്ധിപ്പിക്കേണ്ടതാണ്.

### 2. തീറ്റപ്പുൽ ക്യഷി വികസന പദ്ധതികൾ-

ദീർഘകാല പുൽകൃഷി ക്ഷീരോല്പാദനം ലാഭകരമായിത്തീരണമെങ്കിൽ പോഷക സമൃദ്ധമായ കാലിത്തീറ്റ ലഭ്യമാക്കണം. ഉയർന്ന ഗുണനിലവാരമുള്ള സങ്കരയിനം കന്നുകാലികൾക്ക് ആവശ്യമായ അളവിൽ പച്ചപ്പുല്ല് നൽകണം. ഇതിനായി ലഭ്യമായ സ്ഥലത്ത് അത്യുൽപാദന ശേഷിയുള്ള തീറ്റപ്പുല്ല് കൃഷിചെയ്ത് കന്നുകാലികൾക്ക് നൽകണം. ക്ഷീര വികസന വകുപ്പിൽ നിന്നും സബ്സിഡിനിരക്കിൽ പുൽവിത്തുകളും, രാസവള സബ്സിഡിയും കർഷകർക്ക് നൽകിവരുന്നു. വിത്ത് വിലയുടെ 50% സബ്സിഡി നൽകി വരുന്നു.

#### 1. ഹ്രസ്വകാല കാലിത്തീറ്റ വിളകൾ

കാലിത്തീറ്റയായി നൽകുന്നതിന് മക്കച്ചോളം, വൻപയർ എന്നിവ കൃഷിചെയ്യുന്നതിനാൽ വിത്ത് വിലയുടെ 50 % സബ്സിഡിയും, രാസവളവും വിതരണം നടത്തിവരുന്നു.

#### 2. പുൽക്കൂടകൾ ഉപയോഗിച്ചുള്ള തീറ്റപ്പുൽ കൃഷി

പുൽക്കൂടകൾ ഉപയോഗിച്ച് തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് പുൽക്കൂടയുടെ വിലയ്ക്ക് സബ്സിഡിയും, രാസവള സബ്സിഡിയും വിതരണം നടത്തി വരുന്നു.

### 3. വൈക്കോൽ സംപുഷ്ടമാക്കുന്നതിനുള്ള സഹായ പദ്ധതി

യൂറിയ ഉപയോഗിച്ച് വൈക്കോൽ സംപുഷ്ടീകരിച്ച് പോഷകമൂല്യം വർദ്ധിപ്പിക്കുന്ന പദ്ധതി പ്രകാരം, കർഷകർക്ക് യൂറിയ വാങ്ങുന്നതിനും, റോസ്കാൻ, പ്ലാസ്റ്റിക്ഷീറ്റ് എന്നിവയ്ക്കും, കൂലിച്ചിലവിനും സബ്സിഡി നൽകുന്നു. ഈ വർഷം പദ്ധതിയ്ക്ക് ടാർജറ്റ് ലഭിച്ചിട്ടില്ല.

**4. മോഡൽ ഡയറി ഫാം യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം**

ഉല്പാദന ശേഷിയുള്ള രണ്ട് കറവപശുക്കൾ, വൃത്തിയുള്ള തൊഴുത്ത്, 50 സെൻറ് സ്ഥലത്ത് പുൽ കൃഷി, പമ്പ്സെറ്റ് എന്നീ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് ഒരു മാതൃകാ ക്ഷീര കർഷകന് 7000 രൂപ സബ്സിഡി ലഭിക്കുന്ന പദ്ധതിയാണിത്.

**5. ക്ഷീര കർഷകർക്കുള്ള വിജ്ഞാന ബോധ പദ്ധതി**

**കർഷക സമ്പർക്ക പരിപാടി, സെമിനാർ, ചർച്ചാക്ലാസ്**

ക്ഷീരവകസന കംഗത്തെ ആധുനിക ശാസ്ത്രീയ നേട്ടങ്ങളും സാങ്കേതിക വിദ്യകളും കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതുവഴി കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും വേണ്ടി കർഷകരെ സംഘടിപ്പിച്ച് കർഷക സമ്പർക്ക പരിപാടി നടത്തുന്നതിന് 200 രൂപ (പരിപാടിയൊന്നിന്) ധനസഹായം നൽകിവരുന്നു.

അംഗൻവാടികളിലും ലോവർ പ്രേമറി സ്ക്കൂളുകളിലും പാലും, പാലുല്പന്നങ്ങളും വിതരണം ചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാവുന്നതാണ്.

പാൽപേട, മിൽക്ക് ചോക്കലേറ്റ്, ഗുലാബ് ജാം, രസഗുള, പാൽപ്പായസം തുടങ്ങിയവ വിതരണം നടത്താവുന്നതാണ്. ഒരു കുട്ടിക്ക് ഒരു ദിവസം 5 രൂപയുടെ ക്ഷീരോല്പന്നങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ബ്ലോക്ക് പ്രദേശത്ത് പ്രവർത്തിക്കുന്ന ക്ഷീരോല്പന്ന യൂണിറ്റുകൾ വഴി ഇവ വിതരണം നടത്താവുന്നതാണ്. വനിതകൾ നിർമ്മിക്കുന്ന ഈ ഉല്പന്നങ്ങൾക്ക് വില്പന വർദ്ധിക്കുന്നതോടുകൂടി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

ഭാവിതലമുറയുടെ വാഗ്ദാനങ്ങളെ വാർത്തെടുക്കുന്നതിനായി ടി. പദ്ധതി പഞ്ചായത്തിന്റെ ആരോഗ്യ സംരക്ഷണ പരിപാടിയിൽ ഉൾപ്പെടുത്തി സമ്പത്തികം അനുവദിക്കേണ്ടതാണ്.

**സ്പെഷ്യലൈസ്ഡ് ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക**

5 മുതൽ 10 വരെ കറവപ്പശുക്കളെ (ഒരുയൂണിറ്റ്) വളർത്തി വൻ തോതിൽ പാലുല്പാദിപ്പിക്കുന്ന കർഷകന് വിവിധയിനത്തിൽ സബ്സിഡി അനുവദിയ്ക്കാവുന്നതാണ് കുറഞ്ഞത് 50 സെൻറ് സ്ഥലമെങ്കിലും ഉള്ള കർഷകരായിരിക്കണം. തൊഴുത്ത്, ഇൻഷ്വറൻസ്, മൃഗചികിത്സാ ചെലവ് എന്നീ ഇനങ്ങളിൽ സബ്സിഡി അനുവദിക്കാവുന്നതാണ്.

ആദ്യവർഷത്തെ ചിലവിന്റെ 33 1/3 % ധനസഹായം നൽകേണ്ടതാണ് പരമാവധി 25000രൂപാ 2 പേർക്ക് വർഷം മുഴുവൻ തൊഴിലും പ്രതിദിനം കുറഞ്ഞത് 65 ലിറ്റർ പാൽലും ലഭ്യമാകുന്നു.

**6. കന്നുകാലി പ്രദർശനം, ക്ഷീര വികനസ സെമിനാർ**

ക്ഷീരകർഷകർക്ക് ശാസ്ത്രീയമായ പരിചരണ മുറകളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും അന്യോന്യം ആശയ വിനിമയം നടത്തുന്നതിനും, നല്ലരീതിയിൽ സംരക്ഷിക്കുന്ന ഉരുക്കളെ നേരിൽക്കാണുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പരിപാടിയാണിത്. തിരഞ്ഞെടുക്കപ്പെടുന്ന ഉരുക്കളുടെ ഉടമസ്ഥർക്ക് ആകർഷകങ്ങളായ സമ്മാനങ്ങൾ

വിതരണം ചെയ്യുന്നു. ഒപ്പം കർഷകർക്കായി പഠന ക്ലാസുകളും, ബ്ലോക്കു തലത്തിൽ വർഷംതോറും നടത്തുന്നു. ഇതിനായി 900 രൂപയോളം ധന സഹായം നൽകുന്നു.

## പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കാവുന്ന പദ്ധതികൾ

**1. കന്നുകാലി ത്തൊഴുത്തിന്റെ പുനരദ്ധാരണ പ:ദ്ധതി**

നിലവിലുള്ള തൊഴുത്തുകൾ അറ്റകുറ്റ പണി നടത്തി വൃത്തിയുള്ളതാക്കുന്നതിന് ധനസഹായം അനുവദിയ്ക്കാവുന്നതാണ്.

1. തറ കോൺക്രീറ്റ് ചെയ്യുക

2. പുൽക്കൂട്, മൂത്ര ടാങ്ക്, തൂണ്, ഭിത്തി ഇവ നിർമ്മിക്കുക.

3. ഓടിട്ട മേൽ ക്കൂര നിർമ്മിക്കുക

മൊത്തം ചിലവിന്റെ 50 % തുക (പരമാവധി 2000 രൂപ) സാമ്പത്തിക സഹായം നൽകേണ്ടതാണ്.

**2. അംഗനവാടികൾ, പ്രൈമറി സ്ക്കൂളുകൾ എന്നിവവഴി ക്ഷീരോല്പന്നങ്ങൾ വിതരണം ചെയ്ത് ആരോഗ്യം സംരക്ഷിക്കുന്ന പദ്ധതി**

| വളർത്തു മൃഗ സംഖ്യ | |
|---|---|
| ഇനം | എണ്ണം |
| കാള | 113 |
| പശു | 1972 |
| എരുമ | 14 |
| പോത്ത് | 19 |
| ആട് | 1209 |
| പട്ടി | 768 |

| വളർത്തു പക്ഷികൾ | |
|---|---|
| ഇനം | എണ്ണം |
| പൂവൻ കോഴി | 1949 |
| പിടക്കോഴി | 19089 |
| താറാവ് (ആൺ) | 2177 |
| താറാവ് (പെൺ) | 53562 |
| മറ്റുള്ളവ | 276 |

10 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് ശരീര വളർച്ചയ്ക്കും പ്രത്യേകിച്ച് മസ്തിഷ്ക വളർച്ചയ്ക്കും സഹായിക്കുന്ന മാംസ്യം പാലിൽ ധാരാളമായിട്ടുണ്ട് അംഗനവാടികൾ, പ്രൈമറി സ്ക്കൂളുകൾ എന്നിവവഴി ക്ഷീരോല്പന്നങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കണം.

അശാസ്ത്രീയവും പരിസ്ഥിതി ബോധമില്ലാത്തതുമായ മത്സ്യബന്ധനം മൂലം മത്സ്യ സമ്പത്ത് കുറയുന്നതും പലതരം നാടൻ മത്സ്യങ്ങൾക്കും വംശ നാശം സംഭവിക്കുന്നതും ഗൗരവതരമായ പ്രശ്നമാണ്. അനധികൃത മത്സ്യബന്ധവും തോട്ട പൊട്ടിച്ചും വിഷം കലക്കിയും നടത്തുന്ന മീൻ പിടിത്തവും പരിസ്ഥിതിക്ക് ഹാനികരവും മത്സ്യങ്ങളുടെ ആവാസവ്യവസ്ഥതന്നെ നശിപ്പിക്കുന്നതുമാണ്. മത്സ്യത്തൊഴിലാളികളുടെ ആശാകേന്ദ്രമായ മത്സ്യഫെഡിൻെറ പ്രവർത്തനം പഞ്ചായത്തിൽ ഊർജ്ജിതമല്ല. മത്സ്യകൃഷി ആദയകരമാക്കുന്നതിനും ശാസ്ത്രീയ കൃഷിരീതികൾ നടപ്പാക്കുന്നതിനും ബോധവൽക്കരണവും ധന സഹായവും ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് പോലുള്ള ഔദ്യോഗിക ഏജൻസികൾക്ക് കഴിയും. മൃഗ സംരക്ഷണ മത്സ്യ ബന്ധന മേഖലകളിൽ സഹകരണത്തിൻെറയും കൂട്ടായ്മയുടെയും അഭാവം പ്രകടമാണ്. സഹകരണ സ്ഥാപനങ്ങൾ രൂപീകരിക്കുന്നത് ഉൽപ്പാദന വിപണന മേഖലകളിൽ പ്രകടമായ മാറ്റങ്ങളുണ്ടാക്കാൻ സഹായകരമാണ്.

# മൃഗ സംരക്ഷണം

### *പ്രശ്നങ്ങൾ*

1. കാലിത്തീറ്റയുടെ അമിതമായ വില വർദ്ധനവ്.

2. പുല്ല്, വൈക്കോൽ ഇവയുടെ ലഭ്യതക്കുറവ്.

3. ചികിത്സാ സൗകര്യങ്ങളുടെ അഭാവവും മരുന്നുകളുടെ വിലവർദ്ധനവും.

4. പാൽ, മുട്ട, ഇവയുടെ വിതരണത്തിനും സംഭരണത്തിനും സൗകര്യങ്ങൾ അപര്യാപ്തമാണ്. ന്യായവില ലഭിക്കുന്നുമില്ല.

5. മൃഗ സംരക്ഷണ മേഖലയിൽ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഏജൻസികളിൽ നിന്നും ലഭിക്കുന്ന സഹായം തൃപ്തികരമല്ല.

6. മത്സ്യം, മാംസം ഇവയുടെ വിപണനത്തിന് സൗകര്യപ്രദമായ മത്സ്യമാർക്കറ്റ് ഇല്ല.

7. സ്വയം തൊഴിൽ സംരംഭം എന്ന നിലയിൽ മൃഗ സംരക്ഷണ-മത്സ്യബനധന മേഖലകളിലേയ്ക്ക് മുതൽ മുടക്കാനാഗ്രഹിക്കുന്നവർക്ക് നിലവിലുള്ള സാമ്പത്തിക സഹായ പദ്ധതികൾ തീരെ അപര്യാപ്തങ്ങളാണ്.

8. മഴക്കാലത്ത് വെള്ളപ്പൊക്കത്തിൽ ഭൂരിഭാഗം കർഷകരുടെയും തൊഴുത്തുകൾ നശിക്കുന്നത് കാലിവളർത്തലിലേർപ്പെട്ടിരിക്കുന്ന ചെറുകിട കർഷകരെ പ്രതികൂലമായി ബാധിക്കുന്നു.

9. അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളും പേപ്പട്ടികളും ജനജീവിതത്തിനു ഭീഷണിയുയർത്തുന്നു.

10. താറാവ് കൃഷി വളരെ വ്യാപകമാണെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്. കൂടാതെ താറാവ് വസന്തയ്ക്ക് ഫലപ്രദമായ ചികി

ത്സ തക്കസമയത്ത് ലഭിക്കാത്തതാൽ ആയിരക്കണക്കിന് താറാവുകൾ രോഗം ബാധിച്ച് ചത്തൊടുങ്ങുന്നു.

## സാധ്യതകൾ

1. കാലിത്തീറ്റ നിർമ്മാണം, വിപണനം എന്നിവ ലക്ഷ്യമാക്കി സഹകരണ മേഖലയിൽ ഒരു സ്ഥാപനം ആരംഭിക്കുന്നത് വില വർദ്ധനവിൽ നിന്നും സ്വകാര്യ ഉൽപ്പാദകരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിന് സഹായിക്കും.

2. പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയുള്ള ഒരു ക്ഷീരോത്പാദക സഹകരണ സംഘം രൂപീകരിച്ച് അതിൻെറ യൂണിറ്റുകൾ എല്ലാ വാർഡിലും സ്ഥാപിക്കുക. അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തി നിലവിലുള്ള സംഘങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കുക.

3. സർക്കാരിൻെറയും ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ പുറമ്പോക്കുകളിലും തരിശു ഭൂമികളിലും തീറ്റപ്പുൽകൃഷി വ്യാപകമാക്കുക. കാലിത്തീറ്റയുടെ അമിത വില വർദ്ധന തടയുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുക.

4. മിൽമയുടെ പ്രവർത്തനം കൂടുതൽ സജീവമാക്കുക

5. പഞ്ചായത്തിൻെറ മധ്യഭാഗത്ത് സർക്കാർ ചെലവിൽ ഒരു മൃഗാശുപത്രിയും ഡിസ്പൻസറിയും സ്ഥാപിക്കുക.

6. മരുന്നുകളുടെ അമിത വില വർദ്ധന തടയുകയും സൗജന്യനിരക്കിൽ കർഷകന് ലഭ്യമാക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്യുക. കാലിരോഗങ്ങൾക്ക് കൂടുതൽ ഫലപ്രദമായി കണ്ടുവരുന്ന ഹോമിയോ ചികിത്സ വ്യാപകമാക്കുക.

7. കോഴി, താറാവ്- വളർത്തൽ ശാസ്ത്രീയമായി പരിഷ്കരിക്കുന്നതിനും സഹകരണാടിസ്ഥാനത്തിൽ ''അയൽക്കൂട്ടങ്ങൾ'' രൂപീകരിച്ച് പ്രവർത്തിക്കുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യുക.

8. നിരണം ഡക്ക്ഫാമിൻെറ പ്രയോജനം പഞ്ചായത്തിന് കൂടുതൽ പ്രയോജന പ്രദമാക്കുന്നതിനുള്ള നടപടികൾ കൈയ്ക്കൊള്ളുക.

9. താറാവ് കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുകയും താറാവുകൾ രോഗം മൂലം നശിച്ചാൽ പുനർ കൃഷിക്ക് ആവശ്യമായ സാമ്പത്തിക സഹായവും കുഞ്ഞുങ്ങളെയും നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. താറാവ് കർഷകർക്ക് പാർപ്പിടവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.

10. താറാവ്, കോഴി കർഷകർക്ക് ഹാച്ചറി, ഇൻകുബേറ്റർ തുടങ്ങിയ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നതിനാവശ്യമായ ബോധ വൽക്കരണവും സാമ്പത്തികസഹായവും ലഭ്യമാക്കുക.

11. മുട്ട, മാംസം എന്നാവയുടെ സംഭരണത്തിനും വിപണനത്തിനും സഹായകരമായ രീതിയിൽ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് കർഷകരെ രക്ഷിക്കുന്നതിനു സഹായിക്കും.

12. മുയൽ- പന്നി ഇവയുടെ കുഞ്ഞുങ്ങളെ ആവശ്യക്കാർക്ക് ലഭ്യമാക്കുക.

13. പഞ്ചായത്തിൽ ഒരു അറവുശാലയും പ്രധാന കേന്ദ്രങ്ങളിൽ മത്സ്യ മാർക്കറ്റുകളും ആരംഭിക്കുക.

14. ശാസ്ത്രീയമായി കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിനാവശ്യമായ ബോധവൽക്കരണം

നൽകുകയും പ്രകൃതി ക്ഷോഭത്തിൽ തൊഴുത്തു നശിച്ചവർക്ക് വീണ്ടും നിർമ്മിക്കുന്നതിനാവശ്യമായ ധന സഹായം ലഭ്യമാക്കുകയും ചെയ്യുക.

15. കൊപ്ര മില്ലുകളിൽ നിന്നും പുറംതള്ളുന്ന പിണ്ണാക്ക് സംഭരിച്ച് കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കാൻ കഴിയണം.

# മത്സ്യബന്ധനം

## പ്രശ്നങ്ങൾ

1. ഉൾനാടൻ മത്സ്യബന്ധനത്തിന് സാധ്യതകൾ ഏറെയുണ്ടെങ്കിലും ശാസ്ത്രീയമായ മത്സ്യകൃഷി രീതികളെ ക്കുറിച്ചുള്ള അവബോധമില്ലായ്മ, സർക്കാർ - വാണിജ്യ ധനകാര്യ സ്ഥാപനങ്ങളുടെ അലംഭാവം തുടങ്ങിയ കാരണങ്ങളാൽ വിപുലവും ലാഭകരവുമായ മത്സ്യബന്ധനം നടക്കുന്നില്ല.

2. സൗകര്യ പ്രദമായ മാർക്കറ്റോ കോൾഡ് സ്റ്റോറേജ് സൗകര്യങ്ങളോ ലഭ്യമല്ല.

3. ആധുനിക മത്സ്യബന്ധന ഉപകരണങ്ങളുടെ അപര്യാപ്തതയും അശാസ്ത്രീയമായ മത്സ്യബന്ധന മാർഗ്ഗങ്ങളും ഈ രംഗത്തെ പുരോഗതിക്ക് തടസ്സമാകുന്നു. അനിധി കൃത മത്സ്യ ബന്ധനവും മത്സ്യ രോഗങ്ങളും സ്ഥിതികൂടുതൽ വഷളാക്കുന്നു.

4. മത്സ്യ ബന്ധനവും വിപണനവും നടത്തി ഉപജീവനം നടത്തുന്ന തൊഴിലാളികൾ ദരിദ്രരും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം ബുദ്ധിമുട്ടനുഭവിക്കുന്ന വരുമാനമാണ്.

## സാധ്യതകൾ - നിർദ്ദേശങ്ങൾ

1. പുഴകളും വെള്ളപ്പാടങ്ങളും പുഞ്ചവയലുകളും നിറഞ്ഞ പ്രദേശമാകയാൽ ഉൾനാടൻ മത്സ്യകൃഷിക്ക് വമ്പിച്ച സാധ്യതകളുണ്ട്.

2. പൊതു മത്സ്യ മാർക്കറ്റ്, കോൾഡ് സ്റ്റോറേജ് സൗകര്യം ഇവ ഏർപ്പെടുത്തണം.

3. മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുകയും പാർപ്പിടപ്രശ്നം പരിഹരിക്കുകയും ചെയ്യുക.

4. മത്സ്യ ബന്ധന ഉപകരണങ്ങൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുകയും ധന കാര്യ സ്ഥാപനങ്ങളിൽ നിന്ന് ഉദാര വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുകയും ചെയ്യണം.

5. 4 -ാം വാർഡിലെ ഓടാക്കുളം മത്സ്യ കൃഷിക്ക് വളരെ യോജിച്ചതാണ്. ഫിഷറീസ് ഡിപ്പാർട്ട്മെൻറ് മുൻകൈയെടുത്ത് ഒരു മത്സ്യഫാമാക്കി ഇതിനെ മാറ്റാവുന്നതാണ്.

6. നെൽപ്പാടങ്ങളിൽ ഇടവിളയായി ചെമ്മീൻ കൃഷി ചെയ്യുന്ന സമ്മിശ്രകൃഷിയ്ക്ക് സാധ്യതകളുണ്ട്.

7. തടികൊണ്ടുള്ള വള്ളങ്ങൾ പൊതുവെ വിലയേറിയതും സംരക്ഷണച്ചെലവ് കൂടിയതുമാകയാൽ ഫൈബർ ബോട്ടുകൾ വിതരണം ചെയ്യുന്നതിനും അവയിൽ ഔട്ട്ബോർഡ് എഞ്ചിനുകൾ ഘടിപ്പിക്കുന്നതിന് സഹായം നൽകുകയും ചെയ്യുക.

8. സ്വയം തൊഴിൽ പദ്ധതി എന്ന നിലയിൽ അലങ്കാര മത്സ്യകൃഷി നടത്തുന്നത് ലാഭകരമായിരിക്കും. ബോധ വൽക്കരണവും സാമ്പത്തിക സഹായവുമാണ് ആവശ്യമായിട്ടുള്ളത്.

# വിദ്യാഭ്യാസം

സാമൂഹിക പരിഷ്കാര പ്രസ്ഥാനങ്ങളും മറ്റു മാദ്ധ്യമങ്ങളും വിദ്യാഭ്യാസരംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അനൗപചാരിക വിദ്യാഭ്യാസരംഗം പഞ്ചായത്തിലുള്ള വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും സംഭാവനകൾ കൊണ്ട് വളരെയധികം പുഷ്ടിപ്പെട്ടിട്ടുണ്ട്.

ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് വിദ്യാഭ്യാസരംഗം പുരോഗതിപ്പെട്ടുക്കൊണ്ടിരുന്ന സാഹചര്യത്തിലാണ് കൊല്ല വർഷം 1090-ാം മാണ്ടിൽ പെരിങ്ങരയിൽ ആദ്യമായി ഒരു ഗവ. സ്ക്കൂൾ തുടങ്ങിയത് ഡപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. പി. രാമസ്വാമി അയ്യരും റേഞ്ച് ഇൻസ്പക്ടറായിരുന്ന ശ്രീ. ഒ.എം. ചെറിയാനും പുതിയ സ്ക്കൂളുകൾ തുറക്കുന്നതിന് വളരെയധികം പരിശ്രമം നടത്തിയിരുന്നു. അങ്ങനെ 1914-ൽ ആണ് പെരിങ്ങരയിൽ നാലു ക്ലാസു കളോട്കൂടി ഒരു എൽ.ജി.ഇ. സ്ക്കൂൾ തുടങ്ങിയത്. അക്കാലത്ത് പെരിങ്ങര കാരയ്ക്കൽ നിവാസികൾക്ക് വിദ്യാഭ്യാസം നടത്തുവാനായി ഉണ്ടായിരുന്ന ഒരേ ഒരു സ്ക്കൂൾ 'നെടുമ്പ്രോൺ ഗ്രാൻറു പള്ളിക്കുടം മാത്രമായിരുന്നു. അവിടെ രണ്ടുക്ലാസ്സുകൾ മാത്രമാണ് നടത്തി വന്നിരുന്നത്. 'കാക്കറാട്ട്ശേരി ആശാൻ' എന്ന ഗുരുവര്യനായിരുന്നു. അവിടെ നിന്നും പുറത്തു വരുന്ന കുട്ടികൾക്ക് ഏക ആശ്രയം തിരുവല്ലാ എച്ച്. ജി. ഇ. സ്ക്കൂൾ ആയിരുന്നു. മൂന്നു കിലോമീറ്ററിൽ അധികം ദൂരം യാത്ര, വള്ളക്കടവ്, ഉച്ചയ്ക്ക് പട്ടിണി മുതലായ ദുഃസ്ഥിതികൾ തരണം ചെയ്തായിരുന്നു അന്ന് പിഞ്ചു കുട്ടികൾ വിദ്യാഭ്യാസം നടത്തിപ്പോന്നിരുന്നത്. പെരിങ്ങര എൽ.ജി.ഇ. സ്ക്കൂൾ തുടങ്ങിയതും, കുട്ടികളുടെ ബാഹുല്യം കൂടിയതും നിമിത്തം ഈ സ്ക്കൂൾ എച്ച്.ജി.ഇ. അയിഉയരാൻ അധിക താമസം വേണ്ടി വന്നില്ല. അങ്ങനെ ഏഴാം ക്ലാസുവരെയുള്ള



മലയാളം സ്ക്കൂളാവുകയും പിന്നീട് പെരിങ്ങര അപ്പർ പ്രൈമറി സ്ക്കൂളാവുകയും ചെയ്തു. 1967-69 ആണ്ടോടെ ഈ സ്ക്കൂൾ ഗവ. ഗേൾസ് ഹൈസ്ക്കൂൾ ആയി ഉയരുകയുണ്ടായി.

പ്രശസ്തന്മാരും പ്രഗത്ഭന്മാരുമായ പല പ്രധമാദ്ധ്യാപകന്മാരും ഈ സ്ക്കൂളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സർവ്വശ്രീ. പി.കെ. മാധവനുണ്ണിത്താൻ, കെ. ദാമോദരൻ പിള്ള ജി. രാമൻ പിള്ള, കെ. കുര്യൻ, കെ. നാരായണപിള്ള , എം.കെ. നാരായണപിള്ള. കെ.ജി. ബാലകൃഷ്ണപിള്ള ബി.എസ്.സി. എൽ.റ്റി. ശങ്കരവേലിൽ നാരായണൻ നായർ, കെ.ജി. കരുണാകരൻ നായർ എന്നിവർ ഈ സ്ക്കൂൾ ഹൈസ്ക്കൂൾ ആയി ഉയർത്തുവാൻ വേണ്ടി പരിശ്രമിച്ച പ്രഥമാദ്ധ്യാപകരിൽ ചിലർ മാത്രമാണ്. തോണ്ടു മണ്ണിൽ ജി. രാമൻ പിള്ള പയ്യമ്പള്ളിൽ പി. ഗോപാല പിള്ള, ചാത്തങ്കരി കെ.പി. വേലായുധൻ പിള്ള മുതൽ പേരുകളും സവേന രംഗത്തെ പ്രതിഭകളാണ്. ശ്രീ. ജി. കുമാരപിള്ള എം.എ., തോമസ് കുന്നുതറ, ശ്രീ. സി.കെ. അലക്സാണ്ടർ കാരയ്ക്കൽ (പ്രൊ. വൈസ്ചാൻസലർ കാലിക്കട്ട് യൂണിവേഴ്സിറ്റി) ശ്രീ. ശശിധരൻ (ടെലികോം ഡിസ്ട്രിക് മാനേജർ, പത്തനംതിട്ട) തുടങ്ങിയവർ ഈ സ്ക്കൂളിലെ പൂർവ്വവിദ്യാർത്ഥി പ്രതിഭകളിൽ ചിലർ മാത്രമാണ്. പഞ്ചായത്തിലെ ഏറ്റവും നല്ല വിജയശതമാനം കാഴ്ചവച്ച സ്ക്കൂളാണ് ഗവ. ഹൈസ്ക്കൂൾ ഫോർ ഗേൾസ്, പെരിങ്ങര. ഇതു കൂടാതെ പ്രിൻസ് മാർത്താണ്ഡവർമ്മ ഹൈസ്ക്കൂൾ പെരിങ്ങര, എസ്.എൻ.ഡി.പി. ഹൈസ്ക്കൂൾ ചാത്തങ്കേരി എന്നീ രണ്ടു ഹൈസ്ക്കൂളുകളും വിദ്യാഭ്യാസ രംഗത്ത് വിലയേറിയ സംഭാവനകൾ പഞ്ചായത്തിന് നല്കി വരുന്നു. നിലവിലുള്ള എൽ.പി., യു.പി., ഹൈസ്ക്കൂളുകളുടെ പേരും മറ്റു വിവരങ്ങളും ഇതോടൊപ്പം പട്ടികപ്പെടുത്തി ചേർത്തിരിക്കുന്നു. വളരെ പഴക്കമുള്ള ഒരു വിദ്യാഭ്യാസ സംസ്കാരം നിലനിർത്തുവാൻ ഈ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. അടിസ്ഥാന പരമായ വിദ്യാഭ്യാസസൗകര്യങ്ങൾക്കായി മിക്കവാറും എല്ലാ വാർഡുകളിലും അംഗൻവാടികളുടെ പ്രവർത്തനം വളരെ മെച്ചപ്പെട്ട രീതിയിൽ നടക്കുന്നു. കൂടാതെ പ്രീപ്രൈമറി നേഴ്സറികളും ഭേദപ്പെട്ടരീപിയിൽ നടന്നു വരുന്നു. പത്തൊൻപത് അംഗൻവാടികൾ പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഏതാണ്ട് 9 നിലത്തെഴുത്ത് ആശാൻ/ആശാട്ടി മാരും ഈ രംഗത്ത് പ്രവർത്തിക്കുന്നു.

പഞ്ചായത്തിൻെറ പ്രാന്തപ്രദേശങ്ങളിൽ കൂടുതലായി ഉയർന്നു വന്നിട്ടുള്ള ഇംഗ്ലീഷ് മീഡിയം പ്രൈമറി സ്ക്കൂളുകൾ പഞ്ചായത്തിലെ ഈ ഗ്രാമീണ സ്ക്കൂളുകളിലെ കുട്ടികളുടെ എണ്ണം കുറയുവാനായി ഇടയാക്കിയിട്ടുണ്ട്. പ്രൈമറി വിദ്യാഭ്യാസം നടത്തുന്ന കുട്ടികളിൽ ഏകദേശം 50% മുതൽ 60 % വരെ കുട്ടികൾ പഞ്ചായത്തിനു വെളിയിലുള്ള ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളെ തെരെഞ്ഞെടുത്തു വന്നിട്ടുള്ളതായി കാണുന്നു. വാഹന സൗകര്യങ്ങൾ ഏറിവന്നിട്ടുള്ള സാഹചര്യമാണ് ഈ പ്രവണതയ്ക്ക് ഒന്നാമതായി കാരണമായത്. ഗ്രാമീണ സർക്കാർ സ്ക്കൂളുകളിൽ ഏറിയ പങ്കും താണ വരുമാനക്കാരുടെയും സാധാരണക്കാരുടെയും കുട്ടികളാണ് പഠിക്കുന്നത് എന്ന് പഠനങ്ങൾ തെളിയിക്കുന്നു. പഞ്ചായത്തിലെ ജീവിത നിലവാരം, സാമൂഹിക വ്യതിയാനങ്ങൾ, അനുകരണങ്ങൾ എന്നിങ്ങനെ ഒട്ടേറെ കാരണങ്ങൾ കൊണ്ടാണ് ഈ സംഭവവികാസം എന്ന് കാണുന്നു.

ഹൈസ്ക്കൂളിൽ ചേരാനായി ഗ്രാമ പ്രദേശങ്ങളിൽ നിന്നും വരുന്ന വിദ്യാർത്ഥികളുടെ എണ്ണം മുൻവർഷങ്ങളെക്കാളും കുറഞ്ഞു വരുന്നതായി

കാണുന്നു. മുൻപ് പറഞ്ഞ സാഹചര്യങ്ങൾ ആണ് ഈ വൈമനസ്യത്തിനുകാരണം. ഗവ. സ്ക്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ പരിമിതമാണ്. ഏക. ഗവ. ഹൈസ്ക്കൂൾ ആയ ഗേൾസ് ഹൈസ്ക്കൂളിൻെറ പ്രധാന കെട്ടിടം പോലും വളരെ ശോചനാവസ്ഥയിലാണ്. നിലവിലുള്ള സ്ഥലത്തിനും മറ്റുമുള്ള സംരക്ഷണം എന്ന നിലയിൽ ഒരു ചുറ്റുമതിൽ പി.റ്റി.എ. യും നാട്ടുകാരും ചേർന്ന് പണിത് തുടങ്ങിയത് പൂർത്തീകരിക്കുവാൻ സാധിക്കാതെ കിടക്കുന്നു. ക്ലാസ് മുറികളുടെ സൗകര്യങ്ങളും വളരെ ശോചനാവസ്ഥയിലായിരിക്കുകയാണ്. മിക്കവാറും എല്ലാ വിദ്യാലയങ്ങളുടെയും സാഹചര്യം ഇപ്രകാരമാണ്. പി.റ്റി.എ. യും വിദ്യാഭ്യാസ വികസനസമിതിയും ഇതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ തയ്യാറായിരിക്കുന്നു. വിദ്യാഭ്യാസ രംഗത്ത് സാമൂഹികമായ ഇടപെടൽ പോഷിപ്പിക്കുന്നതിന് ശ്രമം നടത്തി വരുന്നതായി കാണുന്നു. പാഠ്യാനു ബന്ധപ്രവർത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും സ്ക്കൂളുകളിൽ നടത്താൻ പി.റ്റി.എ യും അനുബന്ധ വിഭാഗങ്ങളും ശ്രമിക്കുന്നുണ്ട്. ഈ കഴിഞ്ഞ വർഷത്തിൽ ഏറ്റവും നല്ല പച്ചക്കറിത്തോട്ടത്തിനുള്ള അവാർഡ്, പഞ്ചായത്ത് തലത്തിലും ബ്ലോക്കു തലത്തിലും. ഗേൾസ്ഹൈസ്ക്കൂൾ പെരിങ്ങരയ്ക്കാണ് ലഭിച്ചത്. അദ്ധ്യാപകരുടെയും, രക്ഷകർത്താക്കളുടെയും ഇടപെടൽ ഈ സംരഭത്തിൻെറ വിജയത്തിൻെറ പിന്നിൽ ഉണ്ടായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതും എടുത്തുപറയപ്പെടേണ്ടതുമായ ഒരു സംഗതിയാണ്. ഇതിന് ഉത്തമോദാഹരണമാണ് ഈ കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയുടെ വിജയ ശതമാന നിരക്ക് ഉയർന്നു കണ്ടത്. കായിക കലാ പ്രതിഭകളുടെ വളർച്ച തുലോം കുറവായി കാണുന്നു. സാമ്പത്തിക പ്രതിബന്ധങ്ങളാണ് ഇതിന് മുഖ്യകാരണം എന്ന് കരുതപ്പെടുന്നു.

സ്ക്കൂളുകളോടു ചേർന്നുള്ള വായന ശാലകളും, സാങ്കേതിക ഗ്രന്ഥ ശാലകളും വളരെ കുറവാണ്. ഹൈസ്ക്കൂളുകളിൽ പോലും പരീക്ഷണ ശാലകളും ഉപകരണങ്ങളും ഇല്ലാത്ത നിലയിലാണ് കാണുന്നത്. ഈ വക സംഗതികൾ ഉദ്ധരിക്കുന്നതിനും നടപ്പിലാക്കുന്നതിനും നാളിതുവരെ പഞ്ചായത്തു തലത്തിൽ ചിന്തിച്ച് പരിശോധിച്ചതായി കാണുന്നില്ല.

## പ്രശ്നങ്ങൾ

1. ഭൗതിക സാഹചര്യങ്ങൾ ഉചിതമല്ല.

2. പരീക്ഷണ ശാല, ഉപകരണങ്ങൾ, കളിസ്ഥലം സ്പോർട്ട്സ് ഉപകരണങ്ങൾ, റഫറൻസ് ലൈബ്രറി ഇവയുടെ അപര്യാപ്തത.

3. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഇല്ല.

4. കളിപ്പാട്ടങ്ങൾ, ഫസ്റ്റ് എയ്ഡ് സാമിഗ്രികൾ, ജീവനക്കാരുടെ ക്ഷേമകാര്യങ്ങൾ ഇവ മെച്ചമല്ല.

5. ഉച്ച ഭക്ഷണം നല്കുന്നതിന് സാമ്പത്തികമായും മറ്റുമുള്ള ബുദ്ധിമുട്ടുകൾ.

6. കലാ കായിക വിഷയങ്ങൾ അഭ്യസിപ്പിക്കുവാനുള്ള അദ്ധ്യാപകരുടെ കുറവ്.

7. സ്ക്കൂൾ കോമ്പൌണ്ടുകൾ തിരിച്ച് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് കോമ്പൗണ്ട് വാൾ നിർമ്മിക്കുക വഴി സാമൂഹിക വിരുദ്ധരുടെ അഴിഞ്ഞാട്ടവും പ്രവർത്തനങ്ങളും നിരോധിക്കണം.

മേൽ വിവരിച്ച നടപടികൾ ത്വരിതപ്പെടുത്തുന്നതിനും മറ്റുമായി പ്രാദേശിക സംഘടനകൾക്കും

## സ്കൂളുകളുടെ എണ്ണം

| വാർഡ് | HIGH SCHOOL | | | | | UPS | | | | | LPS | | | | | നഴ്സറി | | | | T.T.C | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | സർക്കാർ | എയ്ഡഡ് | അൺ.എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ.എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | എയ്ഡഡ് | അൺ.എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാർ | പഞ്ചായത്ത് | സ്വകാര്യം | ആകെ | സർക്കാർ | സ്വകാര്യം | ആകെ |
| 1 | 1 | | | | 1 | | | | | | | | | | | 3 | | 1 | 4 | | 1 | 1 |
| 2 | | 1 | | | 1 | | | | | | | 1 | | | 1 | 2 | | | 2 | | | |
| 3 | | | | | | | | | | | 1 | | | | 1 | 1 | | 1 | 2 | | | |
| 4 | | 1 | | | 1 | | | | | | 1 | | | | 1 | 1 | | | 1 | | | |
| 5 | | | | | | | | | | | 1 | | | | 1 | 1 | | | 1 | | | |
| 6 | | | | | | | 1 | | | 1 | 2 | | | | 2 | | | 1 | 1 | | | |
| 7 | | | | | | | | | | | 1 | | | | 1 | 2 | | | 2 | | | |
| 8 | | | | | | | | | | | | | | | | 1 | | | 1 | | | |
| 9 | | | | | | | | | | | 1 | | | | 1 | | | 1 | 1 | | | |
| 10 | | | | | | | | | | | 1 | 1 | | | 2 | | | | | | | |
| ആകെ | 1 | 2 | | | 3 | | 1 | | | 1 | 8 | 2 | | | 10 | 11 | | 4 | 15 | | 1 | 1 |

| ലൈബ്രറികൾ വായനശാലകൾ സംബന്ധിച്ച വിവരങ്ങൾ | | | | | |
|---|---|---|---|---|---|
| ലൈബ്രറികൾ | | | വായനശാലകൾ | | |
| പഞ്ചായത്ത് | മറ്റുള്ളവ | ആകെ | പഞ്ചായത്ത് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 |
| 1 | 1 | 2 | 1 | 6 | 7 |

പി.റ്റി.എ വികസന സമിതി എന്നിവയ്ക്കും ചുമത ഏറ്റെടുത്ത് പ്രവർത്തിക്കുവാനുള്ള നിർദ്ദേശങ്ങൾ ഉണ്ടാകണം.

സാമ്പത്തിക സഹായങ്ങൾ നിർവ്വഹിക്കുന്നതിലേക്ക് വേണ്ട നിയമ ബാദ്ധ്യതകൾ തദ്ദേശ സ്വയം ഭരണ സമിതികൾ വഴി ലഘൂകരിക്കപ്പെടണം.



# കുടിവെള്ളവും പൊതുജനാരോഗ്യവും



പെരിങ്ങര പഞ്ചായത്തു നിവാസികൾ കുടിവെള്ളത്തിനു മുഖ്യമായും ആശ്രയിക്കുന്നത് കിണറുകളെയാണ്. 5619 വീടുകളുള്ളതിൽ 20 ശതമാനത്തോളം വീട്ടുകാർക്ക് അതിലെ ജലം കുടിക്കുന്നതിനും കുളിക്കുന്നതിനും യോഗ്യമല്ലാത്ത അവസ്ഥയിലാണ്. അയൽ വീടുകളിൽ നിന്നും വെള്ളം കോരി കുടക്കാനുപയോഗിക്കുന്ന ഇരുന്നൂറിലധികം വീട്ടുകാരുണ്ട്. പൊതു ജലവിതരണ സംവിധാനം ഉപയോഗപ്പെടുത്തുന്നവർ 25 ശതമാനത്തിലധികമാണ്. പൈപ്പുപൊട്ടി ജലം ഉപയോഗ ശൂന്യമായിപ്പോകുന്ന അവസ്ഥ സർവ്വസാധാരണമായിരിക്കയാണ്. 3, 4, 8, 9, 10 വാൽഡുകളിൽ വേനൽക്കാലങ്ങളിൽ ശുദ്ധജലക്ഷാമം രൂക്ഷമാണ്. വേനൽക്കാലത്ത് 50 % കിണറുകളിലേയും ജലം ചവന്ന് പുളിരസമുള്ളതായി മാറുന്നതിനാൽ കുടിക്കുവാനോ വസ്ത്രങ്ങൾ കഴുകുവാനോ പറ്റാത്ത നിലയിലാകുന്നു.

പഞ്ചായത്തിലെ 70 % വീട്ടുകാർക്കും കക്കൂസുകളുണ്ട്. ഇവയിൽ സെപ്റ്റിക് ക്കൂസുകൾ 15 ശതമാനത്തിൽ താഴെയാണ്. ബാക്കിയുള്ളവയെല്ലാം കുറഞ്ഞ ചെലവിൽ നിർമ്മിച്ച ഭൂനിരപ്പിലുള്ള കക്കൂസുകളാകയാൽ വെള്ളപ്പൊക്കസമയങ്ങളിൽ 4, 8, 9, 10 വാർഡുകളിലെ 50 ശതമാനം കക്കൂസുകളും ഉപയോഗയോഗ്യമല്ലാതായിത്തീരുന്നു. എല്ലാ വാർഡുകളിലും തോടുകളുണ്ടെങ്കിലും ജലസേചനത്തിനു മാത്രമേ അവ ഉപകരിക്കുന്നുള്ളൂ. ആഫ്രിക്കൻ പായൽ നിറഞ്ഞു കിടക്കുന്നതിനാൽ ജല ഗതാഗതം തടസ്സപ്പെട്ടുകിടക്കുന്നു. അതോടൊപ്പം ജലം ദുഷിക്കുകയും കൊതുകുകൾ പെരുകുകയും ചെയ്യുന്നു. 9, 10 വാർഡുകളിലുള്ള റോഡ് സൈഡിൽ രാത്രികാലങ്ങളിൽ അറവുശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ വലിച്ചെറിയുന്നതുകാരണം ജല

മലിനീകരണം മാത്രമല്ല കൃഷി, മത്സ്യബന്ധനം എന്നിവയ്ക്ക് തടസ്സമുണ്ടാകുന്നു. അന്തരീക്ഷം ദുർഗ്ഗന്ധപൂരിതവുമാകുന്നു.

ഈ പഞ്ചായത്തിൽ ഒരു പി.എച്ച്.സി. പ്രവർത്തിക്കുന്നു. 4 സബ് സെൻററുകളുമുണ്ട്. എന്നാൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല. അത്യാവശ്യത്തിനു വൈദ്യ സഹായം ലഭിക്കുന്നതിന് 4 കി.മീ. സഞ്ചരിക്കണം. സ്വകാര്യ മേഖലയിൽ രണ്ട് ആയുർവേദ ചികിത്സാ കേന്ദ്രങ്ങളും അഞ്ച് ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിക്കുന്നു. തിരുവല്ലാ മെഡിക്കൽ മിഷൻെറ ആഭിമുഖ്യത്തിൽ ആഴ്ചയിൽ ഒരു ദിവസം ഒമ്പതാം വാർഡു കേന്ദ്രീകരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യോക രോഗപരിശോധന നടത്തി വരുന്നു.

അറുപതു ശതമാനത്തിലധികം ദമ്പതികളും കുടുംബാസൂത്രണ ഉപാധികൾ സ്വീകരിച്ചവരാണ്. ഒന്നോ രണ്ടോ കുട്ടികൾ മാത്രമുള്ള 45 ശതമാനം ദമ്പതികളുണ്ട്. ശേഷിച്ചവരിൽ 20 % ത്തിനു മുകളിൽ മൂന്നു കുട്ടികളിൽ കൂടാത്തവരാണ്. എന്നാൽ മരണനിരക്ക് ജനനനിരക്കിൻെറ പകുതിയിൽ താഴെ മാത്രം. ശിശുമരണ നിരക്ക് അത്ഭുതകരമാം വിധം കുറവായി കാണുന്നു. ചെങ്കണ്ണ്, വയറിളക്കം എന്നീ രോഗങ്ങൾ കുട്ടികളിലും, ആസ്തമ, വാതം, ചുമ എന്നിവ മുതിർന്നവരിലും പൊതുവെകണ്ടു വരുന്നു. വെള്ളക്കെട്ടു പ്രദേശം, ഈർപ്പം നിറഞ്ഞ അന്തരീക്ഷം, കൊതുകുകളുടെ ആധിക്യം എന്നിവ രോഗ കരാണമായി പരിഗണിക്കപ്പെടുന്നു. വെള്ളക്കെട്ടുകൾ നിറഞ്ഞതും വർഷകാലങ്ങളിൽ സ്ഥിരമായി വെള്ളപ്പൊക്കം ഉണ്ടാകുന്നതുമായ ഒരു പ്രദേശമാണിത്. ആയതിനാൽ ശുചിത്വ കാര്യങ്ങളിൽ ഒട്ടേറെ വീഴ്ചകൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. ഇത് വർഷകാലങ്ങളിൽ പല സാംക്രമിക രോഗങ്ങൾക്കും കാരണമാകുന്നു. പഞ്ചായത്തതിർത്തിക്കുള്ളിൽ അറവുശാല ഇല്ലാത്തതു മൂലം മത്സ്യ-മാംസാവശിഷ്ടങ്ങൾ പുഴകളിക്കേും നിരത്തുവക്കിലേക്കും വലിച്ചെറിഞ്ഞ് മലിനീകരണം സൃഷ്ടിക്കുന്നത് നിത്യ സംഭവമാണ്. കൂടാതെ പരിസര വാസികൾ തന്നെ വിസർജ്ജ്യ വസ്തുക്കളും മറ്റ് അനാവശ്യ വസ്തുക്കളും പുഴയിൽ നിക്ഷേപിക്കുന്നത് വമ്പിച്ച പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമായിട്ടുണ്ട്. മേൽ പ്രസ്താവിച്ച പരിസര മലിനീകരണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും കാര്യക്ഷമമായി തടയുന്നതിനും സന്നദ്ധ സംഘടനകളുടെ സഹായത്തോടുകൂടി പഞ്ചായത്ത് കമ്മിറ്റി ശ്രമിക്കേണ്ടതാണ്. കൂടാതെ ആധുനിക സംവിധാനമുള്ള ഒരു അറവുശാലയുടെയും പൊതു മാർക്കറ്റിൻെറയും പ്രവർത്തനം തുടങ്ങേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ ഈ പഞ്ചായത്തിനെ ഒരു മാതൃകാ ശുചിത്വ ഗ്രാമമാക്കി മാറ്റാൻ ശ്രമിക്കേണ്ടതാണ്.

## പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അത്യാവശ്യത്തിന് കിടത്തി ചികിത്സിക്കാൻ സൗകര്യമേർപ്പെടുത്തണം. രാത്രികാലത്ത് ഡോക്ടറുടെ സേവനം നിർബന്ധമാക്കണം.

2. ജനസംഖ്യാനുപാതികമായിസബ്സെൻററുകളില്ല. അർഹമായ സബ്സെൻററുകൾ സ്ഥാപിക്കണം.

3. വെള്ളക്കെട്ടു പ്രദേശങ്ങൾക്കു പറ്റിയ ഒരു കക്കൂസ് മാതൃക കണ്ടെത്തി സാധുക്കൾക്ക് സൗജന്യമായി നിർമ്മിച്ചുകൊടുക്കണം.

4. പെരിങ്ങര പഞ്ചായത്തിന് തനതായ ഒരു വാട്ടർ ടാങ്ക് സ്ഥാപിച്ച് പൈപ്പുലൈൻ വഴി എല്ലാ വാർഡുകളിലും ശുദ്ധജല വിതരണം ഉറപ്പാക്കണം.

5. വേങ്ങൽ സബ് സെൻറർ ഒരു പ്രൈമറി ഹെൽത്ത് സെൻററായി ഉയർത്തി ഒരു ഡോക്ടറുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കണം.

6. മലിന ജലം കെട്ടിക്കിടക്കുന്നത് കൊതുകു ശല്യം വ്യാപകമാക്കുന്നു, മലിന ജലം ഒഴുകിപ്പോകുന്നതിനുള്ള ഡ്രെയിനേജ് സൗകര്യമേർപ്പെടുത്തണം.

7. എലി, കൊതുക് എന്നിവയുടെ നശീകരണം സമയബന്ധിതമായി നടത്തണം.

8. മുതിർന്നവരിൽ സന്ധിരോഗങ്ങൾ സാധാരണമാണ്. ഒരായുർവേദ ആശുപത്രി തുടങ്ങുവാൻ നടപടി സ്വീകരിക്കണം.

9. സ്ക്കൂൾ ആരോഗ്യപരിപാടി കാര്യക്ഷമമാക്കണം.

10. കിണറുകൾ യഥാസമയം ക്ലോറിനേറ്റു ചെയ്യണം.

11. ആരോഗ്യബോധവൽക്കരണ സെമിനാറുകൾ പി.എച്ച്.സി. യുടെ ആഭിമുഖ്യത്തിൽ കാലാകാലങ്ങളിൽ സംഘടിപ്പിക്കണം.



# വ്യവസായം

വ്യവസായമേഖലയിൽ പെരിങ്ങര ഗ്രാമ പഞ്ചായത്തിന് കാര്യമായി മുന്നേറാൻ കഴിഞ്ഞിട്ടില്ല. പ്രധാനമായും ഒരു കാർഷിക ഗ്രാമമായ ഇവിടെ കൃഷി അനുബന്ധ വ്യവസായങ്ങൾക്കാണ് കൂടുതൽ പ്രസക്തിയും സാധ്യതയും. വൻകിടവ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇവിടെ നിലവിലില്ല. ആധുനിക വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുവാനനുയോജ്യമായ വിഭവ സമ്പത്തോ ഭൂപ്രകൃതിയോ ഇവിടെ നിലനില്ക്കുന്നില്ല. അതുകൊണ്ടു തന്നെ ചെറുകിട ഗ്രാമീണ വ്യവസായങ്ങൾക്കാണ് കൂടുതൽ സാധ്യത. ഖാദിഗ്രാമ വ്യവസായങ്ങൾക്ക് വേരുറപ്പിക്കാൻ കഴിയുന്ന ഒരു പശ്ചാത്തലം ഇവിടെയുണ്ട്. അഭ്യസ്ത വിദ്യരുടെയും സ്ത്രീകളുടെയും തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിന് ചെറുകിട വ്യവസായ മേഖല കൂടുതൽ വിപുലവും സജീവവുമാകേണ്ടത് അത്യാവശ്യമാണ്.



പഞ്ചായത്തിലെ മുഖ്യ കാർഷിക വിളകൾ നെല്ലും തെങ്ങുമാണ്. നെല്ല്, കൊപ്ര ഇവയുടെ സംസ്കരണവും അതുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായങ്ങളുമാണ് ഇവിടെ കൂടുതലായുള്ളത്. നെല്ല് കുത്തു മില്ലുകൾ വ്യാപകമാണ്. എന്നാൽ നെല്ല്, കൊപ്ര സംസ്കരണ മില്ലുകൾ പ്രവർത്തന ക്ഷമത കുറഞ്ഞവയാണ്. മില്ലുകളിൽ നിന്ന് പുറംതള്ളുന്ന തവിട്, പിണ്ണാക്ക് ഇവ സംഭരിച്ച് ഗുണമേൻമയുള്ള കാലിത്തീറ്റയാക്കി മാറ്റുന്നതിനുള്ള സൗകര്യങ്ങൾ ഇപ്പോൾ നിലവിലില്ല. ലാഭകരമായി നടത്താൻ കഴിയുന്ന ഒരു ചെറുകിട വ്യവസായമായി ഇതിനെ മാറ്റാൻ കഴിയും. നെല്ല്, കൊപ്ര സംസ്ക്കരണ വിപണനരംഗത്ത് ഒട്ടേറെ വൈഷമ്യങ്ങൾ കർഷകർ അനുഭവിച്ചുവരുന്നു. ഈ മേഖലയിൽ ശക്തമായി പ്രവർത്തിക്കുന്ന ഒരു സഹകരണ സംഘത്തിൻെറ ആവിർഭാവം ഇത്തരം പ്രശ്നങ്ങളെ ദൂരീകരിക്കുന്ന

തിനാവശ്യമാണ്. ഇടത്തട്ടുകാരുടെയും കൊള്ള ലാഭക്കാരുടെയും പിടിയിൽ നിന്ന് കർഷകരെ രക്ഷിക്കുന്നതിനും ആദായ വില ഉൽപ്പന്നങ്ങൾക്ക് ലഭിക്കുന്നതിനും ഇതുമൂലം കഴിയും. കൂടാതെ വെളിച്ചെണ്ണയുടെ സംസ്കരണവും വിപണനവും കൂടുതൽ ഊർജ്ജിതമാക്കുന്നതിനും കർഷകന് ന്യായവില ലഭ്യമാക്കുന്നതിനും സാധിക്കുന്നു.

പരമ്പരാഗത വ്യവസായങ്ങളും നാമമാത്രമായി മാത്രമേ ഇവിടെ കാണപ്പെടുന്നുള്ളുവെങ്കിലും കുട്ട, വട്ടി, തഴപ്പായ ഇവയുടെ നിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന ചെറുകിട കൈത്തൊഴിലുകാർ ഏറെയുണ്ട്. കരകൗശല വസ്തുക്കളുടെയും കളിക്കോപ്പുകളുടെയും നിർമ്മാണത്തുനുള്ള സാധ്യതകൾ നിലവിലുണ്ട്. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾക്ക് പ്രിയം കൂടിവരുന്ന ഇക്കാലത്ത് ചിരട്ട കൊണ്ടു നിർമ്മിക്കുന്ന വസ്തുക്കൾക്കും കരകൗശല സാധനങ്ങൾക്കും പ്രചാരം ഏറിവരുകയാണ്. മാത്രമല്ല ഇതിന് വമ്പിച്ച കയറ്റുമതി സാധ്യതയുമുണ്ട്. ചിരട്ട സുലഭമായി ലഭിക്കുന്ന നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നല്ല പ്രോത്സാഹനം ലഭിക്കേണ്ട ഒരു ചെറുകിട വ്യവസായമായി ഇത് മാറേണ്ടതുണ്ട്.

വ്യാവസായിക രംഗത്ത് പുരുഷാധിപത്യം ആഗോളപ്രതിഭാസമാണെങ്കിൽപ്പോലും സ്ത്രീകൾക്ക് ഈ രംഗത്തേയ്ക്ക് കടന്നുവരുവാനുള്ള ഒട്ടേറെ പുതിയ അവസരങ്ങൾ നിലവിലുണ്ട്. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, മെഴുകുതിരി നിർമ്മാണം, പേപ്പർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിൽ സ്ത്രീകൾക്ക് അനായാസമായി പ്രവർത്തിക്കാൻ കഴിയും. ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ധന സഹായത്തോടെ ഒട്ടേറെ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ നിലവിലുണ്ട്. വസ്ത്രനിർമ്മാണം, ശീതള പാനീയ നിർമ്മാണം, സോപ്പ്, സുഗന്ധ വ്യഞ്ജനങ്ങൾ ഇവയുടെ ഉൽപ്പാദനം, കറി പൗഡർ നിർമ്മാണം തുടങ്ങി ഒട്ടേറെ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പകൾ ലഭ്യമാണ്.

അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരെ വ്യവസായ സംരഭങ്ങൾ തുടങ്ങുന്നതിന് പ്രോത്സാഹിപ്പിക്കുന്ന ഒട്ടേറെ പദ്ധതികൾ ഗ്രാമവികസന വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. സംയോജിത ഗ്രാമ വികസന പരിപാടി, സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തുകൊണ്ട് ദാരിദ്ര്യ രേഖ തരണം ചെയ്യാൻ ഗ്രാമീണ ജനങ്ങളെ സഹായിക്കുന്നു. ട്രൈസം പദ്ധതിയനുസരിച്ച് സാങ്കേതിക പരിജ്ഞാനം നേടിയ യുവതീയുവാക്കൾക്ക് ബ്ലോക്ക് വഴി വിവിധ ട്രേഡുകളിൽ പരിശീലനം നൽകുന്നു. തൊഴിൽ രഹിതരായ യുവതീയുവാക്കളെ സ്വന്തംകാലിൽ നിൽക്കാൻ സഹായിക്കുന്നതിനു പുറമേ ഗ്രാമീണ മേഖലയുടെ വ്യാവസായികോന്നമനത്തിനും ഈ പദ്ധതികൾ പ്രയോജനപ്പെടുന്നു.

സ്വകാര്യ മേഖലയിൽ നിലവിലുള്ള പ്രധാന ചെറുകിട വ്യവസായങ്ങളാണ് ഇഷ്ടികനിർമ്മാണം, അലുമിനിയം ഫാബ്രിക്കേഷൻ, ഫർണിച്ചർ നിർമ്മാണം, ശീതള പാനീയ നിർമ്മാണം തുടങ്ങിയവ. ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ ചെളി പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നതുകൊണ്ട്. ഈ വ്യവസായം നല്ല രീതിയിൽ പ്രവർത്തിക്കുന്നു. 1, 2, 5 വാർഡുകളിലായി 5 ഇഷ്ടികക്കളങ്ങളുണ്ട്. കൂടാതെ ഹോളോ ബ്രിക്സ്, സിമിൻറ് റിംഗ് എന്നിവയുടെ നിർമ്മാണവും അടുത്തകാലത്ത് വ്യാപകമായിട്ടുണ്ട്. സ്വകാര്യ മേഖലയിൽ ഇതര വ്യവസായങ്ങളായ മെറ്റൽ ക്രഷർ, പ്രിൻറിംഗ് പ്രസ്, ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്, ഗ്രിൽസ് ആൻറ് മെറ്റൽ വർക്സ്, സർവ്വീസ്

സ്റ്റേഷൻ തുടങ്ങിയവയും ഇവിടെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

വ്യാവസായികാഭിവൃദ്ധിക്കനുയോജ്യമല്ലാത്ത ഭൂപ്രകൃതി, പ്രകൃതി വിഭവങ്ങളുടെ ദൗർലഭ്യം, മൂലധന-വായ്പാ സൗകര്യങ്ങളുടെ കുറവ്, സ്ഥല സൗകര്യമില്ലായ്മ, ലൈസൻസുകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, വൈദ്യുതി പ്രതിസന്ധി തുടങ്ങിയ പ്രശ്നങ്ങൾ വ്യാവസായിക വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നുണ്ടെങ്കിലും സംരംഭകരുടെ കഠിനാധ്വാനം തടസ്സങ്ങളെ തട്ടിമാറ്റി മുന്നേറാൻ സഹായിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. വ്യവസായ സംരംഭകർക്ക് പര്യാപ്തമായ മൂലധന സമാഹരണത്തിനുള്ള മാർഗ്ഗങ്ങൾ കുറവാണ്.

2. വ്യാവസായിക രംഗത്ത് സഹകരണമേഖലയുടെ ശ്രദ്ധ പതിഞ്ഞിട്ടില്ല.

3. ഖാദി ഗ്രാമവ്യവസായങ്ങൾ വേണ്ടത്ര വികാസം പ്രാപിച്ചിട്ടില്ല.

4. ഭൂമിയുടെ ദൗർലഭ്യം, വൈദ്യുത പ്രതിസന്ധി, ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തത, അസംസ്കൃത വസ്തുക്കളുടെ പ്രാദേശികമായ അഭാവം, വിപണനസൗകര്യക്കുറവ് തുടങ്ങിയവ സംരംഭകരുടെ ഉദ്യമങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

5. ഗ്രാമ വികസന ബ്ലോക്കുകൾ വഴി നടപ്പാക്കുന്ന പദ്ധതികളുടെ പ്രയോജനം അർഹരായവർക്ക് ലഭിക്കുന്നില്ല. ലഭിക്കുന്നവർ തന്നെ കാര്യക്ഷമായി പ്രയോജനപ്പെടുത്തുന്നില്ല.

## സാധ്യതകൾ

1. വ്യവസായ സംരഭകരുടെ മൂലധന-വായ്പാവശ്യങ്ങൾ നിറവേറ്റുന്നതിനും വിപണന രംഗത്തെ പ്രതിസന്ധി ദൂരീകരിക്കുന്നതിനും വേണ്ടി സഹകരണമേഖലയുടെ സേവനം പ്രയോജനപ്പെടുത്തണം.

2. ഖാദിഗ്രാമ വ്യവസായങ്ങൾക്ക് വേണ്ടത്ര പ്രചാരവും ആവശ്യമായ വായ്പയും ലഭ്യമാക്കുക.

3. വനിതാ വ്യവസായസംരംഭങ്ങൾ കൂടുതലായി ആരംഭിക്കുക. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, മെഴുകുതിരി നിർമ്മാണം, പേപ്പർ ഉൽപ്പന്ന നിർമ്മാണം, കറിപൗഡർ നിർമ്മാണം തുടങ്ങിയ മേഖലകളിൽ വനിതാ സംരംഭങ്ങൾ കൂടുതലായി ആരംഭിക്കുന്നതിനുള്ള മൂലധന-വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക.

4. അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ സാങ്കേതികജ്ഞാനം ഉപയോഗപ്പെടുത്തി ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി ഒരു യൂണിറ്റ് ആരംഭിക്കുക.

5. ഹോളോബ്രിക്സ്, കിണർ റിംഗ് എന്നിവയുടെ നിർമ്മാണത്തിന് വായ്പാ സൗകര്യം ലഭ്യമാക്കുക.

6. ഡിസ്പോസിബിൾ സിറിഞ്ചുനിർമ്മാണത്തിനായി ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുക.

7. പഞ്ചായത്തിൽ ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുക.

# ഗതാഗതം

# ഊർജ്ജം

# മാർക്കറ്റ്



## ഗതാഗതം

അപ്പർ കുട്ടനാടു പ്രദേശമായ ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി ഗതാഗതത്തിന് യോജിച്ചതാക്കുന്നത് വളരെ ശ്രമകരവും ചെലവുള്ളതുമായ ഒരു പദ്ധതിയാണ്. കാലാകാലങ്ങളിൽ ഉണ്ടാകുന്ന മഴ, വെള്ളപ്പൊക്കം, മരാമത്ത് ശരിയായ രീതിയിൽ നടക്കാതെ വരിക ഈ കാരണങ്ങൾ റോഡു ഗതാഗതത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

പ്രധാനമായും പഞ്ചായത്തതിർത്തിയിൽകൂടി കടന്നുപോകുന്ന പ്രധാന റോഡുകൾ താഴെ പറയുന്നവയാണ്.

1. എം.സി. റോഡ്, 9 തും 10 ും വാർഡുകളിലൂടെ കടന്നു പോകുന്നു.

2. എഴിഞ്ഞില്ലം കാവും ഭാഗം റോഡ് 8, 1 വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നു.

3. കാവുംഭാഗം മുതൽ ചാത്തങ്കേരി വഴി നീരേറ്റുപുറം എടത്വാ റോഡും പഞ്ചായത്തിലെ 1, 2, 3, 4, 5 എന്നീ വാർഡുകളുടെ ഗതാഗത സൗകര്യം വളരെ അധികം വർദ്ധിപ്പിച്ചിട്ടുണ്ട്.

നെടുമ്പ്രം പഞ്ചായത്തിനെയും പെരിങ്ങര പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന പ്രധാന റോഡുകളിൽ പെട്ടവയാണ് നീരേറ്റുപുറം-ചാത്തങ്കേരി റോഡും, പൊടുയാടി-മേപ്രാൽ കൃഷ്ണപാദം റോഡും.

ജലഗതാഗതം മുൻകാലങ്ങളിൽ പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും വേണ്ടുവോളം ഉണ്ടായിരുന്നു. തോടുകളുടെ ആഴം കുറയുകയും കൃഷിക്കായി തട അണകൾ സ്ഥാപിക്കുകയും, ഉയരം കുറഞ്ഞ പാലങ്ങൾ ആവിർഭാവിക്കുകയും ചെയ്തതോടെ

ജലഗതാഗതം വളരെ കുറയുകയും, റോഡുഗതാഗതം അഭിവൃദ്ധിപ്പെടുകയും ചെയ്യുകയുണ്ടായി.

മുഖ്യമായും പെരിങ്ങര പാലവും എഴിഞ്ഞില്ലം പാലം, ചത്തങ്കേരി പാലം, കാരയ്ക്കൽ പള്ളിപ്പാലം, കുരച്ചാൽ, കുട്ടുമ്മേൽ, ചെറുമുട്ടാടത്തു പാലം എന്നിവയും പഞ്ചായത്തിൻെറ ഗതാഗത വികസനത്തിന് എടുത്തു പറയേണ്ടതാകുന്നു. അതിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നത് പെരിങ്ങര പാലം ആണ്. വില്ലേജ് യൂണിയൻ സംഘാടകനും, പിന്നീട് ഏറെനാൾ പഞ്ചായത്തിൻെറ പ്രവർത്തനം, ഓഫീസ് കെട്ടിടം, റോഡ് നിർമ്മാണം, എന്നിവ ഉൾപ്പെടെയുള്ള എല്ലാവിധ പ്രവത്തന രംഗത്തും അഗ്രഗണ്യന് നേതൃത്വം നല്കിയ വ്യക്തിയുമായ ശ്രീ. പി.എൻ. നമ്പൂതിരി, ഇളമൺ അവർകളെ ഈ കാര്യത്തിൽ വളരെയധികം പ്രശംസിക്കേണ്ടതായിട്ടുണ്ട്.

പഞ്ചായത്തിലുള്ള റോഡുകളുടെ ആകെ നീളം 185.4 കിലോമീറ്റർ ആണ്. അതിൽ 49.5 കി.മി. പി.ഡബ്ല്യു.ഡി. യുടെ അധീനത്തിലും പരിചരണത്തിലും ഉള്ളതാണ്. ഇവ മിക്കവാറും എല്ലാംതന്നെ ചെമ്മൺ റോഡുകളും ബലക്കുറവുള്ള ചെറു റോഡുകളും ആകുന്നു. മറ്റു ഗ്രാമീണ റോഡുകൾ എല്ലാം തന്നെ താഴ്ന്ന പ്രദേശങ്ങളിലുള്ളവയും വെള്ളപ്പൊക്കഭീഷണി നേരിടുന്നതാകയാലും ഇതിൻെറ മെയിൻറനൻസ് ഒരു വലിയ പ്രശ്നമായി തന്നെ പഞ്ചായത്തിനെ ബാധിക്കുന്നു. നിലവിലുള്ള ഗ്രാൻറുകൾ ഇവയുടെ കാലാകാല മരാമത്തുകൾക്ക് ഒട്ടും ഉചിതമല്ല. നിരന്തരമായ ഉപയോഗം, ജലഗതാഗതത്തിൻെറ കുറവ് ഇവ റോഡുകളെ ദുർബലമാക്കിക്കൊണ്ടേ ഇരിക്കുന്നു. പഞ്ചായത്തിൻെറ പരിമിതികൾക്ക് ഉള്ളിൽ നിന്നുകൊണ്ട് നടത്തുന്ന മരാമത്തു പണികൾ റോഡു ഗതാഗതത്തിൻെറ മേന്മ വർദ്ധിപ്പിക്കുവാൻ ഒട്ടും തന്നെ സാദ്ധ്യമാകുന്നില്ല. ഇപ്പോൾ നിലവിലുള്ള റോഡുകൾ പോലും പഞ്ചായത്തിലെ. എല്ലാഭാഗത്തും ഗതാഗത പ്രശ്നം പരിഹരിക്കാനുതകുന്നില്ല. ഏതാണ്ട് 35 % ഭാഗത്തും ഇപ്പോൾ വാഹന ഗതാഗതം നടത്തുവാനുള്ള റോഡുകൾ പോലുമില്ലാത്ത നിലയിലായിരിക്കുന്നു. റോഡുകൾ നിലവിലുള്ളതു തന്നെ വർഷകാലത്തും, വെള്ളപ്പൊക്കകാലത്തും കാൽ നടക്കായിപ്പോലും ഉപയോഗ യോജ്യമല്ലാത്ത സ്ഥിതിയിലാണ്.

ഗതാഗതത്തിനായി ഇപ്പോൾ വരെ നാലു കടത്തു വള്ളങ്ങൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു. അതിൽ ഒരെണ്ണം മാത്രം ഇപ്പോൾ സജീവമാണ്. മറ്റുള്ള കടത്തുകൾക്കുമീതെ താല്ക്കാലിക പാലങ്ങൾ നാട്ടുകാരുടെയും പഞ്ചായത്തിൻെറയും ശ്രമഫലമായി നിർമ്മിച്ച് ഉപയോഗിച്ചു വരുന്നു. ഇതിൻെറ മരാമത്ത് ചെലവ് പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതിയെ ചോദ്യം ചെയ്യുന്നുണ്ട്.

## പ്രശ്നങ്ങൾ, നിർദ്ദേശങ്ങൾ

1. കൂടുതലായും താഴ്ന്ന പ്രദേശമാകയാൽ ആണ്ടുതോറും നിലവിലുള്ള റോഡുകളുടെ മരാമത്തു പണികൾക്ക് ഭീമമായ ഒരുതുക പഞ്ചായത്തിന് ചെലവാക്കണം എങ്കിലും അത്. എല്ലാ വാർഡുകളിലും കാര്യക്ഷമമല്ല.

കൂടുതൽ തുക വില്ലേജ് റോഡ് മെയിൻറനൻസിനായി നീക്കിവയ്ക്കുക വഴി ഒരു പരിധി വരെ ഇത് സാധിക്കാം. സർക്കാരിൽ നിന്നും അത് അനുവദിപ്പിക്കുന്നതിന് വേണ്ടി നടപടി എടുക്കുക.

2. മിക്കവാറും എല്ലാ റോഡുകളും നാട്ടുതോടുകളുടെയും, ചെറിയ കൈവഴികളുടെയും, ബണ്ടു റോഡുകളായി നിലവിലിരിക്കെ വെള്ളപ്പൊക്കഭീഷണി നേരിടുന്നു. കാലാകാലങ്ങളിലെ വെള്ളപ്പാ

ച്ചിലിൽ തിട്ട ഇടിഞ്ഞു തകർന്ന് വീതി കുറയുകയും സഞ്ചാരയോഗ്യമല്ലാതായിത്തീരുകയും ചെയ്തിരിക്കുന്നു.

മൈനർ ഇറിഗേഷൻ, സോയിൽ ഇറിഗേഷൻ എന്നീ വകുപ്പുകളിൽക്കൂടിയും, മറ്റ് ഇതര വകുപ്പുകളിൽ നിന്നും കൂടുതൽ സാമ്പത്തിക സഹായം ഉറപ്പു വരുത്തി ഈ റോഡുകളുടെ പാർശ്വഭിത്തികൾ കരിങ്കല്ലുകൊണ്ട് കെട്ടി ബലപ്പെടുത്തി മണ്ണും റോഡും ഒലിച്ചു പോകുന്നത് തടയുന്നതിന് നടപടി എടുക്കണം.

3. ഗ്രാമീണ റോഡുകൾ ഉള്ള ഉൾനാടൻ പ്രദേശങ്ങളിൽ വെള്ളക്കെട്ടും കുണ്ടും കുഴികളും കൊണ്ട് സഞ്ചാരയോഗ്യമല്ലാതെ ആകുന്നു.

നിലവിലുള്ള തലത്തിൽ നിന്നും ഉയർത്തി മെറ്റൽ/ഗ്രാവൽ ഇട്ട് ഉറപ്പിച്ച് വാർഷിക മെയിൻറനൻസ് ഉറപ്പു വരുത്തുക. അനധികൃതമായ ഗതാഗതം ഒരു പരിധി വരെ നിയന്ത്രിക്കുക. ഓടകൾ കുഴിക്കുവാൻ തക്കവീതിയില്ലാത്ത റോഡുകളുടെ തടങ്ങൾ ഉയർത്തി വെള്ളം ഒലിച്ചു പോകുവാനുള്ള നടപടികൾ ഒരു പരിധി വരെ റോഡുകളുടെ മേന്മ ഉറപ്പു വരുത്തുന്നു.



## ഊർജ്ജം

കാർഷിക മേഖലയായ അപ്പർ കുട്ടനാടൻ പ്രദേശമായ പഞ്ചായത്തിൻെറ 80 % പ്രദേശവും വെള്ളത്താൽ ചുറ്റപ്പെട്ടതും നെൽവയലുകൾ ഉൾപ്പെട്ടതുമാണ്. ഏകദേശം 70 % പ്രദേശങ്ങളിൽ മാത്രമേ ഇപ്പോഴും വൈദ്യുത ലൈൻ ചെന്നെത്തപ്പെട്ടിട്ടുള്ളൂ. വൻകിട ഫാക്ടറികൾ ഒന്നും തന്നെ ഇല്ലാത്ത വൈദ്യുത ഉപഭോഗം കുറഞ്ഞ അളവിൽ നടക്കുന്ന ഒരു പഞ്ചായത്താണിത്. ചെറുകിട ഫാക്ടറികൾക്കും, വർക്കു ഷോപ്പുകൾക്കും വയലിൽ വെള്ളം പമ്പിംഗിനും, ഗാർഹിക ഉപഭോഗത്തിനും, വഴിവിളക്കുകൾക്കും മറ്റുമായി ഉപയോഗം താരതമ്യേന കുറവാണ്. പഞ്ചായത്തിൽ നിന്നും ആകെ വരുമാനത്തിൻെറ 9.37 % തുക തെരുവു വിളക്കുകളുടെ ചെലവിനായി വർഷംതോറും നല്കിവരുന്നു. എന്നാൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതായി കണ്ടുവരുന്നില്ല. ഒരു പൂ കൃഷിയാണ് സാധാരണ നടക്കാറുള്ളത് എങ്കിലും വെള്ളം പറ്റിക്കുന്നതിനും തിരികെകയറ്റുന്നതിനുമായി നല്ലൊരു ശതമാനം വദ്യുച്ഛക്തി ഉപയോഗിക്കുന്നുണ്ട്. വേൾട്ടേജ് ക്ഷാമം പൊതുവെ എല്ലായിടത്തും കാണുന്നു.

ഗാർഹിക ഉപയോഗത്തിനാണ് വൈദ്യുതി കൂടുതലി ഉപയോഗിക്കുന്നത്. ജീവിത നിലവാരത്തിൻെറ തോത് ഉയർത്തപ്പെടുന്നത് ഇതിന് മുഖ്യകാരണം ആയി കാണുന്നു. വൈദ്യുതിയുടെ ഉപഭോക്താക്കളായി മാറുന്ന സാധാരണക്കാർ പോലും ഗാർഹിക ഉപകരണങ്ങൾ ആയ ടി.വി., ഫ്രിഡ്ജ്, തുടങ്ങിയവയെ അശ്രയിച്ചത് ഒരു കാരണമാകുന്നു. ഇത് പ്രതിദിന ഉപഭോഗത്തെ കാര്യമായി ബാധിക്കുക വഴി വേൾട്ടേജ്ക്ഷാമം ഉടലെടുക്കുന്നുണ്ട്.

വൈദ്യുതി കഴിഞ്ഞാലുള്ള് പ്രധാന ഇന്ധനം

പാചക ഇന്ധനങ്ങളാണ്. ഗ്രാമപ്രദേശങ്ങളിൽ വിറക് , മണ്ണെണ്ണ അറക്കപ്പൊടി ഇവയാണ് പ്രധാന പാചക ഇന്ധനങ്ങൾ. പാചക ഗ്യാസുകളുടെ ലഭ്യത, ഇന്ധനക്ഷമതയുള്ള പാചക അടുപ്പുകൾ ഇവ പ്രചാരത്തിൽ വന്നതോടെ വിറകിന്റെയും മണ്ണെണ്ണയുടെയും ഉപയോഗം അല്പം കുറഞ്ഞിരിക്കുന്നു. ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുവാൻ പറ്റുന്ന ഒരു ഭൂപ്രകൃതിയല്ല, ഗ്രാമ പ്രദേശങ്ങൾക്കുള്ളത്. വെള്ളപ്പൊക്കം മൂലം ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായ രീതിയിൽ മുമ്പോട്ടുകൊണ്ടുപോകാൻ സാധിക്കായ്കയാലാവാം ഈ പദ്ധതി പഞ്ചായത്തിൽ വളരെ കുറവ് എന്നുതന്നെയല്ല ഇല്ല എന്നു തന്നെ പറയാം. അറക്കപ്പൊടി, നെല്ല്കുത്തിയ ഉമി, കരിമ്പിൻ ചണ്ടി ഇവയാണ് വിറകും, മണ്ണെണ്ണയും കഴിഞ്ഞാൽ സാധാരണ ഉപയോഗിച്ചു വന്നിരുന്ന ഇന്ധനങ്ങൾ. കരിമ്പു കൃഷി മന്ദീഭവിച്ചതോടുകൂടി കരിമ്പിൻ ചണ്ടി കിട്ടാത്ത അവസ്ഥയിലാണ്. പാരമ്പര്യ ഊർജ്ജസ്രോതസ്സുകൾ ഒന്നും തന്നെ ഇല്ല എന്നു പറയാം.

## പ്രശ്നങ്ങൾ / നിർദ്ദേശങ്ങൾ

വൈദ്യുതിയുടെ വോൾട്ടേജ് ക്ഷാമം മൂലവും വൈദ്യുതി എത്താനുള്ള ബുദ്ധിമുട്ടുകളുംമൂലം പല വ്യവസായ സംരംഭകരുടെയും ഉത്സാഹത്തെ ശമിപ്പിക്കുക വഴി വ്യവസായ പുരോഗതിയുടെ പാതയിൽ പഞ്ചായത്തിന്റെ നില മോശമായിരിക്കുന്നു. വിറക് ഇന്ധനമായി ഉപയോഗിക്കുന്ന സാധാരണ ജനങ്ങൾ പാചക ഇന്ധന ക്ഷാമം മൂലം വർഷകാലങ്ങളിൽ വളരെയധികം ബുദ്ധി മുട്ടുകൾ സഹിക്കുന്നു.

ഇന്ധന ദുരുപയോഗത്തെ കുറിച്ചും, മറ്റുമുള്ള ബോധവൽക്കരണത്തിന്റെ അഭാവം മൂലം ഊർജ്ജലാഭമുള്ള ദീപങ്ങൾ, അടുപ്പുകൾ, മുതലായവ പ്രചരിക്കാനുള്ള സാധ്യതകുറവാണ്. ക്ഷമത കൂടുതലുള്ള വിറകടുപ്പുകൾ പ്രചരിപ്പിക്കുക. അതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക. വിറക് ഉത്പാദനം വർദ്ധിപ്പിക്കുവനുള്ള ലക്ഷ്യത്തോടെ സാമൂഹ്യ വനവൽക്കരണം മുതലായവ നടപ്പിലാക്കുക.

വൈദ്യുത ലൈനുകളിൽ മുട്ടിനില്ക്കുന്ന വൃക്ഷങ്ങൾ വെട്ടിമാറ്റുവാൻ മുൻകൈ എടുക്കുക. കാറ്റ്, സൗരോർജ്ജം തുടങ്ങിയവയിലൂടെ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ പ്രചരിപ്പിക്കുക.

## മാർക്കറ്റ്

പെരിങ്ങരയെ സംബന്ധിച്ചിടത്തോളം ഒരു പൊതു മാർക്കറ്റിന് സ്ഥലം ഇല്ലാത്ത ഒരു പഞ്ചായത്താണ്. തദ്ദേശ ഉത്പന്നങ്ങളായ കൃഷി ഉത്പന്നങ്ങളുടെ വിപണന രീതി, സമാഹരണം ഇവ കൃഷിയിടങ്ങളിൽ നിന്നു തന്നെ ആയി തീരുന്നതും സംഭരണ ശേഷിയുള്ള ഗോഡൗണുകളുടെ അഭാവവും വിപണന രംഗത്തെ അപാകതകളായികാണുന്നു. നിത്യോപയോഗ സാധനങ്ങളുടെയും മറ്റു കാർഷിക ഉത്പന്നങ്ങളുടെയും വിറ്റുവരവ് നടക്കുന്നത് ഏറ്റവും അടുത്തുള്ള മാർക്കറ്റായി നടന്നു വരുന്ന തിരുവല്ലാ ടൗണിൽ ആണ്. കാലങ്ങൾക്കു മുൻപ് പെരിങ്ങര ജംഗഷൻ ഒരു അന്തിച്ചന്തയായിരുന്നു. എന്നാൽ പുതിയ ഘടകങ്ങളുടെയും മറ്റു വ്യവസായ യൂണിറ്റുകളുടെയും ആവിർ ഭാവത്തോടുകൂടി ഈ ഗ്രാമ ചന്ത അപ്രത്യക്ഷമായി. കൃഷി ഉത്പാദനം, പച്ചക്കറികൾ ഇവ വളരകുറഞ്ഞ നിലവാരത്തിലേക്ക് മാറിയത് വിപണന സാങ്കേതങ്ങളുടെ തിരോധാനത്തിനു വഴിയൊരുക്കി. ഉൾ ഗ്രാമ പ്രദേശത്തേയും മറ്റും വിഭവങ്ങൾ തിരുവല്ലാ കേന്ദ്രീകരിച്ച് കൂടുതൽ

ലാഭകരമായി വിപണനം നടത്തുന്നതിന് പ്രേരകമായി ഭവിച്ചു. ചെറിയ പച്ചക്കറി, നിത്യോപയോഗസാധനങ്ങൾ ഇവയൊക്കെ ഇന്ന് വെളിയിൽ നിന്നും വാങ്ങുവാനുള്ള പ്രവണതയാണ് കൂടുതലായി കണ്ടുവരുന്നത്. മത്സ്യം മാംസം എന്നിവയ്ക്കു പോലും നാമമാത്രമായ കേന്ദ്രങ്ങൾ മാത്രമേ പഞ്ചായത്തിൽ നിലനില്ക്കുന്നുള്ളൂ. പട്ടണങ്ങളെ ആശ്രയിക്കുന്ന ഒരു ജന സമൂഹത്തിന്റെ പിറവിയായി മാറി വരുന്നു.

### പ്രശ്നങ്ങൾ

കാർഷിക വൃത്തിയിലേർപ്പെട്ടിരിക്കുന്ന ആളുകളുടെ എണ്ണം കുറയുകയും സാമ്പത്തികമായി ഉയരുവാനുള്ള മാർഗ്ഗങ്ങൾ പുതുതായും തേടിയതുവഴി നിത്യോപയോഗ സാധനങ്ങളായ കൃഷി ഉത്പ്പന്നങ്ങൾ പഞ്ചായത്തിൽ നിന്നും അപ്രത്യക്ഷമായി. ഗ്രാമങ്ങളിൽ ഉയർന്നു വരുന്ന ഉത്പാദന ചെലവിന് ആനുപാതികമായി വില ലഭിക്കാതെ വരികയും അതിനെക്കാൾ വിലക്കുറവിലും ലാഭത്തിലും സാധനങ്ങൾ ഗ്രാമത്തിനു വെളിയിൽ ലഭിക്കുന്ന പ്രവണത ഉയർന്നു വരുകയും ചെയ്തു.

പൊതു മാർക്കറ്റിനായി സ്ഥലം സ്വരൂപിക്കാനും മാർക്കറ്റ് തുടങ്ങുവാനുള്ള പദ്ധതിയ്ക്കോ മുൻകൈ എടുക്കുവാനുള്ള താല്പര്യക്കുറവ് പഞ്ചായത്തിനും, നാട്ടുകാരിലും ഉണ്ടായിരിക്കുന്നു.

ചെറുകിട സ്വകാര്യ സ്റ്റാളുകളുടെയും കച്ചവടകേന്ദ്രങ്ങളുടെയും ആവിർഭാവം, സാധങ്ങളുടെ അനുസ്യൂതമായ ലഭ്യത തുടങ്ങിയവ കൂടുതലും പൊതുമാർക്കറ്റിംഗ് സമ്പ്രദായത്തെ മടുപ്പിക്കുന്നു.

### നിർദ്ദേശങ്ങൾ

ചെറുകിട യൂണിറ്റുകൾ മുഖാന്തിരം ഉത്പ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുകയും പൊതുസ്ഥലം കണ്ടെത്തി ഗ്രോത്തു സെൻറർ, മാർക്കറ്റിംഗ് ഏരിയ എന്നിവ നിർമ്മിച്ച് നല്കുക.

നിലവിലുള്ള വ്യവസായങ്ങൾക്ക് സഹായങ്ങൾ നല്കി പോഷിപ്പിക്കുക.

വാർഡുകളുടെ സംഗമ സ്ഥാനങ്ങൾ സർവ്വേ നടത്തി ഷോപ്പിംഗ് കോംപ്ലക്സ് തുറന്ന് മാർക്കറ്റ് മുതലായവയുടെ സാധ്യത ഉറപ്പുവരുത്തുക.



# പാർപ്പിടവും സാമൂഹ്യക്ഷേമവും

പെരിങ്ങര പഞ്ചായത്തിലെ പാർപ്പിട സ്ഥിതി പൊതുവേ തൃപ്തികരമാണ്. ഭൂരിപക്ഷം ജനങ്ങളും ചെറുകിട കൃഷിക്കാരും കർഷകത്തൊഴിലാളികളുമാണ്. 1995 ലെ ഔദ്യോഗിക കണക്കനുസരിച്ച് 5619 ഭവനങ്ങളാണ് ഇവിടെയുള്ളത്. കെട്ടിട നിർമ്മാണ മേഖലയിൽ വിദേശ പണത്തിന്റെ സ്വാധീനം ഗണ്യമായി വർദ്ധിച്ചിരിക്കുന്നു. വീടുകളിൽ 70 % ഓടു മേഞ്ഞവയാണ്. കോൺക്രീറ്റ് മേൽക്കൂരയുള്ളവ 15 ശതമാനത്തോളം വരും. ഓലമേഞ്ഞ വീടുകൾ നന്നേകുറവാണ്. 80 % വീടുകളുടേയും ചുമരുകൾ ഇഷ്ടികകൊണ്ട് നിർമ്മിച്ചിരിക്കുന്നു. വെട്ടുകല്ല്, സിമൻറ്, ഇഷ്ടിക എന്നിവയും ചുരുക്കമായി ഉപയോഗിച്ചുവരുന്നു. ചുമരുകൾ ഓലയോ പലകയോ വച്ചു മറച്ച് തറ പരമ്പരാഗത രീതിയിൽ ചാണകം മെഴുകിയ കുടിലുകൾ 5 % വരും. 300 മുതൽ 500 വരെ ച. അടി വിസ്തീർണ്ണമുള്ള ചെറുകിട ഭവനങ്ങൾ 30 % ത്തിലേറെയാണ്. 300 ച.അടിയിലും കുറഞ്ഞ വിസ്തീർണ്ണമുള്ള 350 ഓളം വീടുകളുണ്ട്. തറ, ഭിത്തി, മേൽക്കൂര എന്നിവ തൃപ്തികരമാം വിധം ബലവത്തല്ലാത്ത 500 ൽ അധികം ഭവനങ്ങളുമുണ്ട്. പൊതുവേ താണ പ്രദേശമായതിൽ, തോടുകളിലും പുഞ്ചപ്പാടങ്ങളിലും ശരാശരി നാലടി ജലവിതാനമുയരുമ്പോൾ 20 ശതമാനം വീടുകൾക്കുള്ളിലും വെള്ളം കയറുന്നു. സർക്കാർ പദ്ധതികളിലൂടെ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 33 വീടുകൾ പണിതീർത്തിട്ടുണ്ട്. സർക്കാരിൽ നിന്നും ലോണെടുത്ത് കെട്ടിടം വച്ചശേഷം വായ്പതിരിച്ചടയ്ക്കാനാകാതെ വിഷമിക്കുന്നവർ വളരെയുണ്ട്. ഇവരിൽ ഭൂരിപക്ഷവും പിന്നോക്ക സമുദായത്തിൽ പെട്ടവരുമാണ്. 1995 ലെ കണക്കനുസരിച്ച് സർക്കാരിൽ നിന്നും വിവിധ സഹായങ്ങൾ ലഭിക്കുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു.



വാർധക്യകാല പെൻഷൻ : 28

വിധവാ പെൻഷൻ : 89

നിലത്തെഴുത്താശാൻമാർക്കുള്ളപെൻഷൻ : 9

നിലവിലുള്ള ക്ഷേമ പദ്ധതികളുടെ വ്യാപ്തി വർദ്ധിപ്പിച്ച്, അർഹരായവരെ ഇനിയും കണ്ടെത്തുന്നതിന് ജനകീയ കമ്മറ്റികളുടെ അഭിപ്രായമാരാഞ്ഞ്, ആനുകൂല്യം കാലവിളംബ മെന്യേ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പ്രതികൂല കാലാവസ്ഥയും വെള്ളപ്പൊക്കവും ഒഴിയാബാധകളായി തുടർന്നുപോരുന്ന നമ്മുടെ പഞ്ചായത്തിൽ വീടുകളും അനുബന്ധ സൗകര്യങ്ങളും കാലാവസ്ഥയ്ക്കും ഭൂപ്രകൃതിയ്ക്കും യോജിച്ച രീതിയിൽ നിർമ്മിക്കാത്തതിൻെറ വൈഷമ്യങ്ങൾ ഒട്ടേറെയുണ്ട്. ഉദാഹരണത്തിന് സേഫ്റ്റി ടാങ്കുകൾ നിർമ്മിക്കാത്തതുമൂലം വെള്ളപ്പൊക്ക സമയങ്ങളിൽ 50 % കക്കൂസുകളും ഉപയോഗയോഗ്യമല്ലാതാകുന്നു. ഇത് ഒട്ടേറെ ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഹേതുവാകാറുണ്ട്. ശാസ്ത്രീയമായി നിർമ്മിക്കാത്തതുകൊണ്ട് ഭൂരിപക്ഷം കാലിത്തൊഴുത്തുകളും മഴക്കാലത്ത് ഉപയോഗ ശൂന്യമാവുകയോ നശിക്കുകയോ ചെയ്യുന്നു. ഇക്കാരണങ്ങളാൽ മുഴുവൻ കക്കൂസുകൾക്കും സേഫ്റ്റി ടാങ്കുകൾ നിർമ്മിക്കുന്നതിനും പ്രതികൂല കാലാവസ്ഥയെ അതിജീവിക്കാൻ പറ്റിയ കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിനും സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടത് അടിയന്തിര പ്രാധാന്യമുള്ള ആവശ്യമാണ്.

പിന്നോക്ക വിഭാഗങ്ങൾക്ക് വിവിധ സാമൂഹ്യ പദ്ധതികളിലൂടെ നടപ്പാക്കിവരുന്നസഹായങ്ങൾ അനർഹർ തട്ടിയെടുക്കുന്നതും സാമ്പത്തിക കെടുകാര്യസ്ഥത മൂലം വീടുപണി പകുതി വെച്ച് ഉപേക്ഷിക്കേണ്ടി വരുന്നതും വ്യാപകമായിട്ടുണ്ട്. പഞ്ചായത്തു കമ്മറ്റി ജനകീയ സഹകരണത്തോടെ ഇതിനെതിരെ ജാഗരൂകമായി പ്രവർത്തിക്കേണ്ടതും ദീർഘവീക്ഷണത്തോടെ പദ്ധതികൾ നടപ്പാക്കേണ്ടതുമാവശ്യമാണ്.

## *ഗ്രാമ വികസന വകുപ്പിൻെറ പ്രധാന ക്ഷേമ പദ്ധതികൾ*

ദാരിദ്ര്യ രേഖയ്ക്ക് താഴെ കഴിയുന്ന ഗ്രാമീണ ജനങ്ങളുടെ സമുദ്ധാരണവും ഗ്രാമീണ മേഖലയുടെ സമഗ്ര വികസനവും ലക്ഷ്യമാക്കിക്കൊണ്ടുള്ള വിവിധ പദ്ധതികൾ ഗ്രാമ വികസന വകുപ്പ് നടപ്പാക്കിവരുന്നു. ഈ പദ്ധതികളുടെ നടത്തിപ്പിൽ സുപ്രധാനമായ പങ്കാണ് ഗ്രാമ പഞ്ചായത്തുകൾക്കുള്ളത്. ഗ്രാമ വികസന വകുപ്പിൻെറ കീഴിൽ നടപ്പാക്കി വരുന്ന പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്.

### 1. സംയോജിത ഗ്രാമ വികസന പരിപാടി (ഐ.ആർ.ഡി.പി.)

ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കാനായി കേന്ദ്രസംസ്ഥാന ഗവൺമെൻറുകൾ തുല്യതോതിൽ ചെലവ് പങ്കിടുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തുകൊണ്ട് ദാരിദ്ര്യരേഖ തരണം ചെയ്യാൻ ഗ്രാമീണ ജനങ്ങളെ സഹായിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഓരോ വർഷവും ബ്ലോക്ക് ഡവലപ്മെൻറ് ആഫീസർമാർ സഹായം ആവശ്യമായ കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. പഞ്ചായത്ത് അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഈ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റികളിൽ ചർച്ച ചെയ്ത് ബ്ലോക്ക് പഞ്ചായത്തിൻെറ അംഗീകാരത്തോടുകൂടി പ്രസിദ്ധീകരിക്കുന്നു. ബാങ്കുകൾ മുഖേനയാണ് വായ്പകൾ ലഭ്യമാക്കുന്നത്. പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കും സ്ത്രീകൾക്കും വികലാംഗർക്കും ഈ

പദ്ധതിയിൽ മുൻഗണനന ഉറപ്പാക്കുന്നു.

### 2. ട്രൈസം (ട്രെയിനിംഗ് ഓഫ് റൂറൽ യൂത്ത് ഫോർ സെൽഫ് എംപ്ലോയ്മെൻറ്)

ഗ്രാമീണയുവാക്കൾക്ക് ചെറുകിട കുടിൽ വ്യവസായ-സർവ്വീസ് മേഖലകളിൽ സ്വയം തൊഴിൽ പരിശീലനം നൽകി, അവർക്ക് ഐ.ആർ.ഡി.പി യുടെ പൂർണ്ണ പ്രയോജനം ലഭ്യമാക്കാനുദ്ദേശിച്ചാണ് ഈ പരിപാടി നടപ്പാക്കുന്നത്. സാങ്കേതിക ജ്ഞാനം നേടിയ 50 പേർക്ക് പ്രതിവർഷം ഓരോ ബ്ലോക്കിലും ഇതിൻെറ പ്രയോജനം ലഭിക്കും. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സ്വയം തൊഴിലിന് വായ്പയും സബ്സിഡിയും ലഭിക്കും. പരിശീലന കാലത്ത് സ്റ്റൈപ്പൻറും ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായവും നൽകിവരുന്നു.

### 3. ഗ്രാമീണ വനിതാ-ശിശു വികസന പദ്ധതി (ഡി.ഡബ്ല്യു.സി.ആർ.എ.)

ഐ.ആർ.ഡി. പി. യുടെ അനുബന്ധമായി നടപ്പാക്കുന്ന ഒരു പരിപാടിയാണിത്. 1983-84 ൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ പരിപാടികൾക്ക് വായ്പയും ധന സഹായവും നൽകുന്നു.

### 4. ജവഹർ തൊഴിൽദാന പദ്ധതി (ജെ .ആർ. വൈ.)

നിലവിലുണ്ടായിരുന്ന എൻ.ആർ.ഇ.പി., ആർ.എൽ.ഇ.ജി.പി. എന്നീ പദ്ധതികളെ ലയിപ്പിച്ചു കൊണ്ട് 1989 ഏപ്രിലിൽ ആരംഭിച്ച പദ്ധതിയാണ് ജവഹർ റോസ്ഗാർ യോജന. തൊഴിൽ രഹിതരായ യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുക എന്നതാണ് ഈ പരിപാടിയുടെ മുഖ്യ ലക്ഷ്യം. പദ്ധതിച്ചെലവ് 80:20 എന്ന അനുപാതത്തിൽ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ സംയുക്തമായി വഹിക്കുന്നു. പദ്ധതിയുടെ 2 % ഭരണച്ചെലവുകൾക്കായി മാറ്റിവച്ച ശേഷം ബാക്കി തുക 20:80 എന്ന അനുപാതതിൽ ജില്ലാ ഗ്രാമവികസന ഏജൻസികൾക്കുംപഞ്ചായത്തുകൾക്കുമായി വിഭജിക്കുന്നു.

### 5. മില്ല്യൺ വെൽസ് സ്കീം

ജവഹർ റോസ്ഗാർ യോജനക്കായി ലഭിക്കുന്ന മൊത്തം വിഹിതത്തിൻെറ 20 % തുക മില്യൺ വെൽസ് സ്കീം എന്ന പദ്ധതിക്കായി മാറ്റി വച്ചിരിക്കുന്നു. ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടിക-ജാതി-പട്ടികവർഗ്ഗക്കാരിലെ ചെറുകിട-നാമമാത്ര കൃഷിക്കാർ, അടിമപ്പണിയിൽ നിന്ന് മോചനം ലഭിച്ചവർ എന്നിവർക്കാണ് ഈ പദ്ധതി പ്രകാരം സഹായം ലഭിക്കുന്നത്.

### 6. മാതൃ-ശിശുക്ഷേമ പരിപാടികൾ,

പോഷകാഹാര വിതരണ കേന്ദ്രങ്ങൾ, സമഗ്ര മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ തുടങ്ങിയവയിലൂടെയുള്ള പോഷകാഹാര വിതരണ പരിപാടി മുഖേന കുഞ്ഞുങ്ങളും ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും ഉൾപ്പെടെ രണ്ടു ലക്ഷത്തോളം പേർക്ക് ഓരോ വർഷവും പോഷകാഹാരം നൽകുന്നു.

## *പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും*

1. കെട്ടിട നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല്, മണൽ, ഇഷ്ടിക എന്നിവ ആവശ്യാനുസരണം ലഭ്യമല്ല.

2. സാങ്കേതിക ജ്ഞാനമുള്ള നിർമ്മാണത്തൊഴിലാളികൾ വളരെ കുറവാണ്.

3. സ്ഥിരവരുമാനമില്ലാത്തവർക്ക് കെട്ടിട നിർമ്മാണ വായ്പ ലഭിക്കുന്നില്ല.

4. പഞ്ചായത്ത് പരിധിയിൽ മിച്ചഭൂമി യുണ്ടെങ്കിലും ദുർബല വിഭാഗക്കാർക്കെല്ലാം ഭവന നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭിച്ചിട്ടില്ല.

5. വിധവകൾക്കും അവശ വിഭാഗക്കാർക്കും ഭവന നിർമ്മാണവായ്പാ വ്യവസ്ഥ കൈയെത്താ ദൂരെത്താണ്.

6. ഡ്രെയിനേജ് സൗകര്യം വർദ്ധിപ്പിച്ച് ജലം ഒഴുകിപ്പോകാൻ മാർഗ്ഗമുണ്ടാക്കിയാൽ പെട്ടന്നുണ്ടാകുന്ന ജലപ്പെരുപ്പം നിയന്ത്രണ വിധേയമാക്കാവുന്നതാണ്.

7. ആലംബഹീനരായ വൃദ്ധജനങ്ങൾക്ക് അഭയം നൽകുന്നതിനുള്ള യാതൊരു സജ്ജീകരണവും പഞ്ചായത്തിലില്ല.

8. വാർഡുതോറും അങ്കൻവാടികൾ തുറന്ന് അവയ്ക്ക് സ്വന്തമായി സ്ഥലവും, കെട്ടിടവും ഉപകരണങ്ങളും ഏർപ്പാടാക്കണം.

9. കുട്ടികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, ഗർഭിണികൾക്കും പോഷകാഹാരക്കുറവ് അനുഭവപ്പെടുന്നു.

10. ചെറുകിട നാമമാത്ര കർഷകർക്ക് ഇനിയും പെൻഷൻ അനുവദിച്ചിട്ടില്ല..

11. ഹരിജൻ കോളനികളിലെല്ലാം കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിക്കുകയും ദൃശ്യശ്രാവ്യ ഉപകരണങ്ങൾ സൗജന്യമായി സ്ഥാപിക്കുകയും വേണം.

12. മഹിളാ സമാജങ്ങൾക്ക് അംഗീകാരം നൽകി സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ബോധവൽക്കരണവും പരിശീലനവും നല്കണം.



# സംസ്കാരം

പെരിങ്ങര പഞ്ചായത്ത് സാസ്കാരികമായി മുൻ പന്തിയിൽ നിൽക്കുന്നു. ഗ്രാമ സംസ്കാരത്തിൻെറ നിഷ്കളങ്കതയും നൈർമല്യവും എങ്ങും ദൃശ്യമാണ്. വിദ്യാഭാസ സാംസ്കാരിക രംഗങ്ങളിൽ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള ഈ പഞ്ചായത്തിൽ കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിൽ അനവധി ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. സാക്ഷരതയിലും പഞ്ചായത്ത് മുൻപന്തിയിൽ തന്നെ. നഴ്സറി മുതൽ ഹൈസ്ക്കൂൾ വരെ 18 ഓളം വിദ്യാലയങ്ങളുണ്ട്.

ഈ ഗ്രാമത്തിലെ ആദ്യത്തെ സാംസ്കാരിക കേന്ദ്രം വി.പി. സ്മാരക ഗ്രന്ഥശാലയാണ്. പഞ്ചായത്തിലെ സാംസ്കാരിക നവോത്ഥാന പ്രവർത്തനങ്ങളുടെ മുഖ്യ സാരഥികളായിരുന്നു , ഇളവൻ മന സഹോദരൻമാരായ വി.പി. കൃഷ്ണൻ നമ്പൂതിരിയും പി.എൻ. നമ്പൂതിരിയും. ആദ്യ ഗ്രന്ഥശാലയായ വി.പി. ഗ്രന്ഥ ശാലയുടെ സ്ഥാപനവും പ്രവർത്തനവും ഇവരുടെ സ്ഥിരോത്സാഹം ഒന്നുകൊണ്ടുതന്നെയാണ് തുടർന്നു പോരുന്നത്. ഈ കുടുംബത്തിലെ തന്നെ രമേശ് ഇളവൻ മന വളർന്നു വരുന്ന സാഹിത്യ പ്രതിഭയാണ്. 7 -ാം വാർഡിലെ മേപ്രാലിൽ ആദരണീയനായ ശ്രീ. കുര്യാക്കോസ് മാർ കുർലോസ് തിരുമേനി സംഭാവന ചെയ്ത സ്ഥലത്ത് പഞ്ചായത്ത് ഒരു ഗ്രന്ഥശാല സ്ഥാപിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ സാംസ്കാരിക മുന്നേറ്റത്തിന് കാതലായ സംഭാവനയാണ് ഈ ഗ്രന്ഥശാലകൾ നൽകിപ്പോരുന്നത്. കൂടാതെ നാട്ടുകാരും യുവാക്കളും മുൻകൈയെടുത്ത് സ്ഥാപിച്ചിട്ടുള്ള ആർട്സ് ആൻറ് സ്പോർട്സ് ക്ലബുകൾ മിക്കവാറും എല്ലാ വാർഡുകളിലും ഉണ്ട്. ഓണം, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകളിൽ പഞ്ചായത്തിൻെറ സഹകരണത്തോടെ ഇവ നടത്തുന്ന സാംസ്കാരിക പരിപാടികൾ പഞ്ചായ



ത്തിൻെറ പൊതുവിലുള്ള സാംസ്കാരികോന്നമന ത്തിന് മുതൽകൂട്ടാണ്.

സമ്പൂർണ്ണ സാക്ഷരത കൈവരിച്ച ഈ പഞ്ചായത്തിൽ രണ്ടു ജനവിദ്യാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പൊതുവെ ഉയർന്ന സാംസ്കാരിക വിദ്യാഭ്യാസ നിലവാരം പുലർത്തുന്ന ഇവിടെ സാക്ഷരതാ പരിപാടി വൻ വിജയമാക്കുന്നതിൽ ഊർജ്ജ സ്വലമായ പ്രവർത്തനങ്ങളാണ് നടന്നത്. തുടർവിദ്യാഭ്യാസ പരിപാടിയും നടക്കുന്നുണ്ട്.

നാനാ ജാതി മതസ്ഥരായ ജന വിഭാഗങ്ങൾ മതസഹിഷ്ണുതയോടും, സൗഹാർദ്ദത്തോടും കഴിയുന്ന ഒരു പ്രദേശമാണിത്. ജാതി വ്യവസ്ഥ നിലനില്ക്കുന്നുണ്ടെങ്കിലും ജാതിയുടെ പേരിലുള്ള വിവേചനം ഒട്ടും തന്നെ പ്രകടമല്ല. ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. ക്രിസ്താനികൾ രണ്ടാം സ്ഥാനത്താണ്. നാമമാത്രമായി മുസ്ലീം ജനവിഭാഗങ്ങളും അധിവസിക്കുന്നു. ക്ഷേത്രങ്ങളും ക്രിസ്ത്യൻ പള്ളികളും പഞ്ചായത്തിൽ ധാരാളം ഉണ്ട്. ഹിന്ദു, ക്രിസ്ത്യൻ മതാഘോഷങ്ങൾ സാംസ്കാരിക ഉണർവ്വിന് മുഖ്യ പങ്കുവഹിക്കുന്നു. പുതുക്കുളങ്ങര ദേവീ ക്ഷേത്രത്തിലെ തീയ്യാട്ട്എന്ന ദൈവീക നാടൻ കലാരൂപം അന്യംനിന്നുകൊണ്ടിരിക്കുന്ന സാംസ്കാരിക പൈതൃകത്തിൻെറ വിശിഷ്ടമായ തിരുശേഷിപ്പാണ്. മതപരമായ ആഘോഷങ്ങൾ എല്ലാ മത വിഭാഗങ്ങളും സഹകരിച്ച് കൊണ്ടാടുന്നു എന്നുള്ള താണ് ഈ ഗ്രാമത്തിൻെറ മുഖ്യ സ്വിശേഷത.

## കേരളോത്സവം

സംസ്ഥാന യുവജനക്ഷേമ വകുപ്പിൻേറയും, തദ്ദേശ സ്വയംഭരണ വകുപ്പിൻേറയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന കലാകായിക മേളയാണ് കേരളോത്സവം. പഞ്ചായത്ത്-ബ്ലോക്ക്-സംസ്ഥാ തലങ്ങളിൽ മൂന്നുഘട്ടങ്ങളിലായി മത്സരങ്ങൾ നടത്തപ്പെടുന്നു. താഴെതലത്തിൽ നിന്നുതന്നെ കലാകായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിന് കേരളോത്സവം പ്രയോജനപ്പെടുന്നു.

കായിക കംഗത്ത് നിർണ്ണായക സംഭാവനകൾ നൽകാൻ കഴിവുള്ള ഒട്ടേറെ പ്രതിഭകൾ ഈ പഞ്ചായത്തിലുണ്ട്. സംസ്ഥാന നിലവാരമുള്ള കായികതാരങ്ങൾ ഇവിടെ നിന്ന് ഉയർന്നു വന്നിട്ടുണ്ട്. ഫുട്ബോളിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. ''സൂര്യകാന്തി'' ക്ലബ് ഒട്ടേറെ ഫുട്ബോൾ പ്രതിഭകളെ വളർത്തിയെടുത്തിട്ടുണ്ട്. സംസ്ഥാന നിലവാരമുള്ള മത്സരങ്ങളിൽ പങ്കെടുത്ത് പുരസ്കാരങ്ങൾ വാരിക്കൂട്ടിയ ചരിത്രം ഇവർക്കുണ്ട്.

## പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിന് സ്വന്തം നിലയിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കാൻ ഇതുവരെകഴിഞ്ഞിട്ടില്ല.

2. ഗ്രന്ഥശാലകൾക്കും ക്ലബുകൾക്കും സർക്കാർ ധനസഹായം യഥാസമയം പര്യാപ്തമായി ലഭ്യമാക്കാൻ കഴിയുന്നില്ല.

3. പുസ്തകങ്ങളുടെ വൻ വിലവർദ്ധനവുമൂലം വിജ്ഞാന പ്രദങ്ങളായ പല പുസ്തകങ്ങളും വാങ്ങുന്നതിൽ ഗ്രന്ഥശാലകൾ ബുദ്ധിമുട്ടുന്നു.

4. രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനം നിർജ്ജീവമാണ്.

5. പാരമ്പര്യ കലാരൂപങ്ങളായ തീയാട്ട്, കോലംതുള്ളൽ, മുടിയാട്ടം, പുള്ളുവൻപാട്ട് മുതലായവ നാശോൻ മുഖമാണ്.

6. ടി.വി. യുടെ അതിപ്രസരം സാംസ്കാരിക പ്രവർത്തനങ്ങളെയും വായനാശീലത്തെയും കാര്യമായി ബാധിച്ചിട്ടുണ്ട്.

7. കലാ കായിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിലും വായനാശീലം വളർത്തുന്നതിലും സ്ക്കൂൾ തലത്തിൽ മുമ്പത്തെപ്പോലെ ശ്രമം ഉണ്ടാകുന്നുല്ല.

## *സാധ്യതകൾ*

1. പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയവും ഇൻഫർമേഷൻ സെൻററും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

2. പഞ്ചായത്തിലെ ഗ്രന്ഥശാലകൾക്കും ആർട്സ് ആൻറ് സ്പോർട്സ് ക്ലബുകൾക്കും യഥാസമയം ധനസഹായം അനുവദിക്കുക. വി.പി. സ്മാരക ഗ്രന്ഥശാലയ്ക്ക് കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുക. നിലവിലുള്ള ഗ്രന്ഥശാലകൾ മുഴുവൻ സമയം പ്രവർത്തിക്കുന്നതിനും കൂടുതൽ പുസ്തകങ്ങളും ആനുകാലികങ്ങളും ലഭ്യമാക്കുന്നതിനും സജ്ജമാക്കുക. സ്കൂൾ ലൈബ്രറികൾക്ക് കൂടുതൽ പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുക.

3. തുടർ സാക്ഷരതാ പരിപാടി കൂടുതൽ സജീവമാക്കുക.

4. പഞ്ചായത്തിൽ പൊതുവായി ഒരു റേഡിയോ - ടി.വി. സെൻറർ തുറക്കാൻ നടപടി സ്വീകരിക്കുക.

5. സാംസ്കാരിക പ്രവർത്തനങ്ങൾ കൂടുതൽ സജീവവും ഊർജ്ജസ്വലവുമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുള്ള ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുക.

6. പരിചയസമ്പന്നരായ കലാ-കായിക പ്രതിഭകളെ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികൾക്ക് പ്രോത്സാഹനം നൽകാനുതകുന്ന മേളകളും ആഘോഷങ്ങളും സംഘടിപ്പിക്കുക.

7. കേരളോത്സവം കൂടുതൽ വിപുലമായും ജനപങ്കാളിത്തത്തോടെയും നടത്തുക.

8. പഞ്ചായത്ത് മിനി - സ്റ്റേഡിയം ആധുനിക സൗകര്യങ്ങളേർപ്പെടുത്തി പ്രവർത്തന സജ്ജമാക്കുക.

9. 4 -ാം വാർഡിലെ ഓടേക്കുളം സംസ്ഥാന നിലവാരമുള്ള ഒരു നീന്തൽക്കുളമായി വികസിപ്പിച്ചെടുക്കുക.



# വനിത



## വനിതാ ക്ഷേമം

വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ ഇതൊന്നും അറിയാതെ സ്ത്രീകൾ ഗ്രാമങ്ങളിൽ ഒതുങ്ങിക്കൂടുകയാണ്. പെരിങ്ങരയിലും ഈ പ്രവണത പ്രകടമാണ്.

സാമൂഹ്യ പ്രവർത്തന മേഖലകളിൽ പഴയകാലത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. കുടിപ്പള്ളിക്കൂടത്തിലൂടെ ആയിരുന്നു. പെൺകുട്ടികൾക്ക് എഴുതാനും വായിക്കാനുമുള്ള അറിവ് ലഭിച്ചിരുന്നത്. എന്നാൽ എല്ലാ ജാതിയിൽപെട്ടവർക്കും ഇവിടെ പ്രവേശനം ഇല്ലായിരുന്നു. ആഘോഷങ്ങളിലും അതുപേലെയുള്ള പൊതുപരിപാടികളിലും പൊതുവേ സ്ത്രീ പങ്കാളിത്തം കുറവായിരുന്നു. 20-ാം ശതകത്തിന്റെ ആരംഭത്തിൽ പെൺ കുട്ടികളുടെ കെട്ടു കല്യാണം എന്ന ഏർപ്പാട് നിലവിൽ ഉണ്ടായിരുന്നു. 5 -ാം വയസ്സിൽ തന്നെ പെൺകുട്ടികളെ വീടുതടങ്കലിൽ ആക്കുകയാണ് പതിവ്. 1991 ലെ സെൻസസ് പ്രകാരം പെരിങ്ങര പഞ്ചായത്തിലെ സ്ത്രീകളുടെ സംഖ്യ 11019 ആണ്. പുരുഷ ജനസംഖ്യയെക്കാൾ 100 കൂടുതലാണിത്. സ്ത്രീകളുടെ എണ്ണത്തിലുള്ള ഈ വർദ്ധനവ് സ്ത്രീകൾക്ക് സമൂഹത്തിൽ ഉയർന്ന സ്ഥാനം കിട്ടേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു. 6 വയസിൽ താഴെയുള്ള ആൺകുട്ടികളുടെ എണ്ണം പെൺകുട്ടികളുടെതിനേക്കാൾ കൂടുതലാണ്. 1920-21 കളിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരുന്നെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് ഇതില്ലായിരുന്നു. അതുകൊണ്ടു തന്നെ സ്ത്രീകളുടെ ജോലി അടുക്കളയിൽ ഒതുങ്ങി. ഉന്നത വിദ്യാഭ്യാസത്തിനും ഉയർന്ന ജോലികളിലും സ്ത്രീകളുടെ പങ്ക് കുറവാണെങ്കിലും അദ്ധ്യാപന രംഗത്ത് അവർ പുരുഷൻമാരേ

ക്കാൾ മുൻപന്തിയിലാണ്.

തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് എതിരെ ക്രൂരമായ അവഗണന നില നില്ക്കുന്നു. സ്ത്രീയെ എല്ലാ നിലയിലും ശക്തിപ്പെടുത്താതെ അവൾക്കെതിരായി നിലനില്ക്കുന്ന സാമൂഹ്യ അവഗണനകളെ തടുക്കാനാവില്ല. ചെറുകിട വ്യവസായങ്ങൾ, സ്വയം തൊഴിൽ സംരംഭങ്ങൾ (തയ്യൽ, കോഴിവളർത്തൽ, ആടു മാടു വളർത്തൽ എന്നിവയിൽ സ്ത്രീകളെ കേന്ദ്രീകരിക്കുവാനുള്ള യത്നം അടിയന്തിരാവശ്യമാണ്.

സ്വാതന്ത്ര്യ സമര കാരഘട്ടങ്ങളിൽ പ്രക്ഷോഭണങ്ങളിൽ സ്ത്രീ പങ്കാളിത്തം കുറവായിരുന്നു. പെരിങ്കര പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്ന 4 മഹിളാ സമാജങ്ങൾ ഉണ്ട്. ഈ അടുത്ത കാലത്ത് പൊതു രംഗത്തും സന്നദ്ധ പ്രവർത്തന മേഖലകളിലും സ്ത്രീകൾ സവിശേഷമായി പങ്കുവച്ച ചില ഉദാത്ത മാതൃകകൾ എടുത്തു കാട്ടേണ്ടതുണ്ട്. പെരിങ്ങര പഞ്ചായത്തിലെ ജനറൽ സീറ്റിൽ നിന്നും വിജയിച്ചു വന്ന സ്ത്രീകൾ ഇതിനു മാതൃകയാണ്.

വനിതകളുടെ മാത്രമായി 5 തൊഴിൽ സ്ഥാപനങ്ങളുണ്ട്. 2 ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. 500 ഓളം വീടുകളിൽ സ്ത്രീകളാണ് കുടുംബനാഥകൾ. സ്കൂൾ വിദ്യാർത്ഥികളിൽ എണ്ണത്തിലും പഠന പരിശീലനത്തിലും പെൺകുട്ടികളാണ് മുൻപന്തിയിൽ. ഉന്നത വിദ്യാഭ്യാസ രംഗത്തും പെൺകുട്ടികളാണ് മുൻപന്തിയിൽയ

സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങൾ പെരിങ്ങര പഞ്ചായത്തിൽ പൊതുവെ കുറവാണ്. എന്നാൽ ഈ കാലയളവിൽ സ്ത്രീ പീഠന കേസുകൾ മററെല്ലായിടത്തും വളരെയുണ്ട്.

## പ്രശ്നങ്ങൾ

1. രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്. ഉള്ള തൊഴിൽ മേഖലയിൽതന്നെ കൂലി നിരക്കിലുള്ള വിവേചനം നിലനില്ക്കുന്നു. സ്ത്രീകൾ മാത്രം തൊഴിൽ എടുക്കുന്ന മേഖലയിൽ കൂലി നിരക്ക് വളരെ കുറവാണ് സാമൂഹ്യ രംഗത്ത് വളരെക്കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ടു കൊണ്ടുവന്നാലെ പൊതുജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്ക് ലഭിക്കാൻ സാധിക്കുകയുള്ളൂ. ഏറ്റെടുത്ത ജോലികൾ ഭംഗിയായും ഉത്തരവാദിത്തത്തോടെയും നിറവേറ്റുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവെ ജോലികൾ ഏറ്റെടുക്കാനുള്ള താല്പര്യക്കുറവ് സ്ത്രീകൾക്കിടയിൽ പ്രധാന പ്രശ്നമാണ്. മനുഷ്യകുലത്തിലെ പകുതിയോളം വരുന്ന വിഭാഗമാണ് തങ്ങളെന്നും പുരുഷന്മാർക്കുള്ള അധികാരാവകാശങ്ങൾ തങ്ങൾക്കും ലഭിക്കണമെന്ന് സ്ത്രീകൾക്ക് സ്വയം തോന്നേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പുരഷനോടൊപ്പം നിൽക്കുവാനുള്ള ബുദ്ധിയും കഴിവും അവർ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടിയിരിക്കുന്നു. അവകാശങ്ങൾ തിരിച്ചറിയുകയും അത് നേടിയെടുക്കാനുള്ള സമര പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു കൊണ്ടാണ് ഏതു രംഗത്തും ജന വിഭാഗങ്ങൾ നേട്ടമുണ്ടാക്കിയിരിക്കുന്നത്. സ്ത്രീകൾ, ഈ മാർഗ്ഗം തന്നെയാണ് വിമോചനത്തിനുള്ള പാത എന്ന് തിരിച്ചറിയേണ്ടതുണ്ട്.

## സാദ്ധ്യതകൾ

സാമൂഹ്യ രംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. കഴിയുന്നത്ര സ്ത്രീകളെ തങ്ങളുടെ നേതൃത്വതിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ ശ്രമിക്കണം പൊതുപ്രവർത്തന രംഗത്ത് മുൻപരിചയമുള്ള സ്ത്രീകൾ തങ്ങളുടെ അനുഭവങ്ങൾ പുതിയ തലമുറയുമായി പങ്കുവയ്ക്കുകയും അങ്ങനെ അവരിൽ ആത്മവിശ്വാസം ഉണ്ടാക്കുകയും വേണം. വനിതകളുടെ മാത്രമായ സംഘടനകൾ അവർക്ക് നേതൃത്വം കൊടുക്കുകയും അവരെ സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള സഹായം ചെയ്യുകയും വേണം. നമ്മുടെ പഞ്ചായത്തിൽ നടന്ന വനിതാസെമിനാർ സ്ത്രീകൾ തന്നെയാണ് നടത്തിയത്.

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടെതായ ചെറുകിട വ്യവസായയുണിറ്റുകളും സഹകരണസംരംഭങ്ങളും തുടങ്ങേണ്ടിയിരിക്കുന്നു. അതിനുള്ള സാദ്ധ്യത പഞ്ചായത്തിൽ ഏറെയുണ്ട്. ഖാദിബോർഡിന്റെ സഹായത്തോടെ സ്ത്രീകളുടേ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ കുടിൽ വ്യവസായം ആരംഭിക്കുന്നതിന് ഈ മേഖലയിൽ വൈവിദ്ധ്യവൽക്കരണം കൊണ്ടുവരുന്നതിനും ശ്രമം വേണം. നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന നാളീകേരം ഉപയോഗിച്ച് സ്ത്രീകൾക്കായി നടത്താവുന്ന ചെറുകിട യണിറ്റുകൾക്ക് സാദ്ധ്യതയേറയാണ്. റെഡിമെയ്ഡ് വസ്ത്ര മേഖലയിലും സ്ത്രികൾക്ക് തൊഴിൽ സാധ്യത ഏറെയുണ്ട് ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തുനിർമ്മാണം , പുരയിടങ്ങളിലുള്ള പച്ചക്കറി നിർമ്മാണം, അടുക്കളത്തോട്ടങ്ങൾ എന്നിവ സ്ത്രീകൾക്ക് നടത്താവുന്നതാണ്. സ്ഥാപനങ്ങളുടെ ഫലപ്രദമായ നേതൃത്വം സ്ത്രീകളുടെ കൈ യ്യിലില്ല. നേതൃത്വത്തിലുള്ള സ്ത്രീകൾക്ക് അതിനു വേണ്ട പരിശീലനമോ അവർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മാർക്കറ്റിംങ് സൗകര്യമോ ഇല്ല.

## വനിത മേഖല നേരിടുന്ന പ്രശ്നങ്ങൾ

1) തൊഴിൽ മേഖലയിൽ വിദ്യാലയങ്ങളിൽ ഒഴികെ സ്ത്രീകൾ അവഗണന നേരിടുന്നു.

2) സാമൂഹ്യ സേവന രംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തനസജ്ജരായി പുറത്തു വരുന്നില്ല.

3) സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താല്പര്യം കാണിക്കുകയോ അവ തുടങ്ങുകയോ ചെയ്യുന്നില്ല.

4) തൊഴിൽ രംഗത്ത് ശോഭിക്കാൻ ആവശ്യമായ സങ്കേതിക വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.

5) തുല്യ ജോലിക്കുതുല്യ വേതനം നാട്ടിൽ പെതുവെ ലഭ്യമല്ല. നീചമായ വിവേചനം ഗ്രാമത്തിലെങ്ങും കാണാം

6) തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല ..പരിശീലനത്തിന് സൗകര്യം ലഭിക്കന്നില്ല.

7) സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനെതിരായ സ്ഥായിയായ തടസ്സമാണ്.

8.) സർക്കാർ സഹായ പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.

9.) അംഗനവാടി അദ്ധ്യാപികമാർക്ക് ന്യായമായ കൂലി കിട്ടാതെ വിഷമിക്കുന്നു.

10.) വിദ്യാലയങ്ങളിലെ പാഠ്യോതര മേഖലകളിൽ പെൺകുട്ടികൾക്കു് പങ്കാളിത്തം കുറവാണ്.

11.) സ്വയം ശക്തിയാർജ്ജിച്ച് ധീരമായി രംഗത്തിറങ്ങാനുള്ള മനോധൈര്യം സ്ത്രീകൾക്ക് കുറവാണ്.

12. സാമാന്യ വിദ്യാഭ്യാസം ഉണ്ടെങ്കിലും ശാസ്ത്രീയ ബോധ നിലവാരം സ്ത്രീകളിൽ കുറവാണ്. പല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ ധാരാളമുണ്ട്.

## പരിഹാരം

1. ഉൽപ്പാദന പരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കാൻ മുൻ കൈ എടുക്കുക.

2. വിഭവ സാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

3. തുല്യ ജോലിക്ക് തുല്യ വേതനം നടപ്പിലാക്കുക.

4. തൊഴിൽ അവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെ ക്കുറിച്ചുള്ള വിവരങ്ങൾ നൽകുക.

5. തൊഴിൽ യൂണിറ്റുകൾ തുടങ്ങാൻ ആവശ്യമായ ധന സഹായം ലഭ്യമാക്കുക.

6. വിധവ പെൻഷ, അഗതി പെൻഷൻ, മാതൃ സഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ തുടങ്ങിയവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

7. അംഗനവാടി കളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

8. കുട്ടികളുടെ വിനോദത്തിനും, വിശ്രമത്തിനും, ആരോഗ്യത്തിനും വേണ്ട സംവിധാനം വികസിപ്പിക്കുക.

9. സ്കൂളുകളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ആവശ്യമായ സഹായം ചെയ്യുക.



# സഹകരണം



"കടത്തിൽ ജനിച്ച് കടത്തിൽ വളർന്ന് കടം തന്നെ തന്റെ പിൻഗാമികൾക്ക് ഒസ്യത്തായി നൽകുന്ന കർഷകനെ ഋണഭാരത്തിൽ നിന്ന് കരകയറ്റുക" എന്നതാണ് ഇന്ത്യയിൽ സഹകരണ പ്രസ്ഥാനത്തിന്റെ പ്രധാന ദൗത്യം. സഹകരണ പ്രസ്ഥാനത്തിന്റെ ഈറ്റില്ലം ജനാധിപത്യത്തിന്റെ മുതുമുത്തശ്ശിയായ ബ്രിട്ടനിൽത്തന്നെയാണ്. ബ്രിട്ടീഷുകാരനായ റോബർട്ട് ഓവനാണ് സഹകരണ പ്രസ്ഥാനത്തിന്റെ പിതാവ്.

ഇന്ത്യയിലും ഈ പ്രസ്ഥാനത്തിന് ബീജാവാപം നടത്തിയത് ബ്രിട്ടീഷ് ഗവൺമെന്റാണ്. സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ടു സമർപ്പിക്കാൻ 1892ൽ സർ ഫ്രെഡറിക്ക് നിക്കോൾസനെ ഇന്ത്യയിലെ ബ്രിട്ടീഷ് സർക്കാർ യൂറോപ്പിലേക്ക് അയച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1904- ൽ ഇന്ത്യയിലെ ആദ്യ സഹകരണ നിയമം നിലവിൽ വന്നു.

ഇന്ത്യയിൽ ഏറ്റവും ശക്തമായ സഹകരണ മേഖല നിലവിലുള്ളത് കേരളത്തിലാണ്. 1904 ഏപ്രിൽ- 14 ന് നടപ്പിൽ വന്ന സഹകരണ നിയമം അനുസരിച്ച് 1915 -ൽ രൂപം കൊണ്ട ട്രാവൻകൂർ സെൻട്രൽ സഹകരണ ബാങ്കാണ് ഇന്നത്തെ സംസ്ഥാന സഹകരണ ബാങ്ക്.

പെരിങ്ങര ഗ്രാമ പഞ്ചായത്തിലും ജനങ്ങളുടെ കൂട്ടായ്മ ഒട്ടേറെ സഹകരണ സംഘങ്ങളുടെ ആവിർഭാവത്തിന് നിദാനമായി.

വിവിധ മേഖലകളിലായി 5 സഹകരണ സംഘങ്ങൾ സജീവമായി പ്രവർത്തിക്കുന്നു. 2 കർഷകസമിതികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്,

നാല്പതുകളിലെ ആലപ്പുഴ കർഷക സംഘത്തിന്റെ രൂപീകരണത്തോടെ ആണ്.

1... ൽ പെരിങ്ങര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്-ചാത്തങ്കരി എന്ന പേരിൽ ആരംഭിച്ച് പ്രവർത്തക്കുന്ന സഹകരണ സംഘമാണ്, ഈ പഞ്ചായത്തിൽ സഹകരണ മേഖലയിലെ ആദ്യസ്ഥാപനം. ഇതിൽ നാളിതുവരെയുള്ള കണക്കനുസരിച്ച് 2505 അംഗങ്ങളാണുള്ളത്. 2550000 രൂപയാണ് അംഗീകൃത ഓഹരി മൂലധനം. സർക്കാർ ഓഹരിയായി 100000 - രൂപ ഇതിന് ലഭിച്ചിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച സ്ഥിര നിക്ഷേപമായി 1257000 രൂപയും ഹ്രസ്വകാല നിക്ഷേപമായി 225000 രൂപയും ഉണ്ട്. പ്രധാനമായും നല്കുന്ന വായ്പകൾ വളം, കീടനാശിനി, ജൗളി എന്നിവയ്ക്കാണ്. ചിട്ടി നടത്തുക, സ്വർണ്ണപ്പണയ വായ്പകൾ നല്കുക, നിക്ഷേപങ്ങൾ സ്വീകരിക്കുക എന്നിവയാണ് ഇപ്പോൾ നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

. 1982 -ൽ മേപ്രാലിൽ തുടങ്ങിയ സഹകരണ സ്ഥാപനമാണ് പെരിങ്ങര പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘം. ഇതിൽ 406 അംഗങ്ങളാണ് ഇപ്പോഴുള്ളത്. അംഗീകൃത ഓഹരി മൂലധനം 300000 രൂപയും സർക്കാർ ഓഹരി മൂലധനം 68000 രൂപയുമാണ്. തയ്യൽ മെഷിൻ, മത്സ്യ കച്ചവടക്കാർക്ക്, സൈക്കിൾ, എന്നിവ വാങ്ങുന്നതിനും തഴപ്പായ നെയ്ത്തിനും, ഈ ബാങ്കിൽ നിന്ന് ഉദാര വ്യവസ്ഥയിൽ വായ്പ നൽകുന്നു.

പെരിങ്ങര, ചാത്തങ്കരി, ആലുംതുരുത്തി എന്നിവിടങ്ങളിൽ ക്ഷീര സഹകരണസംഘങ്ങൾപ്രവർത്തിക്കുന്നു. മേപ്രാൽ ക്ഷീര സഹകരണസംഘത്തിൽ 84672 ലിറ്റർ പാൽ സംരംഭിക്കുന്നു. ഇതിൽ 1573.3 ലിറ്റർ പഞ്ചായത്തിൽ തന്നെ വില്പന നടത്തുന്നു. 6893.9 ലിറ്റർ പാൽ പുറത്തേക്കയയ്ക്കുന്നു. ക്ഷീര കർഷകർക്ക് ഈ സഹകരണ സംഘം വലിയൊരു സഹായമാണ്. ഈ സംഘത്തിന്റെ വളർച്ച കൂടുതൽ കർഷകരെ ഇതിലേക്കാകർഷിക്കുന്നു. ഈ സഹകരണ സംഘത്തിന് സ്വന്തമായി കെട്ടിടം ഇല്ലെന്ന പോരായ്മ ഉണ്ടെങ്കിലും അിനെ അവഗണിച്ചുകൊണ്ട് ഇതിന്റെ അഭിവൃദ്ധിയ്ക്കായി സഹകാരികൾ അക്ഷീണം യത്നിക്കുന്നു. 9, 10 വാർഡുകളുടെ കേന്ദ്രീകരിച്ച് ആലുംതുരുത്തിയിൽ പ്രവർത്തിച്ചുവരുന്ന ക്ഷീര സഹകരണ സംഘമാണ് ആലുംതുരുത്തി ക്ഷീരസഹകരണ സംഘം (എ.പി.സി.ഒ.എസ്.). ഇതിന്റെ സംഭരണ ശേഷി 7746.1 ലിറ്ററാണ്. ഇതിൽ 316.5 ലിറ്റർ ഇവിടെത്തന്നെ ചെലവഴിക്കുന്നു. 7429.6 ലിറ്റർ പുറത്തേക്കയയ്ക്കുന്നു. അന്നന്നു തന്നെ പാൽ സംഭരിച്ച് പുറത്തേക്കു കൊണ്ടുപോകുന്നതിനുള്ള സംവിധാനമുള്ളതിനാൽ ഈ രണ്ടു സംഘങ്ങളും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. 8 -ാം വാർഡിൽ ഒരു മത്സ്യത്തൊഴിലാളി സഹകരണ സംഘം പ്രവർത്തിച്ചു വരുന്നു.

സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം കാർഷിക മേഖലയിൽ കൂടുതൽ വ്യാപകമാക്കുന്നതിനുള്ള എല്ലാ സാഹചര്യവും ഒത്തിണങ്ങിയ ഗ്രാമമാണ് പെരിങ്ങര പഞ്ചായത്ത്. പ്രധാന കാർഷികോൽപ്പന്നമായ നെല്ലിന്റെ സംഭരത്തിനും സംസ്കരണത്തിനും വിപണനത്തിനും സഹകരണ സംഘങ്ങളുടെ സഹായം അനുപേക്ഷണീയമാണ്. ഇടത്തട്ടുകാരെ ഒഴിവാക്കി കർഷകരെ ചൂഷണത്തിൽ നിന്ന് രക്ഷിക്കുന്നതിനും ആദായവില ലഭ്യമാക്കുന്നതിനും സഹകരണ സ്ഥാപനങ്ങൾക്ക് കഴിയും. കാർഷിക മേഖലയിൽ നിലനിൽക്കുന്ന മുരടിപ്പ് മാറ്റുന്നതിനും കൂടുതൽ യുവാക്കളെ ഈ രംഗത്തേക്കാകർഷിച്ച് തൊഴിലില്ലായ്മയുടെ രൂക്ഷത കുറയ്ക്കുന്നതി

നും സഹകരണ മേഖലയുടെ ഊർജ്ജിതമായ ഇട പെടൽ മൂലം കഴിയും. മൃഗസംരക്ഷണ ക്ഷീരവ്യവ സായ മേഖലകളിലും സഹകരണ സംഘങ്ങളുടെ പ്രവർത്തനം സജീവമാക്കേണ്ടതുണ്ട്. കോഴി, താറാ വ് ഇവയുടെ മുട്ട, ഇറച്ചി എന്നിവ സംഭരിക്കുന്നതി

തമായി നൽകുന്നില്ല. ദീർഘകാല വായ്പകൾ കാർ ഷികാവശ്യങ്ങൾക്ക് നൽകുന്നില്ല.

2. ചാത്തങ്കരിയിലുള്ള സർവ്വീസ് സഹകരണ സംഘത്തിൻെറ സേവനം പ്രത്യേകിച്ച് വളം വിപ ണനത്തിൽ പഞ്ചായത്തിൻെറ 10 -ാം വാർഡിലുള്ള

## *സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ*

**1. സർവ്വീസ് സഹകരണ സംഘങ്ങൾ**

| പേര് | അംഗങ്ങൾ | ഓഹരി മൂലധനം | സർക്കാർ ഓഹരി |
|---|---|---|---|
| പെരിങ്ങര സർവ്വീസ് സഹകരണ ബാങ്ക്-ചാത്തങ്കരി | 2505 | 2550000 | 100000 |
| പെരിങ്ങര പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘം-മേപ്രാൽ | 406 | 300000 | 68000 |

**ക്ഷീരരോൽപ്പാദക സഹകരണ സംഘങ്ങൾ**

| | സംഭരണ ശേഷി ലിറ്റർ | ഗാർഹിക ഉപയോഗം ലിറ്റർ | പുറത്തേക്കുള്ള വിതരണം ലിറ്റർ |
|---|---|---|---|
| മേപ്രാൽ ക്ഷീര സഹകരണസംഘം | 8467.2 | 1573.3 | 6893.9 |
| ആലുംതുരുത്തി ക്ഷീര സഹകരണസംഘം | 7746.1 | 316.5 | 7429.6 |
| ചാത്തങ്കരി ക്ഷീര സഹകരണസംഘം | — | — | — |

നും വിപണനം നടത്തുന്നതിനും പഞ്ചായത്തിൽ ഇപ്പോഴുള്ള സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്. സഹകരണ മേഖലയ്ക്ക് മെച്ചപ്പെട്ട സേവനം ഈ രംഗത്ത് നടപ്പാക്കാൻ കഴിയും.

### *പ്രശ്നങ്ങൾ*

1. സഹകരണ സംഘങ്ങൾ കർഷകരുടെ ആവശ്യത്തിനനുസരിച്ച് വായ്പകൾ സമയ ബന്ധി

വർക്ക് പ്രയോജനപ്പെടുത്താൻ ഒട്ടേറെ ഗതാഗത വൈഷമ്യങ്ങളുണ്ട്.

3. താറാവ്, കോഴി,- കർഷകരുടെ പ്രശ്ന ങ്ങൾക്ക് പരിഹാരം കാണാൻ സഹകരണ മേഖലയ് ക്ക് കഴിയുന്നില്ല.

4. കർഷക ഗ്രാമമായ പെരിങ്ങരയുടെ സർവ്വതോൻ മുഖമായ പുരോഗതിക്ക് സഹകരണ മേഖലയുടെ വ്യാപ്തിയും പ്രവർത്തനവും കൂടുതൽ വിശാലമാക്കേണ്ടതുണ്ട്.

5. നെല്ല്, കൊപ്രാ, ഇവയുടെ സംഭരണത്തിനും സംസ്കരണത്തിനും ഒട്ടേറെ വൈഷമ്യങ്ങൾ നിലവിലുണ്ട്. സഹകരണ പ്രസ്ഥാനങ്ങൾക്ക് ഇക്കാര്യത്തിൽ കാര്യമായി ഒന്നും ചെയ്യാനാകുന്നില്ല. വെളിച്ചെണ്ണയ്ക്ക് ന്യായവില ലഭിക്കുന്നില്ല.

## *നിർദ്ദേശങ്ങൾ*

1. കർഷകർക്ക് പ്രയോജനപ്രദമായ സ്കീമുകൾ സഹകരണ സംഘങ്ങൾ വഴി നടപ്പാക്കുക.

2. ചാത്തങ്കരി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കുകയും കൂടുതൽ സർവ്വീസ് സഹകരണ ബാങ്കുകൾ മറ്റു വാർഡുകളിൽ ആരംഭിക്കുകയും ചെയ്യുക.

3. മൃഗസംരക്ഷണ മേഖലയിലെ കർഷകരെ ഉൾപ്പെടുത്തി സഹകരണ സംഘം രൂപീകരിച്ച് ഈ മേഖലയിലെ പ്രത്യേകിച്ച് കോഴി, താറാവ്, കർഷകരുടെ ഉൽപ്പാദന വിതരണ വിപണന രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. കൂടാതെ അടിസ്ഥാന സൗകര്യങ്ങളായ ഹാച്ചറി, ഇൻകുബേറ്റർ എന്നിവയുടെ സ്ഥാപനത്തിനു വേണ്ട ഏർപ്പാടു ചെയ്യാൻ കഴിയണം.

4. ഒരു സഹകരണ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുന്നത് അമിത വില ഈടാക്കുന്നത് തടയുന്നതിനും ആവശ്യാനുസരണം ഉപഭോക്താക്കൾക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിനും കഴിയുന്നു.

5. ഒരു വനിതാ വ്യവസായ സഹകരണ സംഘം രൂപീകരിച്ച് വനിതകൾക്ക് ഉപയുക്തമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ധന സഹായം ലഭ്യമാക്കുക.

6. ചെറുകിട വ്യവസായ സംരംഭകരെ സഹായിക്കാനുതകുന്ന ഒരു സഹകരണ സംഘം ആരംഭിക്കുന്നത് അഭ്യസ്തവിദ്യരുടെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു കൂടി സഹായിക്കും.

7. നെല്ല്, കൊപ്രാ എന്നിവയുടെ സംഭരണ സംസ്കരണവിപണന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേകം സഹകരണ സംഘങ്ങൾ സ്ഥാപിക്കുക. വെളിച്ചെണ്ണയ്ക്ക് ലാഭവില ലഭിക്കുന്നതിന് അതിന്റെ സംഭരണവും വിപണനവും ഏറ്റെടുത്ത് നടത്തുന്നത് സഹകരണ സംഘം വഴിയാക്കുക.

8. കാലിത്തീറ്റകൾക്ക് താങ്ങാനാകാത്ത വില വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിയ്ക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ നെല്ല്, കൊപ്ര സംസ്കരണ മില്ലുകളിൽ നിന്ന് പുറന്തള്ളുന്ന തവിട് , പിണ്ണാക്ക് ഇവ സംഭരിച്ച് സംസ്കരിച്ച് കാലിത്തീറ്റയാക്കി വിപണനം നടത്തുന്നതിന് സഹകരണ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിയ്ക്കുന്ന ഒരു യൂണിറ്റ് തുടങ്ങുക.

# പട്ടികജാതി

# പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 9% പട്ടികജാതി വിഭാഗമാണ്. 2167 ആണ് 1991ലെ കനേഷുമാരികണക്കനുസരിച്ചുള്ള പട്ടിക ജാതി ജനസംഖ്യ. പട്ടികവർഗ്ഗ കുടുംബങ്ങൾ നാമ മാത്രമാണ്. 10 അംഗീകൃത കോളനികളിലും കൂടി ആകെ 2167 പട്ടികജാതി അംഗങ്ങളുണ്ട്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടന വധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കി ലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈ വരിക്കാൻ ഇവർക്ക് കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധി കാലം ചൂഷണത്തി ന് വിധേയമായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പ് അവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരി ധിവരെ സാമൂഹ്യ പുരോഗതി കൈവരിക്കാൻ സഹായകമായിട്ടുണ്ട്. മുൻ കാലങ്ങളിൽ അനുഭവി ച്ച ഉച്ച നീചത്വങ്ങളിൽ നിന്നും പൂർണ്ണമായി മോച നം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മത സ്ഥരുടേയും എല്ലാത്തരം ചടങ്ങുകളിലും പങ്കെടു പ്പിക്കുകയും എല്ലാ പൊതു പരിപാടികളിലും മോശ മല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തു വരു ന്നു.



ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി ഗവൺമെന്റ് നടപ്പാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊ ണ്ടും പദവികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെ ടുത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകു ന്ന നിരവധി സൗകര്യങ്ങൾ ഈ വിഭാഗത്തിന് ഭാഗി കമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമാ യിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഗരിക്കപ്പെട്ടാ

തെ നിലനില്ക്കുന്നുണ്ട്.

## വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്. എസ്. എൽ..സി യ്ക്കു ശേഷം തുടർന്നു പഠിക്കുന്നതിന് പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. രക്ഷിതാക്കളും ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. കുടുംബ ബാദ്ധ്യത ഏറ്റെടുക്കേണ്ടി വന്നതിനാൽ പഠനം അവസാനിപ്പിക്കേണ്ടി വന്ന നിരവധി കുട്ടികളുണ്ട്. വിദ്യാഭ്യാസത്തിൻെറ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് വിദ്യാ സമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധ വല്കരണക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്. എസ്.എസ്.എൽ.സി. യ്ക്കു പരാജയപ്പെട്ടാൽ തുടർന്ന് പഠിക്കുന്നതിന് തയ്യാറാവുന്നില്ല. പൊതുവെ എസ്.എസ്.എൽ.സി. യ്ക്ക് ഉപരിയായി വിദ്യാഭ്യാസ മുള്ളവരുടെ എണ്ണം വളരെ കുറവാണ് ഈ അവസ്ഥ മാറ്റിയെടുക്കേണ്ടത് ആവശ്യമാണ്.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ തൊഴിൽ ചെയ്ത് ഉപജീവനം കഴിക്കുന്നവരാണ്. എന്നാൽ അടുത്ത കാലത്ത് കാർഷിക മേഖലയിൽ ജോലിചെയ്യുന്നതിന് ആൾക്കാരെ കിട്ടാതായി. ഇതിനു കാരണം പുതിയ തൊഴിൽ മേഖലയിൽ ആളുകൾ ജോലി കണ്ടെത്തിയതാണ്. തൃപ്തികരമായ കൂലി ലഭിക്കാത്തതിനാൽ പുതിയ തലമുറ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നു മാറി. സ്ത്രീകൾ മാത്രം ചെയ്തിരുന്ന നടീൽ തുടങ്ങിയ പ്രവർത്തികൾക്ക് തൊഴിലാളികളെ കിട്ടാൻ തന്നെ പ്രയാസമാണ്. തൊഴിൽ എന്നതിൽ ഉപരി ഭക്ഷ്യ ധാന്യ മേഖലയിലെ വർദ്ധനവിൻെറ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലയിലേയ്ക്ക് കൂടുതൽ ആളുകളെ ആകർഷിക്കേണ്ടതാണ്.

കാർഷിക മേഖലയിൽ സീസണുകളിലാണ് മുഖ്യമായും തൊഴിൽ ലഭിക്കുന്നത് എന്നതുകൊണ്ട് മിക്ക കർഷക തൊഴിലാളികളുടേയും പ്രധാന കൈത്തൊഴിലായിരുന്ന പായ്നെയ്ത്ത്, അസംസ്കൃത വസ്തു വായ കൈതോല സംരക്ഷിക്കപ്പെടാൻ കഴിയാത്തതിനാൽ പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്. കൂലി വേല ചെയ്തു മാത്രം ഉപജീവനം കഴിച്ചിരുന്ന ഇവർക്ക് പുതിയ തൊഴിൽ മേഖല കണ്ടെത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

## പാർപ്പിടം

ഈ പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെടാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധി വരെ സർക്കാർ ഏജൻസികൾ നടപ്പാക്കി വരുന്ന പദ്ധതികൾ സഹായകരമായിട്ടുണ്ട്. ഇന്നു മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗജന്യങ്ങളേ ഉള്ളങ്കിലും ചെറ്റക്കുടിലുകളിൽ നിന്ന് മോചനമായിട്ടുണ്ട്. ഒറ്റപ്പെട്ട കുടിലുകൾക്ക് ഇതിൻെറ പ്രയോജനം ലഭിച്ചിട്ടില്ല. ഇവരിൽ പലരും വിവിധ ഏജൻസികളിൽ നിന്നും വായ്പ എടുത്ത് വലിയ കടക്കെണികളിൽ അകപ്പെട്ടിട്ടുണ്ട്. ഭൂമിയുടെ രേഖ ഓഫീസുകളിൽ പെട്ടുപോയതിനാൽ മറ്റ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ട അവസ്ഥയിലാണ്. വീടു നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തിയാകാതെ കിടക്കുകയാണ് വീടു വയ്ക്കാൻ സ്ഥലവും വീടിനുള്ള ധന സാഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദി

ക്കേണ്ടതാണ് ലക്ഷം വീട് കോളനികൾ വൈദ്യുതീകരിച്ച് നൽകേണ്ടതാണ്. സാംസ്കാരികമായും സാമൂഹ്യമായും ഉയർച്ചക്ക് ഒരു പൊതു വായനശാല അത്യാവശ്യമാണ്. ടി.വി. റേഡിയോ മുതലായവ നൽകി വിജ്ഞാനവും വിശ്രമവും ആനന്ദവും ഉറപ്പു വരുത്തേണ്ടതാണ്. എല്ലാ കോളനികളിലും ഓരോ സഹകരണ സംഘം സ്ഥാപിച്ച് പരമ്പരാഗതമായ തൊഴിലുകളായ കുട്ട, വട്ടി, പായ് നെയ്ത്ത്. ചകിരി, കയർ ഉല്പ്പന്നങ്ങൾ, തയ്യൽ ജോലികൾ മുതലായവ നടത്തുന്നതിന് സംവിധാനം ഉണ്ടാക്കേണ്ടതാണ്. ഇതുമൂലം തൊഴിലും വരുമാനവും വർദ്ധിപ്പിച്ച് പട്ടികജാതിക്കാരുടെ ക്ഷേമം ഉറപ്പാക്കാൻ കഴിയുന്നു.

എല്ലാ പട്ടികജാതി-വർഗ്ഗ ഹരിജൻ കോളനികളിലും ശ്മശാനങ്ങൾ നിർമ്മിക്കേണ്ട് അത്യാവശ്യമാണ്. പരിമിതമായ സ്ഥല സൗകര്യം മൂലം മരിച്ചാൽ ശവം മറവു ചെയ്യുന്നതിന് വളരെ പ്രയാസമാണ് അതിനാൽ പൊതു ശ്മശാനം അത്യാവശ്യമാണ് പ്രാഥമിക ആവശ്യങ്ങളായ വെള്ളം വെളിച്ചം എന്നിവ എത്തി ക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ലാത്ത കോളനികളിൽ നിരക്ഷരത നിലനില്ക്കുന്നു, വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നു.

2. കാർഷിക മേഖലയിൽ തൊഴിൽ ചെയ്യാൻ തൊഴിലാളികൾ ആഗ്രഹിക്കുന്നില്ല. കൂടുതൽ സാമ്പത്തിക നേട്ടമുള്ള മറ്റു മേഖലകളിലേക്ക് പോകുന്നു.

3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവയ്ക്കാൻ സ്ഥലവും ഇല്ല. വീടു വയ്ക്കുവാൻ നൽകുന്ന സഹായം കൊണ്ട് വീടു പൂർത്തിയാക്കാൻ കഴിയാതെ കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു.

4. പ്രാഥമിക സൗകര്യങ്ങൾ ഇല്ല. കോളനിയിൽ കുടിവെള്ളം ആവശ്യത്തിനില്ല. വൈദ്യുതിയില്ല. പൊതു ശ്മശാനം ഇല്ല.

5. കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

6. ആരോഗ്യ സംരക്ഷണ സൗകര്യംമെച്ചപ്പെട്ടതല്ല.

7. നിർദ്ധന കുടുംബത്തിലെ അംഗങ്ങൾക്ക് ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം നാമമാത്രമാണ്.

8. ഐ.ആർ.ഡി.പി. പദ്ധതിയും മറ്റ് പദ്ധതികളും ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല.

9. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജന ക്ഷേമ വകുപ്പും അഭ്യസ്ഥ വിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകൾ ലക്ഷ്യം നേടുന്നില്ല.

10. പട്ടികജാതി ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച അറിവ് വേണ്ടത്ര ഇല്ല.

2, 3, 4, 5, 6 എന്നീ വാർഡുകളിലെ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന ചാത്തങ്കേരി പ്രാഥമിക ആരോഗ്യ കേന്ദ്രം കിടത്തി ചികിത്സിക്കുന്ന ആശുപത്രിയായാൽ കോളനി നിവാസികൾക്കും വളരെ ഫലപ്രദമായിരിക്കും. കൊട്ടയ്ക്കാട്ടു തറ ലക്ഷംവീട് കോളനിയോട് ചേർന്ന് കിടക്കുന്ന 35 ഹരിജൻ കുടുംബങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് ഐ.എച്ച്.ഡി.പി. കോളനി ആക്കി അംഗീകരിക്കേണ്ടതാണ്.

8-ാം വാർഡിലെ താമരാൽ - കട്ടപ്പുറത്തു ചിറ റോഡിൽ കറുകപ്പടിപ്പാലം പണിഞ്ഞാൽ ഹരിജൻ കോളനിയിലേക്കുള്ള വഴി വികസിക്കാൻ സാദ്ധ്യതയുണ്ട്.

ക്ഷേമ പദ്ധതികളെ ക്കുറിച്ച് അറിവുണ്ടാകുന്നതിന് ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. ക്ഷേമ പദ്ധതികളുടെ പ്രയോജനം അർഹത പ്പെട്ടവർക്ക് കൃത്യ സമയത്ത് ലഭ്യമാക്കുന്നതിന് നിബന്ധനകൾ ലഘൂകരിക്കേണ്ടതാണ്. പട്ടിക ജാതി ക്ഷേമത്തിനായി പ്രവർത്തിച്ചു വരുന്ന ഹരിജന ക്ഷേമ വകുപ്പും പട്ടികജാതി കോർപ്പറേഷനുകളും നടപ്പാക്കി വരുന്ന പദ്ധതികൾ ഫലപ്രദമാക്കാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തിയേ കഴിയൂ. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമ പഞ്ചായത്തുകൾ മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കാൻ കഴിയും.



# വിഭവ സമാഹരണം



ജനകീയാസൂത്രണ പദ്ധതിയുടെ ജീവവായുവാണ് വിഭവസമാഹരണം. പര്യാപ്തമായ ഫണ്ടിന്റെ അഭാവത്തിൽ ആസൂത്രണ പ്രക്രിയയിലൂടെ തയ്യാറാക്കപ്പെടുന്ന പദ്ധതികൾ കടലാസിൽ തന്നെ ഒതുങ്ങും. വിഭവസമാഹരണത്തിന്റെ പ്രധാന്യവും പ്രസക്തിയും ഇതിൽനിന്നു തന്നെ വ്യക്തമാണ്. നികുതിപിരിവിൽക്കൂടി മാത്രം വികസന പദ്ധതികൾക്കാവശ്യമായ ഫണ്ട് സമാഹരിക്കാൻ കഴിയില്ല. വിഭവ സമാഹരണത്തിനുള്ള പുത്തൻ മേഖലകൾ കണ്ടെത്തുന്നതിനും നിലവിലുള്ള നികുതി, നികുതിയേതര വരുമാനങ്ങളുടെ സാസ്ത്രീയവും യുക്തിസഹവുമായ പൊളിച്ചെഴുത്തിനും ആവശ്യമായ നടപടികൾ സർക്കാരിന്റെയും പഞ്ചായത്ത് കമ്മിറ്റിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്.

പെരിങ്ങര ഗ്രാമ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം നെൽകൃഷിയാണ്. തെങ്ങുകൃഷിയാണ് മറ്റൊരു പ്രധാന ഇനം. മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നീ മേഖലകളിൽ പണിയെടുത്ത് ഉപജീവനം നടത്തുന്ന ഗണ്യമായ ഒരു വിഭാഗം ജനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കർഷകരെ സംബന്ധിച്ചിടത്തോളം പൊതുമേഖലയിലും സഹകരണമേഖലയിലും പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങളാണ് വായ്പയും ധനസഹായങ്ങളും ലഭ്യമാക്കുന്ന മുഖ്യസ്രോതസുകൾ. എസ്.ബി.റ്റി. യുടെ 3 ശാഖകളും 5 സഹകരണ സംഘങ്ങളും ഫെഡറൽ ബാങ്ക്, യൂക്കോ ബാങ്ക് എന്നിവയുടെ ഓരോശാഖകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സർക്കാരിന്റെ തന്നെ മറ്റ് ഏജൻസികളിൽ നിന്നും വികസന പ്രവർത്തനങ്ങൾക്കും മറ്റ് സാമൂഹ്യ സുരക്ഷിതത്വ

പദ്ധതികൾക്കും വായ്പയും ധനസഹായവും ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമല്ലാത്തതുമൂലം പൊതുജനങ്ങൾക്കും കർഷകർക്കും ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. മാത്രമല്ല കാർഷിക വ്യാവസായിക വികസനപ്രവർത്തനങ്ങൾക്കായി നൽകപ്പെടുന്ന വായ്പകൾ പലപ്പോഴും ഹ്രസ്വകാലത്തേയ്ക്കുള്ളതും അപര്യാപ്തവും വൻപലിശ ഈടാക്കുന്നവയുമാണ്. അഴിമതിയും സ്വജനപക്ഷപാതവും അനർഹർ വായ്പാസഹായം, സബ്സിഡി എന്നിവ തട്ടിയെടുക്കാന്നതും വ്യാപകമായിട്ടുണ്ട്. ജനപ്രതിനിധികളുടെ യുക്തിപൂർവ്വമായ ഇടപെടൽ ഈ രംഗത്ത് ആവശ്യമാണ്. പഞ്ചായത്ത് ധനകാര്യ സ്ഥാപനങ്ങളുടെ അധികാരികളും വായ്പയെടുക്കുന്നവരും ജനപ്രതിനിധികളുമടങ്ങിയ ഒരു മോണിറ്ററിംഗ് സമിതി ഉണ്ടാകേണ്ടത് കാര്യക്ഷമമായ ധനകാര്യമാനേജ്മെൻറിന് അവശ്യഘടകമാണ്.

സ്വകാര്യമേഖലയിൽ 5 ഓളം ചിട്ടിഫണ്ടുകളും മറ്റ് ധനകാര്യ സ്ഥാപനങ്ങളും പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്നുവെങ്കിലും ഉയർന്ന പലിശനിരക്ക്, നിക്ഷേപങ്ങളുടെ സുരക്ഷിതത്വമില്ലായ്മ തുടങ്ങിയവ ഇടപാടുകാരെ അലട്ടുന്ന പ്രശ്നങ്ങളാണ്. എങ്കിൽപ്പോലും മറ്റെല്ലാ വാതിലുകളും കൊട്ടിയടയ്ക്കപ്പെടുമ്പോൾ കർഷകൻ കൊള്ളപ്പലിശക്കാരുടെയും ബ്ലേഡുകമ്പനിക്കാരുടെയും മുന്നിൽതന്നെ എത്താൻ നിർബ്ബന്ധിതനാകുന്നു. ഇത്തരം പ്രശ്നങ്ങൾക്കുള്ള ഒറ്റമൂലിയാണ് സഹകരണ ധനകാര്യ സ്ഥാപനങ്ങളുടെ വ്യാപകമായ പ്രചാരം. വിഭവസമാഹരണകാര്യത്തിൽ മർമ്മപ്രധാനമായ സ്ഥാനമാണ് സഹകരണ സ്ഥാപനങ്ങൾക്ക് വഹിക്കാൻ കഴിയുന്നത്. മാത്രമല്ല അവയ്ക്ക് കൂടുതൽ ജനപങ്കാളിത്തവും ജനകീയതയും ഉറപ്പുവരുത്താൻ കഴിയുന്നു.

സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ട് നട്ടം തിരിയുന്ന നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്ക് പുതുജീവൻ പ്രദാനം ചെയ്യാൻ കഴിവുള്ളവരാണ് വിദേശ ഇന്ത്യാക്കാർ, പ്രത്യേകിച്ച് ഗൾഫ് മലയാളികൾ. പെരിങ്ങര പഞ്ചായത്തിലെ 1500 ഓളം പേർ ഗൾഫ് നാടുകളിൽ പണിയെടുത്ത് വിലപ്പെട്ട വിദേശനാണ്യം ഇവിടേയ്ക്കയക്കുന്നു. നിർഭാഗ്യവശാൽ നമ്മുടെ കാർഷിക വ്യാവസായിക മേഖലയുടെ പുരോഗതിക്ക് ഈ മൂലധനം പ്രയോജനപ്പെടുന്നില്ല. മണിമാളികകൾ നിർമ്മിക്കുന്നതിനും ആഡംബര സുഖഭോഗ വസ്തുക്കൾ വാങ്ങിക്കൂട്ടുന്നതിനുമായി വിലപ്പെട്ട ഈ വിദേശനാണ്യം ദുർവ്യയം ചെയ്യപ്പെടുന്നു. ഇതൊരു ദേശീയ നഷ്ടമാണ്. ഈ സ്ഥിതി മാറ്റുന്നതിനും വിദേശ ഇന്ത്യാക്കാരുടെ സഹായം ഉൽപ്പാദനക്ഷമമായ മേഖലകളിൽ പ്രയോജനപ്പെടുത്തുന്നതിനുമുള്ള ദീർഘ വീക്ഷണത്തോടുകൂടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പ്രാദേശിക തലത്തിൽ ഗൾഫ് മലയാളികളുടെ സഹയത്തോടെ കാർഷികവ്യാവസായിക സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ തന്നെ ശ്രമം ആവശ്യമാണ്. തൊഴിലില്ലായ്മ രൂക്ഷമായ കേരളത്തിൽ ഇത്തരം സംരംഭങ്ങൾ അഭ്യസ്ഥ വിദ്യർക്ക് ഒരത്താണിയുമാകും.

അധ്വാനശീലരും സ്ഥിരോത്സാഹികളുമായ ജനങ്ങളാണ് ഈ പഞ്ചായത്തിൻെറ ഏറ്റവും വലിയ വിഭവ സമ്പത്ത്. ജനകീയ പങ്കാളിത്തത്തോടെയുള്ള സന്നദ്ധ പ്രവർത്തനത്തിലൂടെ മാത്രമേ അടിസ്ഥന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാവൂ. ജനകീയ സഹകരണത്തോടെ ഒരു ''വികനസ സന്നദ്ധ സേന'' രൂപീകരിച്ചാൽ ലക്ഷങ്ങൾ മുതൽ മുടക്കുള്ള

പല വികസന പരിപാടികളും നാമമാത്രമായ തുക കൊണ്ട് പൂർത്തീകരിക്കാൻ കഴിയും. ഔദ്യോഗികപദ്ധതികളെക്കാൾ ശീഘ്രതയും സുതാര്യതയും സന്നദ്ധ പ്രവർത്തനത്തിലൂടെയുള്ള വികസന പരിപാടികൾക്ക് കൈവരുന്നു. മാത്രമല്ല ചുരുങ്ങിയ ചെലവിലും കാലയളവിലും പദ്ധതികൾ നടപ്പിലാക്കാൻ കഴിയും. പ്രാദേശിക പ്രശ്നങ്ങളോടുള്ള വൈകാരിക ബന്ധം കൂടുതൽ കാര്യക്ഷമമായും ഗുണപരമായും ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കാൻ സന്നദ്ധ പ്രവർത്തകരെ പ്രേരിപ്പിക്കുന്ന ഘടകമാണ്.

നമ്മുടെ പഞ്ചായത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥ സവിശേഷ ശ്രദ്ധ പതിയേണ്ട ഒരു മേഖലയാണ്. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിലില്ല. ചെറുകിട വ്യവസായങ്ങൾ ഉള്ളവതന്നെ വായ്പാ സൗകര്യങ്ങളുടെ അപര്യാപ്തത, വൈദ്യുതി പ്രതിസന്ധി, വിപണന സൗകര്യങ്ങളുടെ അഭാവം എന്നിവ മൂലം രോഗഗ്രസ്തമാണ്. വിദേശ ഇന്ത്യക്കാരുടെ സഹായവും പൊതുമേഖലാബാങ്കുകളുടെ വായ്പയും ലഭ്യമാക്കാൻ കഴിഞ്ഞാൽ പ്രതികൂല സാഹചര്യങ്ങൾ ഏറെയുണ്ടെങ്കിൽപ്പോലും വ്യാവസായിക രംഗത്തേയ്ക്ക് കടന്നുവരാൻ തയ്യാറുള്ളവർ ഈ പഞ്ചായത്തിൽ ഏറെയുണ്ട്.

## ധനാഗമന മാർഗ്ഗങ്ങൾ

കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരാണ് ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും. ഒരു പരിധിയിൽ കവിഞ്ഞ നികുതി വർദ്ധന, അതുകൊണ്ടുതന്നെ പ്രായോഗികമല്ല. നികുതിയിതര വരുമാനങ്ങളുടെ യുക്തിസഹമായ വർദ്ധനവിലൂടെ മാത്രമേ ധനകാര്യ പ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയൂ. നിലവിലുള്ള നികുതികൾ ശാസ്ത്രീയവും നീതിപൂർവ്വകവുമാക്കുകയും പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കുകയാണ് നികുതിദാനം വഴി ചെയ്യുന്നത് എന്ന് ജനങ്ങളെ മനസ്സിലാക്കിക്കുകയും ചെയ്താൽ ഇക്കാര്യത്തിലുള്ള നികുതിദായകന്റെ വൈമുഖ്യം മാറ്റിയെടുക്കാൻ കഴിയും. ജനപ്രതിനിധികളും ജനകീയാസൂത്രണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന സന്നദ്ധ പ്രവർത്തകരും സംയുക്തമായി നികുതി ഒടുക്കാൻ വിമുഖത കാട്ടുന്നവരെ അതിൽ നിന്ന് പിന്തിരിപ്പിച്ച് നികുതി നൽകാൻ പ്രേരിപ്പിക്കുന്ന ജനസമ്പർക്ക പരിപാടികൾ ഓരോ വാർഡിലും സംഘടിപ്പിക്കുന്നത് നികുതിവരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായിക്കും. നകുതി പിരിക്കുന്നതിനുള്ള ഔദ്യോഗിക സംവിധാനം മെച്ചപ്പെടുത്തി സമയബന്ധിതമായി 100 % നികുതിപിരിവ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത് വിഭവസമാഹരണനടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനാവശ്യമാണ്.

## കെട്ടിട നികുതി

നികുതിയിനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഇനമാണിത്. കെട്ടിട നികുതിയിനത്തിൽ വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയവും നീതിയുക്തവുമായ നടപടികൾ സർക്കാരിന്റെയും പഞ്ചായത്ത് കമ്മറ്റിയുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതാണ്. ആഡംബരപൂർണ്ണവും അത്യാധുനിക സജ്ജീകരണങ്ങളുള്ളതുമായ ഭവനങ്ങൾക്ക് വർദ്ധിച്ച നികുതി ഈടാക്കണം. നിയമാനുസൃതമല്ലാതെ പണിയുന്ന വീടുകളുടെ ഉടമകിൽ നിന്ന് വർദ്ധിച്ച തോതിൽ പിഴ ഈടാക്കണം. കെട്ടിട നികുതി നിർണ്ണയിക്കുന്ന വ്യവസ്ഥകളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നത് നികുതി നിർണ്ണയത്തിലുള്ള അഴിമതി അവസാനിപ്പിക്കുന്നതിനും നടപടികൾ സുതാ

ദ്യമാക്കുന്നതിനും ഉപകരിക്കും. 382078.50 രൂപയാണ് 1995-96 ൽ ഈ പഞ്ചായത്തിലെ സാമ്പത്തിക വർഷത്തെ ഈ പഞ്ചായത്തിലെ കെട്ടിട നികുതിയിനത്തിലെ മൊത്തം വരുമാനം.

### *തൊഴിൽ നികുതി.*

സ്ഥിരവരുമാനക്കാരിൽ നിന്നും പഞ്ചായത്തിനു ലഭിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ നികുതി ഗവൺമെൻറ് ജീവനക്കാരിൽ നിന്ന് മാത്രമേ കൃത്യമായും സമയബന്ധിതമായും ഈടാക്കുന്നതിനു കഴിയുന്നുള്ളൂ. സ്വകാര്യ വ്യക്തികളുടെ കാര്യത്തിൽ കൃത്യമായ വരുമാനം ബോധിപ്പിക്കാത്തതിനാലും നികുതി കണക്കാക്കുന്നതിനുള്ള നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതിനാലും നികുതി പിരിവൽ കാര്യമായ ശോഷണം സംഭവിക്കുന്നു. ജന പ്രതിനിധികളുടെ നേതൃത്വത്തിലുള്ള നികുതി നിർണ്ണയം ഇക്കാര്യത്തിലെ വിഭവ സമാഹരണ വർദ്ധനവിന് അത്യാവശ്യമാണ്. വർദ്ധിത വരുമാനമുള്ളവരിൽനിന്നും വരുമാനത്തിനാനുപാതികമായി നികുതി ഈടാക്കുന്നതിനും കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും നടപടിയുണ്ടാകണം. 87555 രൂപയാണ് 1995-96 വർഷത്തെ മൊത്തം തൊഴിൽ നികുതി.

### *ലൈസൻസ് ഫീസ്*

കടകൾക്കും വ്യവസായവാണിജ്യ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് ലൈസൻസ് ഫീസ് ചുമത്തിയിട്ടുണ്ട്. നിലവിലുള്ള ലൈസൻസ് ഫീസ് നാമമാത്രവും അശാസ്ത്രീയവുമാണ്. ലൈസൻസ് നൽകുന്നതിലെ ഔദ്യോഗിക നൂലാമാലകൾ ലഘുകരിക്കുന്നതും കാലവിളംബം ഒഴിവാക്കുന്നതും നികുതിദായകരുടെ ഭാഗത്തു നിന്നും അനുഭാവപൂർണ്ണമായ സമീപനം ഉണ്ടാകുന്നതിന് സഹായകമാണ്. വളർത്തുമൃഗങ്ങളിൽ പട്ടിക്ക് ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും വേണ്ടത്ര പ്രചാരണം നടത്താത്തതിനാലും ജനങ്ങളുടെ അലംഭാവം മൂലവും നാമമാത്രമായി മാത്രമേ ലൈസൻസ് നൽകപ്പെട്ടിട്ടുള്ളൂ 1995 96ൽ ലൈസൻസ് ഫീസ് ഇനത്തിൽ 9532 രൂപയുടെ വരുമാനം പഞ്ചായത്തിന് ലഭിച്ചു.

സാമ്പത്തിക ശേഷിയുള്ള വ്യക്തികളുടെയും സംഘടനകളുടെയും ഉദാരമായ സംഭാവനകൾ പഞ്ചായത്തിൻെറ പൊതുനൻമ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് അത്യാവശ്യമാണ്. ഇതിനായി ബന്ധപ്പെട്ടവരുടെ സഹായം തേടുന്നതിന് പഞ്ചായത്ത് കമ്മിറ്റി ശ്രമിക്കേണ്ടതാണ്. ഭരണച്ചെലവ് കുറച്ചും അധിക വിഭവ സമാഹരണം നടത്തിയും വികസന പ്രവർത്തനങ്ങൾ സമ്പൂർണ്ണ വിജയത്തിലെത്തിക്കുവാൻ ശ്രമിക്കണം.



| | വരവ്-ചെലവ് കണക്ക് (1995-96) | | | |
|---|---|---|---|---|
| ഇനം | 1991-92 | 1995-96 | വ്യത്യാസം | % |
| തനത് വരുമാനം | 290324.10 | 1126619.45 | 836295.35 | 288 |
| കെട്ടിട നികുതി | 360070.80 | 382078.50 | 22007.7 | 6.11 |
| വിനോദനികുതി | - | - | - | |
| തൊഴിൽ നികുതി | 56243 | 87555 | 31312 | 55.67 |
| ഉപാധി രഹിത ഫണ്ട് | 96000 | 173600 | 77600 | 80.83 |
| എസ്. സി. പി. | 54000 | 101400 | | 87.77 |
| ജെ.ആർ.വൈ. | 354090 | 246386 | 107704 | 30.41 |
| ഗ്രാൻറുകൾ, സംഭാവനകൾ | 86932 | 681947 | 595015 | 684.42 |
| ആകെ വരവ് | 1297659.90 | 2799585.95 | 1501926.05 | 115 |
| ചെലവ് എസ്റ്റാബ്ലിഷ് മെൻറ് | 306272 | 540733 | 234461 | 76.55 |

## ചെലവ് വികസന പ്രവർത്തനം സംബന്ധിച്ച് (1995-96)

| നമ്പർ | ഇനം | തുക |
|---|---|---|
| 1 | പൊതുമരാമത്ത് | 473411 |
| 2 | വിദ്യാഭ്യാസം | 21234 |
| 3 | ജലവിതരണം, ഓടകൾ, പൊതു ജനാരോഗ്യം | 28041 |
| 4 | മറ്റുള്ളവ | 150873 |
| | ആകെ | 673559 |

## പെരിങ്ങര ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന്

## ഭരണസമിതി അംഗങ്ങളെ സഹായിച്ചവർ

1. പി.എൻ. നമ്പൂതിരി
2. ബലഭദ്രൻ
3. കെ.കെ. കുഞ്ഞുകൃഷ്ണൻ
4. കെ.കെ. കുര്യൻ
5. പി.എം. മാത്യൂ
6. ഏബ്രഹാം വർക്കി
7. ജോയിവർഗ്ഗീസ്
8. മോഹൻദാസ്
9. വർഗ്ഗീസ് ജോൺ
10. ബി.കെ. മാധവൻ
11. സദാശിവപ്പണിക്കർ
12. ഗോപിനാഥൻ നായർ
13. എം.വി. ജോസഫ്
14. ജേക്കബ് ചെറിയാൻ
15. ജനാർദ്ദനക്കുറുപ്പ്
16. റിനോ
17. പ്രമോദ്ഇളമൺ
18. പെരിങ്ങര രാധാകൃഷ്ണൻ
19. ഏബ്രഹാം കുര്യൻ
20. സി. കെ. മാത്യൂ
21. ജയിംസ് ആറുപറ.

കേരളത്തിലെ ഗ്രാമ ഭരണത്തിന്

ഉൽക്കർഷത്ത് നയിക്കുന്ന

പഞ്ചായത്തിരാജിന്റെ സന്ദേശം

ജനങ്ങളിലേക്കെത്തിക്കുന്ന

ഒരു സർക്കാർ പ്രസിദ്ധീകരണം

# പഞ്ചായത്തിരാജ് മാസിക

*വായിക്കുക............ സഹകരിക്കുക..................*

426

അധികാരം ജനങ്ങളിലേക്ക്

National Offset Printers, Perumthuruthy, Thiruvalla